
SINCE 1976

# ഐക്യദീപം

വില ₹ 10

ഒക്ടോബർ 2017



INFANT JESUS EDUCATIONAL AND CHARITABLE TRUST (R)

# JOSCO INSTITUTIONS

INFANT JESUS CAMPUS, NELAMANGALA, BANGALORE - 562123

Phone : +91-80-277 25950, 27725792, Mob:+91 98453 76030

web:www.joscoinstitution.org, e-mail : joscoinstitutions@gmail.com

(Recognised by Govt.of Karnataka, Indian Nursing Council, New Delhi, Karnataka State Nursing Council and Affiliated to Rajiv Gandhi University of Health Sciences, Bangalore and Bangalore University)

Established in 2004

**Recognised by :**

**INDIAN NURSING COUNCIL FOR 2017-18**

**NO DONATION**

**SCHOLARSHIP FOR MERIT STUDENTS**

## BPT ( BACHELOR OF PHYSIOTHERAPY )* - 4 years

## G.N.M - 3 years

(Eligibility : 10 + 2 pass in any subject)






## B.Sc. (N) - 4 years

(Eligibility : 10 + 2 pass in with physics, chemistry, biology and english with 45% agreegate)



Mr. K. L. JOSEPH
FOUNDER





Adv. SAJU T. JOSEPH
CHAIRMAN

## POST BASIC B.SC NURSING - 2 years

(Eligibility : 10 + 2 pass in with physics, chemistry, biology /Maths and english with 45% agreegate)

## M.Sc. (N) - 2 years

(Eligibility : B.Sc Nursing with 55% & 1 year experience or PC B.Sc Nursing with 55% )




100 % results achieved in B.Sc. Nurisng and GNM annual Examination during September 2016

•Winner of Indira Gandhi Sadbhavana Award •Christian Malayalee Management •Qualified & Experienced Principals & Dedicated Malaylee Tutors •Holy Mass is conducting every week inside the college campus •Clinical Training at Parent Hospitals & Govt. Hospitals •Serparate Campus for School and College •Spacious Class room and Well equipped Laboratory •Library with Internet Facility •Own Transport Facility •Serparte Hostel for Boys & Girls •Usage of Mobile Phone is strictly banned •Kerala Style Veg / Non Veg. Food •IELTS & CGFNS Coaching Classes provided

For Admissions Contact : Adv. SAJU T. JOSEPH (Chairman) + 91 98453 76030, +91 9620636768

Mr. K. L. JOSEPH (Founder) + 91 93499 79846



ഒക്ടോബർ 2017
പുസ്തകം 50 ലക്കം 10

# ഐക്യദീപം


രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

സഹ. രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ**

ചീഫ് എഡിറ്റർ
**റവ. ഡോ. എബ്രഹാം ഇരുമ്പിനിക്കൽ**

പ്രസാധകൻ
**റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**


മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**അജി കുതിരവട്ടം**

ഓഫീസ് സെക്രട്ടറി
**ബ്രദർ ജോൺ പുറത്തൂട്ട്**

ഓഫീസ് സ്റ്റാഫ്
**ചിന്നു എൽസ ഐസക്**


## ഉള്ളടക്കം






13 അനുഗൃഹീത വഴികളിലൂടെ
ഗീവർഗീസ് മാർ മക്കാറിയോസ്

7 ദൈവസ്നേഹം പങ്കുവയ്ക്കുന്ന ഇടയൻ
ഫിലിപ്പോസ് മാർ സ്തേഫാനോസ്







17 ദൈവത്തിന്റെ കാരുണ്യം – സർവ്വപ്രധാനം
യൂഹാനോൻ മാർ തിയോഡോഷ്യസ്

20 നക്ഷത്രശോഭയുള്ള ജീവിതം
മോൺ. പീറ്റർ കോച്ചേരി





Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
AndhraBank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Press, Ernakulam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla@gmail.com

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1. Phone: 0469-2600626
E-mail : aikyadeepamtvla@gmail.com



# സ്നേഹത്തിന്റെ കിരീടം ധരിച്ച ഇടയൻ

സ്തേഫാനോസ് എന്ന ഗ്രീക്ക് നാമത്തിനർത്ഥം 'കിരീടം' എന്നാണ്. തിരുവല്ല അതിരൂപതയുടെ സഹായമെത്രാനായി തുടരുന്ന കാലത്ത് ഹൈറേഞ്ചിലെ പ്രവർത്തനങ്ങളാൽ മനുഷ്യസ്നേഹത്തിന്റെ ആൾരൂപമായി മാറിയ സ്തേഫാനോസ് പിതാവിന് മറ്റെന്തു പേരാണ് ചേരുക. 1980 കളിൽ വൈദികനായി തുടങ്ങിയ മിഷൻ പ്രവർത്തനങ്ങൾ പിന്നീട് ഉത്തരേന്ത്യയിലേക്ക് വ്യാപിച്ചു. നിറഞ്ഞ പുഞ്ചിരി, സൗഹൃദപൂർവ്വമായ പെരുമാറ്റം, ഏതു പ്രതിസന്ധിഘട്ടത്തെയും അതിജീവിക്കാനുള്ള നയതന്ത്രമികവ് അതിനെല്ലാമുപരി ഇടപെടുന്ന ആരിലും ദൈവാത്മാവിനെ നിറയ്ക്കാൻ കഴിയുന്ന ദൈവമനുഷ്യൻ.

പതിവുശൈലികളുടെ മതിലുകളിൽ സ്വയം തളയ്ക്കാത്ത ക്രിയാത്മകതയുടെ വക്താവ്. സെമിനാരി റെക്ടറായി തിരുവനന്തപുരത്ത് ഉണ്ടായിരുന്നപ്പോഴും, പുഷ്പഗിരിയിലും സർഗ്ഗശേഷിയാൽ ചുറ്റുമുള്ളവർക്ക് ആവേശം നൽകുന്ന നല്ല ഇടയൻ. ഇടുക്കിയുടെ ഗ്രാമീണമേഖലയെ സ്വയംപര്യാപ്തതയുടെ നല്ലപാഠം ശീലിപ്പിക്കാൻ പച്ചമണ്ണിൽ ചവുട്ടിനിന്ന വർഷങ്ങൾക്ക് താത്കാലികവിരാമം ഇടുമ്പോൾ ബാക്കിവെയ്ക്കുന്നത്, അനുകരണീയമായ ഒരു 'സ്തേഫാനോസ് വികസനമാതൃക' ആണ്. വ്യക്തിബന്ധങ്ങളിലൂടെ സമൂഹനിർമ്മിതി സാധ്യമാക്കുന്ന നല്ല ഇടയന്റെ മാതൃക ഇനി ഐക്യനാടുകളിലെ പ്രവാസിമക്കൾക്ക് ഊർജ്ജമാകും എന്നതിൽ തർക്കമില്ല.


പാറശ്ശാല രൂപതയുടെ പ്രഥമ മെത്രാൻ യൗസേബിയോസ് പിതാവിന് എല്ലാ പ്രാർത്ഥനാശംസകളും ഐക്യദീപം അർപ്പിക്കുന്നു. നോർത്ത് അമേരിക്ക- കാനഡ എക്സാർകേറ്റിന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളെല്ലാം നേടുന്നതിനും പുതുതലമുറയെ സഭയോട് ചേർക്കുന്നതിനും പിതാവ് ശ്രദ്ധിച്ചു.

വന്ദ്യ മക്കാറിയോസ് പിതാവ് സത്യസന്ധമായ പെരുമാറ്റത്താൽ ആരിലും സ്വാധീനം ചെലുത്തുന്ന ഇടയശ്രേഷ്ഠനാണ്. മനുഷ്യനെയും പ്രകൃതിയെയും സ്നേഹിക്കുവാൻ അദ്ദേഹത്തിനറിയാം. പുത്തൂർ രൂപതയുടെ ഉയിർത്തെഴുന്നേൽപ്പിന് ദൈവം നിയോഗിച്ച പ്രവാചകനാണ് മക്കാറിയോസ് തിരുമേനി.

തിയോഡോഷ്യസ് പിതാവിലൂടെ പ്രവാസികളായ അനേകർക്ക് ദൈവകൃപ ലഭ്യമാക്കുന്നതിന് ദൈവം അവസരം ഒരുക്കും എന്നതിനു സംശയമില്ല. സ്നേഹപൂർവ്വം ഇടപെടുന്ന നല്ല ഇടയനായി അദ്ദേഹം ശോഭിക്കട്ടെ.

ചീഫ് എഡിറ്റർ
**ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ**



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്**

# ദൈവാനുഗ്രഹത്തിന്റെ നാളുകൾ... ഉത്തരവാദിത്വങ്ങൾ ഏറെ !

ഭാരതസഭ ഏറെ സഹനത്തിന്റെ നാളുകളിലൂടെ കടന്നു പോകുന്നു എങ്കിലും കർത്താവിന്റെ അത്ഭുതകരമായ ഇടപെടലുകൾ നമ്മെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് നമ്മെ സംരക്ഷിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന വസ്തുത നമുക്കു ശക്തിയാണ്. കഴിഞ്ഞ 12-ാം തീയതി ബഹു. ടോം ഉഴുന്നാലിൽ അച്ചൻ ഒന്നര വർഷത്തെ അജ്ഞാത തടവറ വാസത്തിൽ നിന്നും മോചിതനായി നമ്മോടുകൂടി ദൈവത്തിന്റെ കരുണയെയും സംരക്ഷണത്തെയും കുറിച്ചു സാക്ഷിക്കുവാൻ ഇതാ ദൈവം കൂട്ടികൊണ്ടു വന്നിരിക്കുന്നു. സർവ്വലോകത്തിനും സന്തോഷത്തിന്റെ സദ്വാർത്തയായിരുന്നു വന്ദ്യ ടോം അച്ചന്റെ മോചനം. പ്രാർത്ഥനയും ഉപവാസവും ഒക്കെ ആയുധമാക്കി ദൈവജനം അച്ചന്റെ മോചനത്തിനുവേണ്ടി ഒരുക്കിയ ത്യാഗങ്ങളെ ദൈവം കേട്ടു. തട്ടിക്കൊണ്ടുപോയവർക്കു മാനസാന്തരം നൽകിയ തമ്പുരാന്റെ വലിയ ഇടപെടലിനായി നമുക്കു ദൈവത്തെ സ്തുതിക്കാം. ബാംഗ്ലൂരിലെ ഇ. ആ. ഇ. ക മീറ്റിംഗിൽ വച്ച് അച്ചനെ കേൾക്കുവാനും അനുഗ്രഹങ്ങൾ സ്വീകരിക്കുവാനും എനിക്കും അവസരം ലഭിച്ചു. തന്റെ പങ്കുവയ്ക്കലിൽ ഉടനീളം ഉണ്ടായിരുന്ന പരാമർശം യേശുനാമസ്തുതിയായിരുന്നു. വളരെ സാഹസികമായ രീതിയിലാണ് നിശ്ചയദാർഢ്യത്തോടെ ഏദനിലെ മദർതെരേസാ സന്യാസിനികളെ സഹായിക്കുവാൻ അച്ചൻ പോയത്. കർത്താവിനുവേണ്ടി എന്തും ത്യജിക്കുന്നതിൽ സന്തോഷം കണ്ടെത്തിയ ഈ സഹോദരൻ ഈ നാളുകളിലൊക്കെ തടവറയിൽ കഴിഞ്ഞ് ആത്മികമായ കുർബ്ബാന അർപ്പണം നടത്തുകയും ലോകത്തെയും സഭയേയും ഓർത്ത് പ്രാർത്ഥിക്കുകയും ആയിരുന്നു. ഏതു തടവറയിലേക്കും കടന്നുവരുന്ന ദൈവപുത്രന്റെ സ്നേഹം, ആശ്ലേഷം, സാന്നിദ്ധ്യം, ശക്തി ഇവ നേടിയെടുത്താണ് അച്ചൻ നമ്മുടെ ഇടയിലേക്കു വന്നിരിക്കുന്നത്.



ഏതു സാഹചര്യത്തിലും നമ്മുടെ ദൈവം അബ്രഹാമിന്റെ ദൈവം, ഇസഹാക്കിന്റെ ദൈവം യാക്കോബിന്റെ ദൈവം നമ്മോടുകൂടിയുണ്ട്. അതുകൊണ്ട് നമുക്കു പ്രത്യാശകൊണ്ടു നിറയാം. കണ്ണീരിന്റെയും വേദനയുടെയും നാളുകൾ സന്തോഷത്തിന്റെ നാളുകൾക്കു വഴിമാറികൊടുക്കും.

നാഥന്റെ ഭാഗധേയം അനുഭവിക്കുവാൻ ഇടയാകുന്ന സന്ദർഭങ്ങളിൽ നഷ്ടധൈര്യരാവാതിരിക്കുവാൻ ശ്രദ്ധിക്കാം. 'കർത്താവു നിനക്കു കഷ്ടതയുടെ അപ്പവും

ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരുനിന്നിൽ നിന്നും മറഞ്ഞിരിക്കുകയില്ല'. കഠ 30/20 നമ്മെ മാനസാന്തരപ്പെടുത്തുകയും തന്നോടു നമ്മെ ബന്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് തന്റെ ശിക്ഷണത്തിന്റെ ലക്ഷ്യം എന്ന് കർത്താവു വെളിപ്പെടുത്തുന്നു. ക്രൈസ്തവർ ആയി എന്നതിന്റെ പേരിൽ നീതിനിഷേധിക്കുകയും ഭൂമിയുടെമേൽ ഉള്ള അധികാരങ്ങൾ കവർന്നെടുക്കുകയും ചെയ്യുന്ന സംഘടിതമായ ഔദ്യോഗിക പ്രവർത്തനങ്ങൾ നടക്കുമ്പോഴും യേശുക്രിസ്തുവിലുള്ള വിശ്വാസം അചഞ്ചലമായി പ്രഖ്യാപിച്ച് ജീവിക്കുന്ന ദളിതരേയും ആദിവാസികളെയും നമുക്ക് ആദരവോടേ കാണാൻ കഴിയൂ. 'സ്വർഗ്ഗസ്ഥ പിതാവനുവദിക്കാതെ നിന്റെ തലയിലെ ഒരു മുടിനാരു പോലും എന്റെ അനുവാദമില്ലാതെ കൊഴിയുന്നില്ല' എന്ന കർത്താവിന്റെ അരുളപ്പാടു നമുക്കുശക്തി പകരട്ടെ.

അമേരിക്കൻ ഐക്യനാടുകളിലെ മലങ്കര സഭയുടെ വളർച്ചയും ആത്മികമുന്നേറ്റവും പ്രത്യേകം പ്രതിപാദിക്കേണ്ടവതന്നെ. ജോലിക്കും അൽപ്പംകൂടി മെച്ചപ്പെട്ട ജീവിതസന്ധാരണത്തിനും ആയി 60 കളിൽ തന്നെ മലങ്കര മക്കളും കുടിയേറി തുടങ്ങി. ആ കാലഘട്ടങ്ങളിലെ മക്കളുടെ കഷ്ടപ്പാടും പ്രതികൂലമായവയൊക്കെ അനുകൂലമാക്കി തങ്ങൾക്കും തങ്ങളുടെ കുടുംബങ്ങൾക്കും ആശ്രിതരായവർക്കും വലിയ അനുഗ്രഹമായി തങ്ങളെ തന്നെ നൽകിയ ഇവർക്ക് ഊർജ്ജമായിരുന്നത് ദൈവാശ്രയവും തളരാത്ത നിശ്ചയദാർഢ്യവും ആയിരുന്നു. അന്യോന്യം സഹായിച്ചും പിന്താങ്ങിയും ഈ മക്കൾ ഈ വലിയ കൂട്ടായ്മയ്ക്ക് ഊടും പാവും നെയ്തു. ഈ മക്കളുടെ ആത്മിക കാര്യങ്ങൾ നോക്കുവാനും അവരെ ക്രിസ്തീയ വിശ്വാസത്തിൽ അടിയുറപ്പിച്ച് മുൻപോട്ടുകൊണ്ടുപോകാനും പരിശ്രമിച്ച വൈദികമേലദ്ധ്യക്ഷന്മാരും വൈദികരും സന്യസ്തരും ഉദാത്തമായ നേതൃത്വവും ആവേശവുമാണ് പകർന്നത്. പഠനത്തിനായും ഇതര സഭകളിലെ ശുശ്രൂഷകൾ നിർവ്വഹിക്കുവാനും കടന്നുവന്ന വൈദികരും സന്യസ്തരും സഭയെ കെട്ടിപ്പടുക്കുന്നതിന് അതിയായി ശ്രദ്ധിച്ചു. ഊർജ്ജസ്വലരായ അത്മായ സഹോദരങ്ങൾ തങ്ങളുടെ ചുറ്റുപാടുകളിൽ പ്രാർത്ഥനാകൂട്ടായ്മകളായും പ്രധാന തിരുന്നാളുകളിൽ വി. കുർബ്ബാനയ്ക്കായി ഒത്തുചേരുകയും ചെയ്തുകൊണ്ട് ശ്രമകരമായി തന്നെ നമ്മുടെ സഭയ്ക്ക് അമേരിക്കയിൽ വേരോട്ടം ഉണ്ടാക്കി. ആരുടെയും പേരുകൾ പരാമർശിക്കുന്നില്ലെങ്കിലും ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനെ പ്രത്യേകം സ്മരിക്കുന്നു. പിതാവിന്റെ ഇടയശുശ്രൂഷയുടെ കാലത്താണ് ഔദ്യോഗികമായി അമേരിക്കയിൽ മലങ്കര കത്തോലിക്കാ സഭയുടെ ഇടവകകളും കൂട്ടായ്മകളും ആരംഭിക്കുന്നത്.

ഈ പ്രദേശത്തെ മക്കളെയും അവരുടെ ജീവിതങ്ങളെയും കുറെയെങ്കിലും മനസിലാക്കാൻ കഴിഞ്ഞു എന്ന നിലയിൽ ഏതാനും ചിലകാര്യങ്ങൾകൂടി ചിന്തയ്ക്ക് വിഷയീഭവിക്കുന്നു.

**1.** യുവജനങ്ങളും കുട്ടികളും : സഭയുടെ ഭാവി തീർച്ചയായും യുവതലമുറയിലും കുഞ്ഞുങ്ങളിലുമാണ്. സഭയുടെ വ്യക്തിത്വം അതിന്റെ ആരാധനാ പൈതൃകത്തിലാണ്. ഈ മക്കളെ മലങ്കര സഭയുടെ ആത്മികവും പൊതുവായുള്ളതുമായ പൈതൃകം പരിചയപ്പെടുത്തുകയും അവ ആചരിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. നമ്മുടെ മക്കൾക്ക് സ്ഥായിയായ മതബോധനം നൽകേണ്ടതും ജീവിതത്തിൽ ക്രിസ്തുവിൽ വിശ്വസിക്കുന്നതിന്റെ അടിസ്ഥാനമൂല്യങ്ങൾ സ്വായത്തമാക്കാൻ സഹായിക്കുകയും ചെയ്യണം. ഈ മേഖലയിലാണ് ഇന്ന് വലിയ അന്തരം നാം കണുന്നത്. പറയുന്നതും ജീവിക്കുന്നതും തമ്മിലുള്ള വിടവ്. അമേരിക്കയിലെ പൊതുസംസ്കാരത്തിലെ നന്മകൾ സ്വാംശീകരിക്കുന്നതോടൊപ്പം അടിസ്ഥാനപരമായ ഈ ക്രിസ്തീയ മുല്യങ്ങൾകൂടി ഉൾപ്പെടണം. സ്വാതന്ത്ര്യത്തിന്റെയും വ്യക്തിത്വതനിമയുടെയും സമ്മർദ്ദത്തിൽ ക്രിസ്തുവും ക്രിസ്തുമൂല്യങ്ങളും നഷ്ടപ്പെടാൻ പാടില്ലാത്തതാകുന്നു. നമ്മുടെ ഇടവകയും കുടുംബവും ഒരുപോലെ ഈ കാര്യങ്ങൾ പ്രധാനമായി കണ്ട് അതനുസരിച്ച് ജീവിക്കുവാൻ ശ്രമിച്ചാൽ നമ്മുടെ കുഞ്ഞുങ്ങളെയും യുവതലമുറയെയും നമുക്കു സ്വാധീനിക്കുവാൻ കഴിയും.

**2.** നമ്മുടെ സഭാമക്കളിൽ പൊതുവെ വിദ്യാഭ്യാസമുള്ളവരും സാമ്പത്തികമായി ഇടത്തരക്കാരുമാണ് കുടിയേറിയതിൽ മുഖ്യപങ്കും. ആയതുകൊണ്ട് സഭയുടെ ഒരു creamy section ആണ് അവർ. സഭയുടെ ഭാവിയും സഭയുടെ മുന്നേറ്റവും ഏറെ ഈ മക്കളെയും ഇവരുടെ മനോഭാവങ്ങളെയും ആശ്രയിച്ചാണ്. സഭയുടെ മുഴുവനുമുള്ള ഒരു ഉത്തരവാദിത്വത്തിലേക്ക്

*(ശേഷം 32-ാം പേജിൽ)*

# ദൈവസ്നേഹം പങ്കുവയ്ക്കുന്ന ഇടയൻ
# ഫിലിപ്പോസ് മാർ സ്തേഫാനോസ്



**എല്ലാവരോടും സൗഹാർദ്ദപൂർവ്വം ഇടപെടാൻ കഴിയുന്നതെങ്ങനെ?**

ഈ സൗഹൃദത്തിന്റെ സ്വഭാവരീതി, അത് ദൈവത്തിന്റെ ദാനമായിട്ട് ഞാൻ കാണുകയാണ്. എന്റെ മേജർ സെമിനാരിയിലെ റെക്ടർ ഫാ. തിയോ ദി ഷയിൽസ് വിലയിരുത്തൽ നടത്തിയപ്പോൾ പറഞ്ഞ ഒരു നിരീക്ഷണം ഞാനോർക്കുന്നു. 'stephen has an ability to relate people and has a quality to continue it and maintain it' .എന്റെ റെക്ടറച്ചൻ പറഞ്ഞപ്പോൾ എന്റെ സ്വഭാവത്തിലുള്ള ഒരു നിരീക്ഷണവും വ്യാഖ്യാനവുമായിട്ട് അന്നാണെനിക്ക് ആദ്യമായി തോന്നിയത്, അത് എന്റെ ഒരു പ്രത്യേക ഗുണമാണെന്ന്. ദൈവം തന്ന സ്വഭാവം എന്നതിനപ്പുറം വളരെ ബോധപൂർവ്വം ആർജിച്ചെടുത്ത രീതിയല്ല. അത് സ്വതസിദ്ധമായിട്ട് വന്നുകൊണ്ടിരിക്കുന്നു.

ഞാൻ മെത്രാനായെങ്കിലും, പ്രത്യേകമായിരിക്കുന്ന അധികാര സിംഹാസനം ഇല്ലാതിരുന്നതുകൊണ്ട് ഈ സ്വഭാവരീതി നിലനിർത്താൻ ബുദ്ധിമുട്ടൊന്നും ഉണ്ടായിരുന്നില്ല. നമുക്ക് ബോധപൂർവ്വമായ ഒരു അകൽച്ച നിലനിർത്തണം, കാത്തു സൂക്ഷിക്കണം എന്ന സാഹചര്യം വരുമ്പോഴാണ് നാം ഒരു 'ലക്ഷ്മണരേഖ' കാത്തു സൂക്ഷിക്കുന്നത്. അല്ലാ

തെ ഒരു അധികാരത്തിന്റെ നിയതമായിരിക്കുന്ന ശൈലികളൊന്നും സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായിട്ടല്ല. അതുകൊണ്ട് മെത്രാൻ ആയശേഷം എനിക്ക് ബുദ്ധിമുട്ടൊന്നും ഉണ്ടായില്ല.

**എല്ലാവരെയും കുറിച്ച് നല്ലതു പറയുന്ന രീതി**

ഒരു പക്ഷേ, അതിനകത്ത് ദർശനപരമായ ഒരു കാഴ്ചപ്പാടുണ്ട്. എല്ലാ മനുഷ്യർക്കും അന്തസ്സുണ്ട്, അഭിമാനമുണ്ട്. അവരുടെ സാമ്പത്തിക, കുടുംബ, വിദ്യാഭ്യാസ, സൗന്ദര്യ പശ്ചാത്തലം എന്തുമായിക്കോട്ടെ. അവരെ നമ്മൾ ആദരിക്കേണ്ടവരാണ്, എന്നുള്ളതായിരിക്കണം വലിയ പ്രബോധനം. അതിന് എനിക്ക് കൂടുതൽ പ്രചോദനമായിരുന്നത് വി. മദർതെരേസയുടെയും വി. ജോൺ പോൾ രണ്ടാമന്റെയും സമീപനമാണ്. നാം വ്യവസ്ഥ കൂടാതെ സ്നേഹത്തിന്റെയും കരുതലിന്റെയുമായ ഒരു സ്വഭാവരീതി ആർജിച്ചെടുക്കുക, ആദ്ധ്യാത്മികമായിട്ടും സമർപ്പണമായിട്ടും അതിനെ സ്വീകരിക്കുക എന്നതാണ്. അതിൽ നിയന്ത്രണം വരുത്തുമ്പോഴാണ് എനിക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നത്. സ്വാഭാവികമായി അങ്ങ് വന്നു പോകും. വണ്ടി ഓടിക്കുന്നവർക്ക് ഓടിച്ച് ശീലിച്ചു കഴിഞ്ഞാൽ സ്വാഭാവികമായി നമ്മൾ ഗിയർ ഒക്കെ മാറ്റി ഇട്ടിട്ട് പോകും.

കേരളീയ പശ്ചാത്തലത്തിൽ, മാതാപിതാക്കൾ മക്കളെപ്പറ്റി നല്ല കാര്യങ്ങൾ എപ്പോഴും പറയാറില്ല. അവരുടെ ഉള്ളിലുണ്ട്. അതിനെപ്പറ്റി അവർക്ക് സന്തോഷമാണ്. അതുപോലെ കുടുംബ സാമൂഹ്യ സാഹചര്യത്തിലൊക്കെ നന്ദി പറയാനും നല്ല വാക്കു പറയുവാനും നമുക്കു വിമുഖത ആണ്. നന്ദി ഇല്ലാഞ്ഞിട്ടല്ല; നാം അങ്ങനെ ഒരു സംസ്കാരം സ്വീകരിച്ചിട്ടില്ല. ഒരു പക്ഷെ എനിക്ക് ആർജിച്ചെടുക്കാൻ സാധിച്ചത് സെമിനാരി പരിശീലനകാലഘട്ടത്തിലാണ്.

നമ്മളെല്ലാം 'We take things for granted'. എന്നാൽ അതല്ല പ്രകടിപ്പിക്കേണ്ട കാര്യങ്ങൾ നമ്മൾ പ്രകടിപ്പിക്കേണ്ടിയിരുന്നു. സ്നേഹം കാണിക്കേണ്ടിയിരുന്നു. ഈ കാര്യങ്ങൾ സാഹചര്യം നോക്കി വേണം പറയുവാൻ; എന്നാൽ നല്ല കാര്യങ്ങൾ ഏതു സമയത്തും പറയാം. അതാണ് എന്റെ കാഴ്ചപ്പാട്. എങ്കിലും ന്യൂനതകൾ ഉണ്ടെങ്കിൽ അത് രഹസ്യമായി പറയുക. പരസ്യമായി പറഞ്ഞ് അവർക്ക് ഒരു മുറിവുണ്ടാക്കുന്നതിനേക്കാൾ നല്ലത് രഹസ്യമായി പറയുന്നതാണ്. അവർക്ക് ഒരു നന്മയുണ്ടെങ്കിൽ അത് പരസ്യമായി പറഞ്ഞ് അഭിനന്ദിക്കുകയാണ് ചെയ്യേണ്ടത്.

ചെറിയ കാര്യങ്ങൾ ആണെങ്കിലും അവ ആഘോഷിക്കുന്നത് സന്തോഷമാണ്. അത് ആഘോഷത്തിനുവേണ്ടിയുള്ള ആഘോഷമല്ല. വ്യക്തികളെ ആദരിക്കുന്നതിലൂടെ സമൂഹത്തിന്റെ



ആനന്ദത്തെ വർദ്ധിപ്പിക്കുന്നു. വ്യക്തികൾക്ക് ആനന്ദം കൊടുക്കുമ്പോൾ ആ ആനന്ദം അനുഭവിക്കാൻ സാധിക്കുന്നു. ആ ആനന്ദം അറിയാതെ തന്നെ കുടുംബത്തിലും പ്രവർത്തന മേഖലകളിലും വിന്യസിക്കപ്പെടുന്നു. ഇത് പ്രത്യേകമായി ദൈവം തന്ന ഒരു സമ്മാനമാണ്.

വ്യക്തിബന്ധങ്ങളിൽ നല്ലത് കാണാൻ ശ്രമിക്കാറുണ്ട്. 'Administrative management' വിഷയത്തിൽ അതിന്റെ തിന്മകൂടി കാണാൻ ശ്രമി



ക്കാറുണ്ട്. പ്രത്യേകിച്ചും തീരുമാനങ്ങൾ എടുക്കുമ്പോൾ ആ തീരുമാനങ്ങളിലെ മറുവശം അതിൽ ഉണ്ടാകാവുന്ന നല്ലവശം മാത്രമല്ല, തിന്മയുടെ വശം കൂടി കാണാൻ ശ്രമിക്കാറുണ്ട്. അത് സാമ്പത്തിക കാര്യങ്ങളിലായാലും, വ്യക്തിബന്ധങ്ങളിലായാലും സഭാ കാര്യങ്ങളിലായാലും ന്യൂനതകൾ കണക്കിലെടുക്കുന്ന ഒരു രീതി രൂപീകരിച്ചിട്ടുണ്ട്. അതും ദൈവത്തിന്റെ ദാനമാണ്. വ്യക്തിബന്ധങ്ങളിലെ ന്യൂനതകൾ നോക്കാറില്ല. അത് ദൈവത്തിനു വിട്ടുകൊടുക്കുന്ന കാര്യമാണ്. മാർപ്പാപ്പ പറയുന്നുണ്ട്. അവരെ വിധിക്കാൻ ഞാൻ ആരാണ്. മുൻവിധി കൂടാതെ വളരെ തുറന്ന സമീപനത്തിൽ സ്വീകരിക്കുക, ബന്ധപ്പെടുക എന്നുള്ളതാണ്.

**മിഷൻ പ്രവർത്തനങ്ങൾ**

വൈദിക ജീവിതത്തിന്റെ ആരംഭം മിഷൻ മേഖലകളിലാണ്. അത് വൈദിക പരിശീലനത്തിന്റെ ഒരു സർവ്വകലാശാല തന്നെയായിരുന്നു. വൈദിക ജീവിതത്തിന് ആവശ്യമായിരിക്കുന്ന അടിസ്ഥാന ദർശനങ്ങളും അജപാലന സമീപനങ്ങളും കൊള്ളേണ്ടത് ദൈവജനത്തിൽ നിന്നാണ്, ദൈവജനത്തിന്റെ സാഹചര്യത്തിൽ നിന്നാണ് , അവരുടെ പ്രതീക്ഷകളിൽ നിന്നാണ്, ദൈവജനത്തിൽ നിന്നാണ്, ദൈവജനത്തിന്റെ സാഹചര്യത്തിൽ നിന്നാണ്, അവരുടെ പ്രതീക്ഷകളിൽ നിന്നാണ് എന്നത് എന്നെ സ്വാധീനിച്ചിട്ടുള്ളതാണ്.

ഹൈറേഞ്ചിൽ ഞാൻ എൺപതുകളിലാണ് മിഷൻ പ്രവർത്തനത്തിനായി ചെല്ലുന്നത്. പല ഭവനങ്ങളും പുല്ല് മേഞ്ഞതായിരുന്നു. പല വീടുകളിലും ഇരിക്കാൻ ഇരിപ്പിടമില്ലായിരുന്നു. ചാർത്തിലൊക്കെ ഇരിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. ഭക്ഷണം കഴിക്കാതെ വീടു സന്ദർശനം നടത്തിയിട്ടുണ്ട്. മനുഷ്യന്റെ പരുപരുത്ത ജീവിത യാഥാർത്ഥ്യങ്ങളുടെ കണ്ടുമുട്ടൽ വൈദിക ജീവിതത്തിന്റെ മിഷനറി പ്രവർത്തനത്തെ സ്വാധീനിച്ചിട്ടുണ്ട്.

മലങ്കരസഭയുടെ വളർച്ച മിഷൻ വളർച്ചയിലൂടേ ഉള്ളൂ എന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ പൂർവ്വപിതാക്കന്മാരൊക്കെ അതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ജനങ്ങളില്ലാതെ സഭയില്ല. ജനങ്ങളിലൂടെയാണ് ദൈവരാജ്യം വളരേണ്ടത്. നമ്മുടെ കൂട്ടായ്മയിലേക്ക് കൂടുതൽ ആളുകൾ കടന്നുവരിക നമ്മുടെ മിഷന് ആവശ്യമാണ്.

പിതാക്കന്മാരൊക്കെ ഏതൊരു പ്രദേശത്തും ആളുകളുണ്ടോ എന്നു നോക്കിയല്ല ഒരു മിഷൻ തുടങ്ങുന്നത്. അവിടെ സാധ്യത ഉണ്ടെങ്കിൽ അവിടെ തുടങ്ങി പ്രവർത്തിക്കുക എന്നതാണ് ഇന്നും ആ അജപാലന രീതി അനിവാര്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ പ്രാന്തപ്രദേശങ്ങളിലേക്ക് നാം കടന്നു ചെല്ലേണ്ടിയിരിക്കുന്നു.

**ഡൽഹി മിഷൻ**

ആദ്യ മിഷൻ രൂപീകരണ സമയത്ത് ബഹു. കളക്കുടി അച്ചനായിരുന്നു താമസിച്ച് ശുശ്രൂഷ ചെയ്തിരുന്നത്. കൂറിലോസ് പിതാവും ഒരു വർഷം ഉണ്ടായിരുന്നു. അതിനു ശേഷം 4 വർഷം ശുശ്രൂഷ ചെയ്യാൻ സാധിച്ചു. ഒരു കാടുവെട്ടു പണിയായിരുന്നു. ദിവസം ശരാശരി 100 km വണ്ടി ഓടിച്ചു പോകുമായിരുന്നു. നമ്മുടെ ആളുകളെ തേടി പോകുക എന്നത് എന്നെ സംബന്ധിച്ച് 'passion' ആയിരുന്നു. ആ 'passion' നു കാരണം അവരുടെ സന്തോഷമാണ്. മിഷൻ പ്രവർത്തനം തുടരുവാൻ എനിക്ക് സാധിച്ചത് സഭയുടെ ദർശനത്തിൽ നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ എന്നതായ സന്ദേശമാണ്.

ഒരു പ്രേഷിത ആയ മലങ്കരസഭയ്ക്ക് മാത്രമേ നിലനിൽപ്പിന് അർത്ഥമുള്ളൂ, പ്രസക്തിയുള്ളൂ എന്ന് ഞാൻ അന്നും ഇന്നും പൂർണ്ണമായി വിശ്വസിക്കുന്നു. ഈ പ്രചോദനം ലഭിച്ചത്, ഈ ബോധ്യം ആഴപ്പെട്ടത് എന്റെ മിഷൻ മേഖലകളിലെ സാധാരണക്കാരോടുള്ള ബന്ധമാണ്. അവരുടെ ജീവിതസാഹചര്യങ്ങളാണ്.

ഹൈറേഞ്ചിൽ ഞാൻ മിഷനറി മേൽപ്പട്ടക്കാരൻ തന്നെയായിരുന്നു. ഞായാറാഴ്ചകളിൽ കുർബാനയ്ക്കുശേഷം ഭവനങ്ങൾ സന്ദർശിച്ചിരുന്നു. രോഗികൾക്ക് കുർബാന കൊണ്ട് കൊടുത്തിട്ടുണ്ട്. വിദൂരതയിൽ വഴി ഇല്ലാത്തിടത്ത് നടന്നുപോയി അവരെ കാണാൻ ശ്രമം നടത്തി. അതൊക്കെ അവർക്ക് സന്തോഷമാണ്. അതിന് നമ്മൾക്ക് പരസ്യങ്ങൾ ഒന്നും ഇല്ല. അംഗീകാരം ഇല്ല. അംഗീകാരം ദൈവമുമ്പാകെയും ഈ പാവംപിടിച്ച മനുഷ്യരുടെ മുമ്പാകെയുമേ ഉള്ളൂ.

ചില സന്ദർഭങ്ങളിൽ ആത്മീയമായി മാത്രമല്ല, സാമ്പത്തികമായും സഹായിക്കേണ്ടതായി വരും. എപ്പോഴും മിഷൻ മേഖല കയ്പ്പുറപ്പുള്ള മേഖലയാണ്. അത് ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്. പക്ഷേ, അത് ഒരു ആനന്ദമായിരുന്നു. നമ്മൾ ലളിതമായിട്ട് ആരും അറിയാതെ വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ ചൈതന്യത്തിൽ ഈ ചെറിയവനിൽ ഒരുവന് അവരിലേക്ക് കടന്നുചെല്ലുക. നമ്മളാൽ കഴിയുന്ന ആത്മീയ, സാമ്പത്തിക സഹായങ്ങൾ ചെയ്യുക എന്നത് മിഷന്റെ ഭാഗമായി കണ്ട് അതിന്റെ ഭാഗമായാണ് 7 വർഷക്കാലം ഹൈറേഞ്ചിൽ മിഷൻ പ്രവർത്തനം നടത്തിയത്. അതിൽ സംതൃപ്തിയുണ്ട്.

**വികസനം**

കാർഷിക കുടുംബത്തിലാണ് ഞാൻ ജനിച്ചത്. വളരെ ചെറുപ്പത്തിൽ തന്നെ കൃഷിയിൽ താല്പര്യം ഉണ്ട്. അപ്പനും വല്യപ്പനും നല്ല കൃഷിക്കാരായിരുന്നു. അവരിൽ നിന്ന് കിട്ടിയ കാർഷിക മേഖലയിലെ താല്പര്യം സ്വയംപര്യാപ്തതയ്ക്കു കാരണമായി. ഓരോ കുടുംബവും, ഇടവകയും, പ്രസ്ഥാനവും സ്വയം പര്യാപ്തമായിരിക്കണം. ധാരളം പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. റോമിലായിരിക്കുമ്പോൾ BBC യുടെ മാനേജ്മെന്റ് കമന്ററികൾ കേൾക്കുമായിരുന്നു. ഏതു സാഹചര്യത്തിലായാലും നമ്മൾ സ്വയം പര്യാപ്തരാകുക. വിദേശഫണ്ടിനെ ആശ്രയിക്കാതെ നാം തന്നെ അദ്ധ്വാനിച്ച് വികസനത്തിനാവശ്യമായ ഫണ്ട് സമാഹരിക്കുക ആവശ്യമാണെന്ന് തോന്നിയിട്ടുണ്ട്. നൂതനമായിരിക്കുന്ന കാര്യങ്ങളെപ്പറ്റി ചിന്തിക്കാറുണ്ടായിരുന്നു.

ഹൈറേഞ്ചിലും പുഷ്പഗിരിയിലും അതിന്റെ ആവശ്യകതകൾ അറിഞ്ഞ് ചിന്തിച്ചിട്ടുണ്ട്. ഈ അടുത്ത കാലത്ത് സ്റ്റീവ് ജോബ്സിന്റെ പുസ്തകം ഏറെ സ്വാധീനിച്ചിട്ടുണ്ട്. മാനേജ്മെന്റ് ഗുരുക്കന്മാരുടെ ധാരാളം പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. അതിൽ നിന്നൊക്കെ ലഭിക്കുന്ന കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കാറുണ്ട്. ആളുകൾക്ക് പറഞ്ഞു കൊടുക്കാറുണ്ട്. 'ഇങ്ങനെയൊക്കെ' ചെയ്തു കൂടേ എന്ന് ചോദിക്കാറുണ്ട്. പുതുമയോടു കൂടി ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കാനും സഹായിക്കാനും താല്പര്യമാണ്. പാലിയേറ്റീവ് കെയർ നല്കുന്നതും, നേഴ്സിംഗ് കെയർ (പ്രായമുള്ളവർക്ക് ആവശ്യമായിരിക്കും) തുടങ്ങുന്നതും ഈ ദൈവീക ശുശ്രൂഷയുടെ ഭാഗമാണ്. വികസനവും ദൈവശുശ്രൂഷയും വാസ്തവത്തിൽ ഒന്നുതന്നെയാണ്. അത് പര്യായങ്ങളാണ്. ദൈവത്തിന്റെ രാജ്യം എന്നു പറഞ്ഞാൽ ആരോഗ്യമായിരിക്കുന്ന വികസിത ഭൗതീകലോകവും വരുവാനിരിക്കുന്ന ദൈവരാജ്യത്തിന്റെ മുന്നാസ്വാദനം കൂടിയാണ്. വികസനത്തെ നമ്മൾ സഭയ്ക്ക് പുറത്തുള്ള ആദ്ധ്യാത്മികതയ്ക്കു പുറത്തുള്ള ഒന്നായി കാണേണ്ട ആവശ്യമില്ല. ഇത് ദൈവരാജ്യത്തിന്റെ എല്ലാ ഭാവങ്ങളുടെയും ഏറ്റം സമഗ്രമായ, ആരോഗ്യകരമായിരിക്കുന്ന ഏറ്റവും അർത്ഥപൂർണ്ണമായിരിക്കുന്ന ഒരു ആവിഷ്ക്കാരമാണ്.

**ഇടുക്കിയുടെ മുന്നോട്ടുള്ള വളർച്ച**

രൂപതയുടെ ദർശനത്തിന്റെ ഭാഗമായായാണ് ഞാൻ ചെയ്തത്. ഒറ്റപ്പെട്ടു ചെയ്ത കാര്യമല്ല. ഞാൻ അവിടെ നിന്നു മാറിക്കഴിഞ്ഞാൽ രൂപതയുടെ മേൽനോട്ടവും ആർച്ച് ബിഷപ്പിന്റെ രക്ഷാധികാരിത്വവും അതിൽ ഉണ്ടല്ലോ. ദൈവേഷ്ടം ആണെങ്കിൽ അത് തുടരും. ആ വഴിയിലൂടെ മുന്നേറും. കൂടുതൽ ഭംഗിയായിട്ട് അത് മുന്നോട്ടു പോകും. എന്നുള്ളതാണ് എന്റെ പ്രത്യാശ. ഞാൻ അത് ദൈവകരങ്ങളിൽ സമർപ്പിക്കുന്നു. തീർച്ചയായിട്ടും രൂപതാദ്ധ്യക്ഷരും രൂപതയുടെ അധികാരികൾക്കും അതിൽ താല്പര്യം ഉണ്ട് എന്നതാണ് എനിക്ക് കിട്ടുന്ന സന്ദേശം.

**പുതിയ സ്ഥലത്തെ മിഷൻ പ്രവർത്തനത്തെ എങ്ങനെ കാണുന്നു?**

പുതിയ സ്ഥലത്തെക്കുറിച്ച് ഒരു സ്വപ്നം കാണാനുള്ള അനുഭവമോ, അറിവോ ഇല്ലായെന്നു ഞാൻ വിനയപൂർവ്വം അംഗീകരിക്കുന്നു. അമേരിക്കയിൽ 25 വർഷങ്ങൾക്ക് മുമ്പ് പോയി ഒന്നു കണ്ടിരുന്നു. തിമോത്തിയോസ് പിതാവിന്റെ കൂടെ പോയിരുന്നു. ആ കാലഘട്ടത്തിൽ റോമിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ, പിന്നീട് അവിടുത്തെ കൺവൻഷന് ഒന്നുപോയി. 2 ആഴ്ച താമസിച്ചു. അതേ അറിവേ അമേരിക്ക

യേപ്പറ്റിയുള്ളൂ. പിന്നെ അമേരിക്കയെപ്പറ്റി അറിയാൻ ജിജ്ഞാസ കാണിച്ചിട്ടില്ല. കാരണം, അത് ഒരിക്കലും എന്റെ സ്വപ്നഭൂമി ആയിരുന്നില്ല. അവിടെ പോയി ശുശ്രൂഷ ചെയ്യേണ്ടി വരുമെന്നോ, അവിടുത്തെ സാഹചര്യങ്ങളിൽ സേവനം ചെയ്യേണ്ടി വരുമെന്നോ ചിന്തിക്കാത്ത ഒരു കാര്യം ആയതുകൊണ്ട്, സഭയുടെ ഒരു ഭാഗം അവിടെ നോക്കാൻ ആളുകൾ ഒക്കെ ഉണ്ടല്ലോ. അവർ നോക്കട്ടെ എന്നുള്ള ഒരു സമീപനത്തിൽ ഞാൻ വിദൂരസ്ഥനായിരുന്നു. ഇനി ഞാൻ ഒരു സമീപസ്ഥനായി അവിടുത്തെ സാഹചര്യങ്ങൾ മനസ്സിലാക്കി, അവിടുത്തെ ആവശ്യങ്ങളും സാധ്യതകളുമൊക്കെ മനസ്സിലാക്കി അവരുമായി കൂട്ടാലോചനകൾ നടത്തി, ഒരുമിച്ചുള്ള പ്രാർത്ഥനകൾ നടത്തി സമീപസ്ഥനാകാൻ ശ്രമിക്കു.

നാടൻ ഭാഷയിൽ പറഞ്ഞാൽ അമേരിക്കൻ സഭ ഒരു കറവപ്പശു പോലെയാണ്. അവരെ സംബന്ധിച്ചിടത്തോളം തീർച്ചയായും നമ്മുടെ സഹോദരങ്ങളാണ്. ദൈവകൃപയാൽ മെച്ചമായ ജീവിതസാഹചര്യം അവർക്ക് ലഭ്യമായി. ഓരോ കുടുംബങ്ങളും അവരുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും കരുതുന്നുവോ അതുപോലെ സഭയാകുന്ന, മാതൃസഭയാകുന്ന കുടുംബം ഈ കേരളത്തിലെ സഭയോടും എപ്പോഴും കരുതലും സ്നേഹവും ഉണ്ടായിരിക്കണം. അത് അതിന്റെ മാന്യതയുടെയും സംസ്കാരത്തിന്റെയും ഭാഗമാണ്. ചെയ്തുകൊണ്ടിരിക്കുന്നത്. അത് ഇനിയും തുടരണം എന്നുള്ള ബോധ്യവും എനിക്കുണ്ട്. അവിടുത്തെ പ്രേഷിത പ്രവർത്തനത്തെപ്പറ്റി പറഞ്ഞാൽ, ഞാൻ മനസ്സിലാക്കുന്നത് പുതിയ തലമുറയെ സഭയുടെ മെയിൻ സ്ട്രീമിലേയ്ക്ക് കൊണ്ടുവരുവാനായിട്ടുള്ള പരിശ്രമം നടത്തണം എന്നുള്ളതാണ് അതാണ് അനേകർ എന്നോട് ഉപദേശിച്ചിട്ടുള്ളത്. അപ്പോൾ തീർച്ചയായും ആ മേഖല പ്രധാന കർമ്മവിഷയമായി പരിഗണിക്കും. പരിഗണിക്കേണ്ടിയിരിക്കുന്നു. അവിടെ ജനിച്ചു വളർന്ന് ഇംഗ്ലീഷ് മാത്രം അറിയാവുന്ന നമ്മുടെ മലയാളി മക്കൾക്ക് മലങ്കരസഭയാകുന്ന പാരമ്പര്യത്തോടും നമ്മുടെ സഭാ കൂട്ടായ്മയോടുമുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുക എന്നത് മുൻഗണനാ വിഷയമായി എടുക്കണമെന്നുള്ളത് പലരും നിർദ്ദേശിച്ചു കഴിഞ്ഞു. തീർച്ചയായും പ്രാധാന്യം കൊടുത്ത് തന്നെ അതിനോട് പ്രതികരിക്കണം, സമീപിക്കണം എന്ന് ആഗ്രഹിക്കുന്നു.

**വായനശീലംമാത്രമല്ല, ആളുകളിൽനിന്നും അറിവ് തേടുക**

പത്രം വായിക്കുന്നത് എനിക്ക് വലിയ താല്പര്യമാണ്. എഡിറ്റോറിയൽസ് ലേഖനങ്ങൾ ഒക്കെ വായിക്കുന്നത്. പിന്നെ ഇന്റർനെറ്റിലൂടെ ബിബിസിയുടെ പ്രധാന ഹെഡ്‌ലൈൻ നോക്കാറുണ്ട്. പിന്നീട് ചില ചാനലുകളിലെ ചർച്ചാവിഷയങ്ങൾ ശ്രദ്ധിക്കാറുണ്ട്. (സമയം കിട്ടുകയാണെങ്കിൽ) പ്രത്യേകിച്ച്, ആളുകളിൽ നിന്ന് ഒത്തിരി അറിവുകൾ അന്വേഷിക്കാറുണ്ട്. ഒരു കർഷകനോട് ചോദിച്ചാൽ, എങ്ങനെയാണ് കൃഷി ചെയ്യുന്നത്? ഈ ചെടിയുടെ പ്രത്യേകത എന്താണ്? ഈ മണ്ണിന്റെ പ്രത്യേകത എന്താണ്? എന്നൊക്കെ വളരെ കൃത്യമായി ആ കർഷകൻ എന്നോടു പറയും. ഒരു ഡോക്ടറെ കാണുമ്പോൾ ശരീര ശാസ്ത്രത്തിന്റെ കാര്യങ്ങൾ, അല്ലെങ്കിൽ രോഗനിർണ്ണയങ്ങളെപ്പറ്റി, ചികിത്സകളെപ്പറ്റി ഒക്കെ അദ്ദേഹവുമായി സംസാരിക്കും. രാഷ്ട്രീയക്കാരെ കാണുമ്പോൾ രാഷ്ട്രീയകാര്യങ്ങൾ ചർച്ച ചെയ്യും. അവരിൽ നിന്നൊക്കെ ഒത്തിരി പ്രചോദനങ്ങൾ ഉൾക്കൊള്ളാറുണ്ട്. അങ്ങനെ ജീവിതത്തിന്റെ സമസ്ത മേഖലകൾ, അളുകളെ കണ്ട് അവരിൽ നിന്ന് അറിവ് സമ്പാദിക്കുന്ന ഒരു പഠനരീതി എപ്പോഴും ഉണ്ടായിട്ടുണ്ട്. പിന്നെ ക്ലാസ്സുകൾ എടുക്കാനുള്ള ക്ഷണം കിട്ടാറുണ്ടായിരുന്നു. കൺവൻഷൻ പ്രസംഗമാവാം, പള്ളിയിലെ പെരുന്നാൾ പ്രസംഗമാവാം, അതുകൊണ്ട് ഒരുക്കത്തിനുള്ള വായനകൾ നടത്താറു





ണ്ടായിരുന്നു. പിന്നെ ജേർണലുകൾ കിട്ടാറുണ്ട്. ഇംഗ്ലീഷ് പത്രം ഓടിച്ചു നോക്കും. പ്രധാന കാര്യങ്ങളൊക്കെ നോക്കാറുണ്ട്. പ്രധാന ആർട്ടിക്കിൾസ് ഇതൊക്കെയാണ് എന്നെ അപ്ഡേറ്റ് ആക്കുന്ന സാഹചര്യങ്ങൾ.

ഒത്തിരി അറിയാനിരിക്കുന്നു. ഒന്നും എനിക്കറിഞ്ഞുകൂടാ എന്നുള്ള ബോധ്യം കൂടി ഉണ്ട്. ഇനി എത്രയോ കാര്യങ്ങളെപ്പറ്റി നമ്മൾ പഠിക്കേണ്ടിയിരിക്കുന്നു; അറിയേണ്ടിയിരിക്കുന്നു. ചില കാര്യങ്ങളെപ്പറ്റി പ്രതികരിക്കണമെങ്കിൽ അറിവിന്റെ ഡാറ്റാസ് നമുക്ക് വേണം. അതില്ലാതെ പ്രതികരിച്ചാൽ ഭാഗികമായി പോകും. അത് തെറ്റുമാണ്. അതുകൊണ്ട് കഴിവതും സമഗ്രതയിൽ വിഷയങ്ങൾ അറിയണം. ഈ സമഗ്രതയിൽ അതിനോട് സമീപിക്കണമെന്നുള്ള രീതി ഞാൻ രൂപപ്പെടുത്താറുണ്ട്.

**പ്രതിസന്ധികൾ തരണം ചെയ്യുന്നത്**

പ്രതിസന്ധികൾ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. എല്ലാവർക്കും പ്രതിസന്ധികളുണ്ട്. പ്രതിസന്ധി ഉണ്ടാവും, പ്രതിസന്ധി വന്നുകൊണ്ടേയിരിക്കും. പ്രതിസന്ധിയിൽ നിന്നൊഴിവായിരിക്കുന്ന ജീവിതം നമുക്ക് ആർക്കും ഉണ്ടാവില്ല. ഈ പ്രതിസന്ധികളോടുള്ള സമീപനമാണ് പ്രധാനപ്പെട്ടത്. അതിനകത്ത് ഒരു പോസിറ്റീവ് സമീപനം എടുക്കുക എന്നല്ലാതെ വേറെ മാർഗ്ഗം, അർത്ഥവത്തായി ഒന്നും സ്വീകരിക്കാൻ സാധിക്കില്ല.

ഈ പ്രതിസന്ധിയെ നമുക്ക് എങ്ങനെ അർത്ഥപൂർണ്ണമായി കൈകാര്യം ചെയ്യാം എന്നുള്ള ഒരു ആലോചന നടത്തുന്നു. (ദൈവമുമ്പാകെ) പ്രാർത്ഥന നടത്തുന്നു. ദൈവമേ ഈ പ്രതിസന്ധി എന്താണ്? ഇതിന്റെ മാനങ്ങൾ എന്താണ്? ഇതിന്റെ അർത്ഥം എന്താണ്? ഏത് രീതിയിൽ നമുക്ക് പരിഹരിക്കാം? എന്തൊക്കെ ചിന്തിക്കാറുണ്ട്. പലപ്പോഴും ഭൗതികമായ Administrative കാര്യങ്ങളിലൊക്കെ ഒരു പ്രതിസന്ധി പരിഹരിച്ചു വരുമ്പോൾ... 'കുട്ടനാട്ടിലെ കർഷകൻ വെള്ളം ചവിട്ടുന്ന വീലിൽ, അവൻ ഒരു ചവിട്ടു ചവിട്ടുമ്പോൾ അടുത്ത രണ്ടു വീൽ അവനെതിരെ വരുന്നതുപോലെ, പുതിയത് വന്നുകൊണ്ടേയിരിക്കും. അത് ദൈവം തരുന്ന അവസരമാണ്. ദൈവം നമ്മെ വിളിച്ചിരിക്കുമ്പോൾ ഈ പ്രശ്നം പരിഹരിക്കുന്നതാണ് നമ്മുടെ വിളി എന്നു കാണുക. അത് നമ്മുടെ Administrative തലങ്ങളിലുള്ള കാര്യമാണ്. ഏറ്റവും പ്രധാന കാര്യം ദൈവത്തിലാശ്രയിക്കുക എന്നതാണ്.

മാനുഷികമായ രീതിയിൽ പ്രശ്നങ്ങളെ അപഗ്രഥിക്കുക എന്താണ് ഈ പ്രശ്നം? എന്തുകൊണ്ടാണ് ഈ പ്രശ്നം? ആരൊക്കെയാണ് ഈ പ്രശ്നത്തിലെ പങ്കാളികൾ? അപ്പോൾ നാം ഉണ്ടായ സാഹചര്യങ്ങളും പങ്കാളികളായിരിക്കുന്ന വ്യക്തികളെ ബന്ധപ്പെടുത്തിയും അത് ഒന്ന് അപഗ്രഥിക്കുകയും ചെയ്യുമ്പോൾ നമുക്ക് അതിനെ പരിഹരിക്കാൻ സാധിക്കുമെന്നാണ് അനുഭവം.

**വൈദികൻ, മെത്രാൻ - വിലയിരുത്തൽ**

ഞാൻ കുഞ്ഞുനാൾ മുതൽ ആഗ്രഹിച്ചതു വൈദികനാകണമെന്നാണ്. സ്കൂളിൽ പഠിക്കുമ്പോൾ നീ ഭാവിയിൽ എന്തായിരിക്കും എന്ന് ആരെല്ലാം ചോദിച്ചിട്ടുണ്ടോ അവരോടൊക്കെ ഞാൻ പറഞ്ഞിട്ടുള്ളത് അച്ചനാകണമെന്നാണ്. വൈദികനാകാൻ ആഗ്രഹിച്ചു. അതിനായി പ്രാർത്ഥിച്ചു, അതിനായി സമർപ്പിച്ചു. വൈദിക ജീവിതത്തിൽ 100 ശതമാനം സംതൃപ്തിയാണ്, ആനന്ദമാണ്. അത് കുർബ്ബാന ചൊല്ലുന്നതിലെ സന്തോഷമാണ്. കുമ്പസാരക്കൂട്ടിൽ ഇരിക്കുന്നതിൽ സന്തോഷമാണ്. മനുഷ്യർക്ക് നന്മ ചെയ്യുന്നതിൽ സന്തോഷമാണ്. ഈ സന്തോഷകരമായിരിക്കുന്ന കാലഘട്ടമായിരുന്നു പൗരോഹിത്യ ജീവിതം. മേൽപ്പട്ടക്കാരനായപ്പോൾ ഈ ശുശ്രൂഷയ്ക്ക് കുറച്ചുകൂടി വിശാലമായിരിക്കുന്ന മാനം ഉണ്ടായി. ഞാനൊരു മെത്രാൻ ആയെങ്കിലും എനിക്ക് വളരെ സ്വാതന്ത്ര്യത്തോടുകൂടി ഈ ശുശ്രൂഷകൾ നിർവ്വഹിക്കാൻ സാധിച്ചു. അത് എപ്പോഴും സംതൃപ്തിദായകമായിരുന്നു. ദൈവകൃപയാൽ എനിക്ക് അങ്ങനെയുള്ള വേദനകൾ ഒന്നും ഉണ്ടായിട്ടില്ല. സന്തോഷം! സന്തോഷം! സന്തോഷം! ഫ്രാൻസിസ് മാർപ്പാപ്പയുടെ വാക്കുകൾ പറഞ്ഞാൽ; സുവിശേഷത്തിന്റെ ആനന്ദം എന്നപോലെ ആത്മീയ ആനന്ദം അനുഭവിക്കാൻ എനിക്ക് പൗരോഹിത്യ ജീവിതത്തിലും മേൽപ്പട്ടക്കാരനായ ശുശ്രൂഷാ കാലയളവിലും സാധിച്ചിട്ടുണ്ട്. ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടില്ലാ എന്നു ഞാൻ പറയുന്നില്ല. ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അവയൊക്കെ തരണം ചെയ്യാനുള്ള ദൈവകൃപ എപ്പോഴും ഉണ്ടായിട്ടുണ്ട്. ●

# അനുഗൃഹീത വഴികളിലൂടെ

# ഗീവർഗീസ് മാർ മക്കാറിയോസ്



**ഓർമ്മകളിലെ ആദ്യകാലം**

1975 ൽ ആണ് തിരുവല്ലായിലെ മൈനർ സെമിനാരിയിൽ ഞാൻ വരുന്നത്. അന്ന് എനിക്ക് മലയാളത്തിൽ അത്ര വ്യക്തത ഇല്ലായിരുന്നു. സെമിനാരിയിൽ വന്നു കഴിഞ്ഞാണ് മലയാളം കൂടുതൽ പഠിക്കുന്നത്. റെക്ടർ അച്ചൻ എനിക്ക് കന്നഡ - മലയാളം സഹായി തന്നു. അങ്ങനെ പത്രങ്ങൾ വായിച്ചാണ് മലയാളം പഠിച്ചത്. എന്റെ സെമിനാരി ജീവിതത്തിൽ നാലു വർഷമാണ് തിരുവല്ലയിൽ പഠിച്ചത്, നാലാമത്തെ വർഷമാണ് ബത്തേരി രൂപത ഉണ്ടാകുന്നത്. അത്തനാസിയോസ് പിതാവിന്റെ സാന്നിധ്യം എനിക്ക് ഏറെ പ്രചോദനം ആയിരുന്നു. പിതാവ് ഞങ്ങളെ കുറേ സ്ഥലങ്ങളിൽ കൊണ്ടുപോയിരുന്നു, ആ യാത്രകളും മുണ്ടക്കയത്ത് നീന്തൽ പഠിപ്പിച്ചതും എല്ലാം ഇപ്പോഴും ഓർമ്മയിൽ തങ്ങിനില്ക്കുന്നു. ഞാൻ സെമിനാരിയിൽ വരാൻ കാരണം അത്തനാസിയോസ് തിരുമേനിയാണ്. ഒരു ദിവസം സ്കൂളിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ പിതാവ് ഞങ്ങളുടെ പള്ളിയിൽ വന്നു. എന്നെ കണ്ടപ്പോൾ പറഞ്ഞു: പത്താം ക്ലാസ് കഴിഞ്ഞ് തിരുവല്ലയ്ക്ക് വന്നേക്കണം. പിന്നെ പുതുതായി വന്ന വികാരിയുടെ പ്രവർത്തനങ്ങളും രീതികളും ഇടപെടലുകളും കണ്ടപ്പോൾ എനിക്കും അതുപോലെ ആകണമെന്നു തോന്നി. അന്ന് റെക്ടർ ചുണ്ടേവാലേൽ അച്ചനാണ്. ക്യാമ്പിൽ ഒന്നു വരണം, ദൂരമായതുകൊണ്ട് 10-ാം ക്ലാസ്സ് കഴിഞ്ഞ് വന്നാൽ മതിയെന്നു പറഞ്ഞു. എന്നാൽ 10-ാം ക്ലാസ്സിൽ കൂട്ടുകാരുടെ നിർബന്ധം നിമിത്തം താല്പര്യം കുറഞ്ഞു. അതുകൊണ്ട് 10-ാം ക്ലാസ്സ് ജയിക്കണ്ടാന്നു വിചാരിച്ച് എഴുതി. പക്ഷെ അവിടെ ദൈവത്തിന്റെ ഇഷ്ടം മറ്റൊന്നായിരുന്നു. അതിനാൽ ജയിച്ചു സെമിനാരിയിൽ വന്നു. അതുകൊണ്ട് സെമിനാരി ജീവിതം എനിക്ക് ഭാരമായി തോന്നിയിട്ടില്ല. ദൈവനിയോഗം തിരിച്ചറിയാൻ പിന്നീടെനിക്കു സാധിച്ചു. ഞാൻ പിന്നെ ഒരു കാര്യം മാത്രമെ ആഗ്രഹിച്ചുള്ളു; വേഗം അച്ചനാകണമെന്ന്. പൂനയിൽ ആണ് ഞാൻ തിയോളജി പഠിച്ചത്. തിയോളജി പഠനം പൂർത്തിയാക്കി മറ്റ് കോഴ്സുകൾക്ക് നില്ക്കാതെ വൈദികപട്ടം സ്വീകരിക്കാൻ മടങ്ങിയെത്തി. കാരണം വീട്ടിൽ അമ്മയ്ക്ക് പ്രായമായിരുന്നു. അമ്മയുടെ സാന്നിധ്യം വൈദിക ജീവിതത്തിന്റെ ആരംഭത്തിൽ ഉണ്ടാകണമെന്ന് ആഗ്രഹിച്ചു.

ബത്തേരി രൂപതാ രൂപീകരണത്തിനു ശേഷം സിറിൽ പിതാവായിരുന്നു അദ്ധ്യക്ഷൻ. പിതാവിന്റെ കൂട്ടത്തിൽ ചേർന്ന് പിതാവിനോടൊപ്പം താമസിച്ചു. അന്ന് വലിയ സൗകര്യങ്ങൾ ഒന്നുമില്ല. ചാപ്പലിലാണ് ഞാൻ കിടന്നത്. പിന്നെ

'തിരുവല്ല രൂപത, വേറൊരു രൂപതയായി' ഞാൻ ഇതുവരെ കണ്ടിട്ടില്ല. നല്ല ബന്ധങ്ങളും അനുഭവങ്ങളും തിരുവല്ല രൂപതയിൽ എനിക്ക് കിട്ടിയിട്ടുണ്ട്. എന്താവശ്യത്തിനും ഞാൻ തിരുവല്ല രൂപതയിലാണ് വരുന്നത്. ഇതാണെന്റെ ഭവനം. കൂടെയുണ്ടായിരുന്നത് ചെറുപുഴത്തോട്ടത്തിലച്ചനായിരുന്നു. ഞങ്ങൾ നല്ല സഹോദരബന്ധത്തിലായിരുന്നു. അച്ചൻ എന്നോട് പറഞ്ഞിട്ടുണ്ടായിരുന്നു, ഞാൻ റോമിൽ പോകും, ബിഷപ്പാകും എന്നൊക്കെ. അതൊന്നും ഗൗരവമായി കണക്കിലെടുത്തിരുന്നില്ല. ഇന്ന് അതെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ വർഷം അച്ചന്റെ 25-ാം ചരമവാർഷികമാണ്.

**ഉപരിപഠനം**

പട്ടം കിട്ടിക്കഴിഞ്ഞ് ഞാൻ പിതാവിന്റെ സെക്രട്ടറി ആയും ഒരു പള്ളിയുടെ അസിസ്റ്റന്റ് വികാരിയായും സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂളിലുമൊക്കെ പ്രവർത്തിച്ചു. അഭിവന്ദ്യ ദിവന്നാസിയോസ് പിതാവ് റോമിൽ നിന്ന് എത്തിയ സമയത്ത് എന്നെ കാസർഗോഡ് ഒരു പള്ളിയിൽ വികാരിയായി നിയമിച്ചു. അവിടെ താമസസൗകര്യങ്ങൾ കുറവായിരുന്നു. ഞാൻ ഏറ്റവും കൂടുതൽ ആഗ്രഹിച്ചതും അതുതന്നെ ആയിരുന്നു. ആ ഇടവകയുടെ വികാരിയായി പ്രവർത്തിക്കണമെന്ന് ആയിരുന്നു എന്റെ ആഗ്രഹം. തിരിച്ച് വരാറായപ്പോൾ പിതാവ് എന്നെ വിളിച്ച് മൈനർ സെമിനാരിയുടെ റെക്ടർ ആയി നിയമിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം പിതാവ് നടക്കാനിറങ്ങിയപ്പോൾ ഞാനും കൂടെപ്പോയി. നടക്കുന്നതിനിടയിൽ പിതാവ് എന്നോട് ചോദിച്ചു 'പഠിക്കാൻ താല്പര്യം ഉണ്ടോ?' ഞാൻ പറഞ്ഞു എൽ.എൽ.ബി. നോക്കാം. പക്ഷെ പിതാവ് പറഞ്ഞതു തിയോളജി പഠിക്കാനായി റോമിൽ വിടാനാണ്. ഞാൻ പറഞ്ഞു: പോകാൻ ആഗ്രഹിക്കുന്നില്ല. പിതാവ് ഒന്നും പറഞ്ഞില്ല. തിരിച്ചു പോയി. മൂന്ന് നാല് ദിവസം കഴിഞ്ഞപ്പോൾ ഒരു എഴുത്ത് വന്നു.പാസ്പോർട്ടിനൊക്കെ അപേക്ഷ കൊടുത്തല്ലോ എന്ന്. പിന്നെ ഒന്നും പറഞ്ഞില്ല, റോമിൽ ചെന്നു. അവിടെ ചെന്നപ്പോൾ എനിക്ക് ഇഷ്ടപ്പെടുന്നതായിരുന്നില്ല പലതും. 32 പേരാണ് പോയത്. അവിടെ പല സ്ഥലങ്ങളിലായി താമസസൗകര്യം കണ്ടുപിടിച്ചു. പക്ഷെ എനിക്ക് അവിടെ താമസിക്കുവാൻ ബുദ്ധിമുട്ടായിരുന്നു. തിരിച്ചു വരണമെന്ന് പിതാവിന് കത്ത് എഴുതി. പിതാവിന്റെ മറുപടി; അച്ചൻ ഒന്നുകൂടി ആലോചിച്ചു തീരുമാനം എടുക്കുക എന്നതായിരുന്നു. പിന്നെ പഠനം പൂർത്തിയാക്കി മടങ്ങിയെത്തിയപ്പോൾ തിരുവനന്തപുരം സെമിനാരിയിലേക്ക് നിയമിച്ചു. തിരുവനന്തപുരത്ത് ഞാൻ 15 വർഷം ഉണ്ടായിരുന്നു. റെക്ടറായി 3 വർഷവും വൈസ് റെക്ടറായി 6 വർഷവും സേവനം അനുഷ്ഠിച്ചു. പിന്നെ 3 കൊല്ലം പ്രൊഫസർ ആയിരുന്നു.

**സിറിൽ പിതാവിന്റെ കൂടെയുള്ള ജീവിതം**

ഞാൻ പുത്തൂരിൽ 2010 ലാണ് വരുന്നത്. ഞാൻ 4-ാം വർഷം പഠിച്ചുകൊണ്ട് പിതാവിന്റെ കൂടെയാണ് നടന്നത്. ഒരു ദിവസം കെ.സി.ബി.സി. മീറ്റിംഗ് എറണാകുളത്തു നടക്കുമ്പോൾ പിതാവ് എന്നെയും കൊണ്ടുപോയിരുന്നു. ഞാൻ അന്നു പയ്യനാണ്. ഉച്ചഭക്ഷണത്തിനിരുന്നപ്പോൾ എന്നെയും കൂടെക്കൂട്ടി. ഒരു അപ്പന്റെ സ്നേഹമാണ് പിതാവിലൂടെ എനിക്ക് ലഭിച്ചത്. അതുപോലെ പിതാവിന്റെ പ്രവൃത്തികളെല്ലാം ശ്രദ്ധയോടെ പഠിക്കേണ്ടതാണ്. അദ്ദേഹം ദീർഘവീക്ഷണം ഉള്ള വ്യക്തിയാണ്. എന്തു ചെയ്താലും അത് ഭാവിയിൽ നന്മയായി മാറണം എന്ന രീതിയിൽ മാത്രമേ ചെയ്കയുള്ളു. അത് എനിക്ക് ഏറെ ഇഷ്ടപ്പെട്ട ഒന്നാണ്. പിന്നെ പിതാവിന്റെ സ്നേഹത്തോടെയുള്ള ഇടപെടൽ കൊണ്ടു മാത്രമാണ് ഞാൻ ഇന്ന് ഈ നിലയിൽ ആയിരിക്കുന്നത്.

**റോമാ ജീവിതത്തിന്റെ സ്വാധീനം**

പൊതുവേ വിദേശത്ത് പോകുന്നതിനോട് താല്പര്യം കുറവാണ്. പക്ഷെ ഇവിടെ ആയിരു



ന്നപ്പോൾ ഉണ്ടായിരുന്ന ഇടുങ്ങിയ മനസ്സ് മാറിയത് റോമിൽ പോയപ്പോളാണ്. ഞാൻ നിയമങ്ങൾ പാലിക്കുന്നതിൽ കർക്കശക്കാരനാണ്. പല സംഭവങ്ങൾ പല ഇടത്തും ഉണ്ടായിട്ടുണ്ട്. കൈക്കൂലി വാങ്ങിയവരിൽ നിന്ന് തിരികെ വാങ്ങിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അനീതി കാണിക്കുന്നവരോട് ചോദ്യം ചെയ്തിട്ടുണ്ട്. റോമിൽ പോയി  കുറച്ചൊക്കെ അവിടുത്തെ രീതിയും ഇടപെടലുകളും ഒക്കെ കണ്ടു കഴിഞ്ഞപ്പോൾ നമ്മുടെ മൂല്യങ്ങൾ മുറുകെ പിടിക്കണമെന്ന് തോന്നിയിട്ടുണ്ട്. പിന്നീട് എന്റെ ഇടുങ്ങിയ മനസ്സിനെ മാറ്റാൻ പ്രേരിപ്പിച്ച രണ്ടു കാര്യങ്ങളുണ്ട്. ഒന്ന്, ഞാൻ അറിഞ്ഞതുപോലെയോ മനസ്സിലാക്കിയതുപോലെയോ മറ്റൊരു മനുഷ്യന് മനസ്സിലാകണമെന്നില്ല. രണ്ട്, അവന് അവന്റേതായ കാരണങ്ങൾ ചിലപ്പോൾ കാണും, ഇതൊന്നും അറിയാതെ ഞാൻ ശിക്ഷ നടപ്പിലാക്കുന്നത് ശരിയല്ല. ഇത് തിരിച്ചറിഞ്ഞത് റോമിൽ പോയപ്പോൾ ആണ്.


**ചിന്തയും പ്രവൃത്തിയും**

റോമിൽ നിന്നു കിട്ടിയ അനുഭവങ്ങളിൽ നിന്നും വായനകളിൽ നിന്നും എന്നെ പഠിപ്പിച്ച ഒരു സത്യം, സ്നേഹം എന്നത് ഹൃദയ വിശാലതയാണ്. എന്നു പറഞ്ഞാൽ തിരിച്ചറിവ്. നമ്മളെ ഏൽപ്പിക്കുന്നത് നമ്മൾ ചെയ്യുന്നു. എന്നെ ഏറ്റവും കൂടുതൽ ചിന്തിപ്പിക്കുന്നതും ഇതുതന്നെയാണ്. വൈദിക ജീവിതത്തിൽ ഏറ്റവും വലുത് ഇതുതന്നെയാണ്. ഒരു വൈദികന് രണ്ടു പള്ളികൾ ഉണ്ടായിരിക്കെ ഒരു പള്ളിയിൽ 100 ഇടവകക്കാരും വേറെ പള്ളിയിൽ 20 ഇടവകക്കാരും ഉള്ളെങ്കിലും രണ്ടു പള്ളികളിലും ഒരുപോലെ ആയിരിക്കണം പ്രവർത്തനങ്ങൾ. അത് വൈദിക ജീവിതത്തിന്റെ അടിസ്ഥാനപരമായ കാര്യമാണ്. അതിൽ നമ്മൾ വിശ്വസ്തത കാണിക്കണം. അപ്പോൾ 'To love more to serve more' എന്നത് ആപ്തവാക്യമായി എടുക്കണം.

'To love more to serve more' എന്ന ആപ്തവാക്യം ഞാൻ പാലിക്കുന്നത് നമ്മുടെ പ്രവർത്തന സ്ഥലത്ത് പ്രാവർത്തികമാക്കുമ്പോഴാണ്. തിരുവനന്തപുരം മേജർ സെമിനാരിയിൽ ഞാൻ റെക്ടറായിരുന്നപ്പോൾ  ബ്രദേഴ്സിന്റെ  പ്രശ്നങ്ങൾ മനസിലാക്കുവാനും കേൾക്കുവാനും ഏറെ ശ്രദ്ധിച്ചിട്ടുണ്ട്. എനിക്ക് ഏറ്റവും കൂടുതൽ ശക്തി നല്കുന്നത് പ്രാർത്ഥനകളാണ്. നമ്മുടെ പ്രാർത്ഥനകൾ അർത്ഥം മനസിലാക്കി ചൊല്ലുകയാണെങ്കിൽ ജീവിതത്തിൽ വളരെയേറെ മാറ്റം ഉണ്ടാകും. ഞാൻ രൂപീകരണത്തെ മനസിലാക്കുന്നത്, സെമിനാരി കാലത്ത് എങ്ങനെ ആയിരുന്നു എന്നുള്ള തിരിഞ്ഞുനോട്ടത്തിലൂടെ ആണ്. എല്ലാവർക്കും പോരായ്മകൾ ഉണ്ട്. അത് മനസിലാക്കി നമ്മൾ അവരെ സഹായിക്കുമ്പോഴാണ് രൂപീകരണം ആകുന്നത്. ഇതിന് പല പ്രക്രിയകളും ഉണ്ട്. നമ്മുടെ മനസ്സിന്, ചിന്തയ്ക്ക് എല്ലാം രൂപീകരണം ആവശ്യമാണ്. ഒരാൾ formator ആയി മാറുന്നത് വിദ്യാർത്ഥിയെ അവന്റെ തന്നെ നിലപാടിൽ ചിന്തിച്ചുകൊണ്ട് ഉപദേശം കൊടുക്കുന്നിടത്താണ്.

**പുത്തൂർ രൂപതയിലെ വെല്ലുവിളികൾ, സാധ്യതകൾ**

പുത്തൂർ രൂപതയിൽ പോരായ്മകളും പരിമിതികളും ഉണ്ട്. അത് സാമ്പത്തികമായും വൈദികരുടെ എണ്ണത്തിലും. പക്ഷെ പോരായ്മകൾ ഒരിക്കലും പരാജയങ്ങൾ ആയിട്ട് മാറുവാൻ പാടില്ല. പോരായ്മകളും പരാജയങ്ങളും വെല്ലുവിളികളും ഒക്കെ നമുക്ക് വളരുവാനുള്ള അവസരങ്ങൾ ആണ്. അതിന് ഉദാഹരണമാണ് പുത്തൂർ രൂപത. 2010 ൽ കണ്ട പുത്തൂർ രൂപത അല്ല ഇപ്പോൾ. ഇല്ലായ്മയിൽ നിന്ന് നിർമ്മിക്കുന്നവനാണ് ദൈവം. പുത്തൂർ രൂപതയുടെ വളർച്ചയ്ക്കും ഇതേ വിശ്വാസമാണാവശ്യം. മാർ ഈവാനിയോസിന്റെ  ജീവിതം നല്കുന്ന പാഠമിതാണ്. ദൈവഹിതത്തിൽ വിശ്വസിച്ച് പോകുക, തീർച്ചയായും വെല്ലുവിളികളും ഉണ്ട്. വർഗീയതയും തൊട്ടുകൂടായ്



മയും എല്ലാം ഉള്ള കാലമാണ്. ഇവിടെയെല്ലാം തിരിച്ചറിവ് വന്നു കഴിയുമ്പോൾ വളരെ മാറ്റങ്ങൾ ഉണ്ടാകുമെന്നത് സത്യമാണ്. നമ്മൾ വെല്ലുവിളിക്കുന്നത്, നമ്മൾ ചിന്തിക്കുന്നത് അവനും കൂടെ അനുകൂലമാണെന്നുള്ള തിരിച്ചറിവിലേക്ക് അവരെ ചിന്തിപ്പിക്കുകയും, പ്രേരിപ്പിക്കുകയും ചെയ്യുന്ന ഒരു ദൗത്യമാണ് പ്രധാനപ്പെട്ടത്. അതുകൊണ്ട് വെല്ലുവിളികളെ നമ്മൾ പോസിറ്റീവ് ആയി കരുതി മുന്നോട്ട് പോകുമ്പോഴാണ് ശുഭകരമായ നേട്ടം സംഭവിക്കുന്നത്.

ദൈവീക യാഥാർത്ഥ്യങ്ങളെ അറിയുവാനും മനസിലാക്കുവാനും പറ്റുന്ന ഒരു മാധ്യമമാണ് നമ്മുടെ പ്രകൃതി. ദൈവം നമുക്കുവേണ്ടി സൃഷ്ടിച്ച് തന്നിരിക്കുന്നതിനെ നമ്മൾ ഉപകാരപ്രദമാക്കി തീർക്കുമ്പോഴാണ് അതിൽ ഫലം കാണുന്നത്.

**മക്കാറിയോസ് എന്ന നാമം**

മക്കാറിയോസ് എന്ന പേര് ഞാൻ തിരഞ്ഞെടുക്കുവാനുള്ള കാരണം സൈപ്രസിലെ ആർച്ച് ബിഷപ്പ് മക്കാറിയോസിന്റെ സ്വാധീനമാണ്. അദ്ദേഹത്തെ എനിക്ക് വലിയ ഇഷ്ടമാണ്. പിതാവ് സൈപ്രസിലെ പ്രസിഡന്റ് കൂടിയായിരുന്നു. ഒരു ബിഷപ്പ് ഒരു രാജ്യത്തിന്റെ അധികാരി കൂടി ആകുമ്പോൾ ഒത്തിരി നന്മകൾ അവിടെ ഉണ്ടാകും എന്നാണ് ചിന്തിക്കുന്നത്. ജീവിതത്തിൽ ഞാൻ 'വേണ്ട', എന്ന് പറഞ്ഞിട്ടുള്ള കാര്യങ്ങൾ 'തേടി വരുന്ന' അനുഭവമുണ്ട്. എന്ത് വേണ്ടാ എന്ന് വച്ചോ ദൈവം അത് എനിക്ക് തരുന്നു. കാരണം ഞാൻ പറഞ്ഞല്ലോ 10-ാം ക്ലാസ്സ് ജയിക്കണ്ടാന്നു വച്ച് എഴുതി, പക്ഷെ ജയിച്ചു, പിന്നെ റോമിലേക്ക് പോകണ്ടാ എന്നു പറഞ്ഞു ഞാൻ പോയി. അങ്ങനെ പല കാരണങ്ങൾ. ഇപ്പോൾ പിതാവാകാൻ പറഞ്ഞപ്പോൾ ഞാൻ ആദ്യം പറഞ്ഞത്, എനിക്ക് സാധിക്കില്ല എന്നാണ്. എനിക്ക് ഒരു ഇടവകയുടെ വികാരി ആകുന്നതിലാണ് താല്പര്യം എന്ന്. പക്ഷെ അവിടെയെല്ലാം ദൈവം എന്നെ കൈത്താങ്ങായി നിർത്തി. പിതാവാകണമെന്നുള്ള തീരുമാനത്തിൽ എത്തിച്ചേർന്നപ്പോൾ ഞാൻ പേരിനെക്കുറിച്ച് ചിന്തിച്ചു. അപ്പോൾ എന്റെ മനസ്സിലേക്ക് വന്നത് മക്കാറിയോസിന്റേതാണ്. ആ പേരിന്റെ അർത്ഥത്തിലേക്ക് ഞാൻ നോക്കി. ശാന്തത, എളിമ, അനുഗ്രഹിക്കപ്പെട്ടവൻ എന്നൊക്കെയാണ്. ബാവാ തിരുമേനി എന്നെ വിളിച്ചു പറഞ്ഞു: മൂന്നു പേരുകൾ തരും, അതിൽ നിന്നു മാത്രമെ പേര് സ്വീകരിക്കാൻ സാധിക്കൂ. ആ മൂന്നുപേരിൽ ഒന്ന് മക്കാറിയോസ് എന്നാണെന്ന് പിന്നീട് അറിഞ്ഞു. എന്റെ മനസ്സിൽ തോന്നിയതുതന്നെയാണ് പിതാവിന്റെ മനസ്സിലും തോന്നിയത്. ഞാൻ പിന്നെ മറിച്ചൊന്നും ചിന്തിച്ചില്ല. ദൈവത്തിന്റെ നിരന്തരമായ ഇടപെടൽ എപ്പോഴും സംഭവിക്കുന്നു.

**പ്രകൃതിയെ സ്നേഹിക്കുക**

പൊതുവിൽ പറയാനുള്ള കാര്യം നമ്മൾ കൃഷിയെ സ്നേഹിക്കുന്നവരാകണം എന്നാണ്. ഇന്ന് മനുഷ്യർ പൊതുവേ വിലകുറച്ച് കാണുന്ന ഒന്നാണ് കൃഷി. കാരണം എല്ലാവരും മറ്റ് ജോലിക്കു പോകാനാണ് താല്പര്യം കാണിക്കുന്നത്. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ഏദൻതോട്ടത്തിലാണ്. ദൈവീക യാഥാർത്ഥ്യങ്ങളെ അറിയുവാനും മനസിലാക്കുവാനും പറ്റുന്ന ഒരു മാധ്യമമാണ് നമ്മുടെ പ്രകൃതി. ദൈവം നമുക്കുവേണ്ടി സൃഷ്ടിച്ച് തന്നിരിക്കുന്നതിനെ നമ്മൾ ഉപകാരപ്രദമാക്കി തീർക്കുമ്പോഴാണ് അതിൽ ഫലം കാണുന്നത്. കാടും മലയും എല്ലാം കടന്ന് മുണ്ടൻമല ഒരു സ്വർഗതുല്യമാക്കി. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കാഴ്ചപ്പാടിൽ നാം ഇന്ന് അഭിമാനം കൊള്ളുകയാണ്. ഒന്നുംഇല്ലാത്തിടത്തു നിന്നും വളരെയേറെ ഫലം പുറപ്പെടുവിക്കുവാൻ സാധിച്ചു. അപ്പോൾ കൃഷി നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. പുത്തൂർ രൂപതയിലും ആദ്യം ഒന്നും തന്നെയില്ലായിരുന്നു. 2010, 2011 ൽ ആണ് കുറച്ച് സ്ഥലം വാങ്ങി അവിടെ കൃഷി ചെയ്യുന്നത്. പലപ്പോഴും ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. അവിടെ പന്നികൾ കയറി നശിപ്പിക്കാൻ ശ്രമിച്ചതും തീ കത്തിയതും ഒക്കെ ഉദാഹരണങ്ങൾ ആണ്. അവിടെയെല്ലാം ഞാൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോട് പ്രാർത്ഥിക്കുമായിരുന്നു. വളരെ ഫലപുഷ്ടിയുള്ള മണ്ണാണ്. കൂടുതലും നെല്ലാണ് കൃഷി ചെയ്തിരുന്നത്. ദൈവാനുഗ്രഹത്താൽ കൂടുതൽ ഫലം ലഭിച്ചു. അതുപോലെ റബർ, കമുക്, കൊക്കോ എന്നീ കൃഷികളും ഉണ്ട്. പലപ്പോഴും ബുദ്ധിമുട്ടുകൾ ഉണ്ടായെങ്കിലും ദൈവത്തിന്റെ സംരക്ഷണം ഉണ്ടായിരുന്നു. ദൈവം തന്നെ സൃഷ്ടിച്ച് നമുക്ക് നല്കിയിട്ടുള്ള ഈ പ്രകൃതിയെ സമ്പന്നമാക്കിത്തീർക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നമ്മുടെ നാടിനോടും പ്രകൃതിയോടുമുള്ള ക്രിയാത്മക സമീപനത്തിലൂടെയാണ് ദൈവഹിതം കണ്ടെത്തേണ്ടത്. അതിനുവേണ്ടി നമുക്ക് ശ്രമിക്കാം. ●

# ദൈവത്തിന്റെ കാരുണ്യം - സർവ്വപ്രധാനം

## യൂഹാനോൻ മാർ തിയോഡോഷ്യസ്



***പി**താവിന്റെ കുടുംബ പശ്ചാത്തലത്തെക്കുറിച്ചും ദൈവവിളിയെക്കുറിച്ചും ഒന്നു വിശദീകരിക്കാമോ?*

ഞാൻ ജനിച്ചത് ഏനാത്തിനടുത്ത് പുതുശ്ശേരിഭാഗം പ്രദേശത്താണ്. എന്റെ പിതാവ് ഫിലിപ്പോസ് ഉണ്ണൂണ്ണിയും മാതാവ് ചിന്നമ്മയുമാണ്. വളരെ സാധാരണ കുടുംബമായിരുന്നു എന്റേത്. കഷ്ടപ്പാടുകൾക്കിടയിലും ദാനധർമ്മങ്ങൾ ചെയ്യാനും രാവിലെയും വൈകിട്ടും കുടുംബപ്രാർത്ഥനകൾ നടത്താനും എന്റെ മാതാപിതാക്കൾ ശ്രദ്ധിച്ചിരുന്നു. ഞങ്ങൾ ആറുമക്കളായിരുന്നു. സ്നേഹത്തിലും ഒരുമയിലും മാതാപിതാക്കളുടെ ശിക്ഷണത്തിലുമാണ് ഞങ്ങൾ വളർന്നത്. ഇടവക പ്രവർത്തനങ്ങളിലും ഞങ്ങൾ സജീവ പങ്കാളികളായിരുന്നു. കുട്ടിക്കാലത്ത് ഞാൻ വീട്ടിൽ വൈദികരെ അനുകരിച്ച് കുർബാന ചൊല്ലുകയും ധൂപം വീശുകയും ചെയ്യുമായിരുന്നു. എസ്.എസ്.എൽ.സി. പഠനത്തിനുശേഷം എന്റെ അങ്കിൾ പരേതനായ പി.പി.സാമുവേൽ എന്നെ വൈദികനാക്കുന്നതിനെക്കുറിച്ച് ബനഡിക്ട് പിതാവിനോട് സംസാരിച്ചു. അന്നത്തെ വികാരി ബഹു. സാമുവേൽ തുണ്ടിയിലച്ചൻ എന്നെ പ്രോത്സാഹിപ്പിച്ചു.

അങ്കിളും ഞാനും കൂടി ബനഡിക്ട് തിരുമേനിയെ കാണാൻ പോയി. ആ വർഷത്തെ സെമിനാരി വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പ് കഴിഞ്ഞിരുന്നു. പിതാവ് എന്നോട് ഇപ്രകാരം ചോദിച്ചു. 'കുഞ്ഞിന് അച്ചനാകാൻ ഇഷ്ടമാണോ?'. ഈ ചോദ്യം ചോദിച്ച് എന്നെ പിതാവിനോടു ചേർത്തു നിർത്തി. സെമിനാരിയിൽ ചേർന്നതിനുശേഷം ഞാൻ ഈ ജീവിതത്തെ ആഴമായി സ്നേഹിച്ചു. വിളിച്ചവനോട് വിധേയനായി ജീവിച്ചു.



*മെത്രാൻ സ്ഥാനത്തേക്കുള്ള നിയോഗത്തെ പിതാവ് എപ്രകാരം കാണുന്നു?*

എന്റെ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനം ദൈവത്തിന്റെ കരുണയാണ്. ബലഹീനനായ ഞാൻ കുട്ടിക്കാലം മുതലേ ദൈവത്തിന്റെ കരുണയിലാണ് ജീവിക്കുന്നത്. അസാധാരണമായ കഴിവുകളൊന്നും തന്നെയില്ലാത്ത എന്നെ ദൈവം പലപ്പോഴായി ഉയർത്തിക്കൊണ്ടുവന്നു. ഈ മേൽപ്പട്ട സ്ഥാനവും കരുണയുടെ പ്രകടമായ അടയാളം കൂടിയായിരുന്നു. 'എന്തുകൊണ്ട് ദൈവം എന്നോട് കരുണ കാട്ടുന്നു'. എനിക്ക് കിട്ടുന്ന ഉത്തരമിതാണ് മറ്റുള്ളവരോട് കൂടുതൽ കരുണ കാണിക്കാനുള്ള അവസരം. കൂടുതൽ തീഷ്ണമായി ശുശ്രൂഷകൾ ചെയ്യാനുള്ള അവസരം. ഇതാണ് ഈ നിയോഗത്തിലൂടെ ഞാൻ കാണുന്നതും ചെയ്യാനുദ്ദേശിക്കുന്നതും.

*ഉത്തരവാദിത്തം ഏറെയുള്ള കുരിയാ ബിഷപ്പായിട്ടാണ് അങ്ങ് സ്ഥാനമേൽക്കുന്നത്. ഈ വിളിയിലൂടെ എന്താണ് അങ്ങ് ചെയ്യാനുദ്ദേശിക്കുന്നത്?*

ഏറെ സന്തോഷത്തോടെയാണ് ദൈവം ഭരമേല്പിച്ച ഈ ഉത്തരവാദിത്തത്തെ ഞാൻ കാണുന്നത്. നമ്മുടെ സഭയുടെ ഭദ്രാസനങ്ങൾക്കതീതമായി മലങ്കര സുറിയാനി കത്തോലിക്കാ സഭയെ മുഴുവൻ ശുശ്രൂഷിയ്ക്കാനുള്ള ദൈവനിയോഗമാണ് ഈ വിളിയിലുള്ളത്. സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലിമ്മീസ് കാതോലിക്കാ ബാവാ തിരുമേനിയുടെ ഭരണനിർവ്വഹണത്തിനുള്ള സഹായങ്ങൾ നൽകുകയും സുന്നഹദോസ് കമ്മീഷൻ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നത് ഈ വിളിയുടെ പ്രധാന ഭാഗമാണ്.

*പിതാവിന്റെ ആദർശവാക്യം എന്താണ്?*

'ദൈവത്തിന്റെ കാരുണ്യം സർവ്വപ്രധാനം' എന്നതാണ്. ദൈവകാരുണ്യം സമൂഹത്തിലെത്തിക്കാനും അതുവഴി കൂടുതൽ ശുശ്രൂഷ ചെയ്യുവാനുമുള്ള ആഹ്വാനമാണ് ഈ വാക്യത്തിലുള്ളത്.

*മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലിമ്മീസ് കാതോലിക്കാ ബാവായുടെ നേതൃത്വം സമകാലിക കേരള സഭയ്ക്കും ഭാരതരാജ്യത്തിനും ചെയ്യുന്ന സേവനങ്ങളെ അങ്ങ് എപ്രകാരം വീക്ഷിക്കുന്നു?*

മനുഷ്യസ്നേഹിയായ കാതോലിക്കാ ബാവാ തിരുമേനിയുടെ പ്രചോദാത്മക പ്രവർത്തനങ്ങൾ അഭിമാനം പകരുന്നവയാണ്. ദൈവകൃപ ഏറെ പിതാവിനുള്ളതുകൊണ്ട് ക്ഷീണമില്ലാതെ എല്ലാ കാര്യങ്ങളും ചെയ്തു തീർക്കാൻ പിതാവിനു കഴിയുന്നു. അതുപോലെ സമകാലിക കേരള സഭയുടെ കാരുണ്യത്തിന്റെ മുഖമാണ് ബാവാ തിരുമേനി. ഉദാരശീലനായ ബാവാ തിരുമേനി ചെയ്ത ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്തുമാത്രമാണ്. എൺപത്തിയേഴാം പുനരൈക്യവാർഷിക ആഘോഷങ്ങളോടനുബന്ധിച്ച് ബാവാ തിരുമേനി ചെയ്ത ജീവകാരുണ്യ പ്രവർത്തനങ്ങളും മറ്റും ഏവരുടേയും പ്രശംസയ്ക്കു പാത്രീഭവിച്ചവയാണ്. പിതാവിന്റെ ചടുലമായ നേതൃത്വത്തിൽ സഭ ഒന്നായി മുന്നോട്ടുപോകുന്നത് ദൈവം പിതാവിലൂടെ പ്രവർത്തിക്കുന്നതുകൊണ്ടാണ്. ഈ കാലഘട്ടത്തിൽ ദൈവം

നമുക്കു നൽകിയ ഒരു നല്ല വരദാനവും ആത്മീയ നേതാവുമാണ് ബാവാ തിരുമേനി എന്ന് ഉറപ്പിച്ചു പറയാൻ കഴിയും.

*കൂരിയാ ബിഷപ്പ് സ്ഥാനത്തോടൊപ്പം യൂറോപ്പ് ഓഷ്യാനിയ പ്രദേശങ്ങളിലെ അപ്പസ്തോലിക് വിസിറ്റേറ്റർ കൂടിയാണ് അങ്ങ്? പുതിയ നിയോഗത്തെക്കുറിച്ച്?*

നാം വിളിക്കപ്പെട്ടത് ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുവാനാണല്ലോ. ഈ മേഖലകളിൽ പ്രവാസികളായി ജീവിക്കുന്ന നമ്മുടെ കുടുംബാംഗങ്ങളെ മുഴുവൻ മലങ്കര സുറിയാനി കത്തോലിക്കാ സഭാ ആരാധനയിൽ ഒന്നിപ്പിക്കുവാനാണ് ആഗ്രഹിക്കുന്നത്. ഇനിയും ഇവിടങ്ങളിൽ നമ്മുടെ കൂട്ടായ്മകളിൽ കടന്നുവരാത്തവരെ കണ്ടെത്തണം. നമ്മുടെ കുടുംബങ്ങളിൽ ശക്തമായ ദൈവവചനം നിറയണം. നമ്മുടെ യുവാക്കൾക്കും കുഞ്ഞുങ്ങൾക്കും സഭയുടെ വിശ്വാസം ആഴപ്പെടാനുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കണം. ഇതര സഹോദരിസഭകളുമായി ബന്ധം സ്ഥാപിച്ച് മലങ്കര സഭയുടെ സവിശേഷമായ സാക്ഷ്യം നൽകണമെന്നും ആഗ്രഹിക്കുന്നു.



*മലങ്കര കത്തോലിക്കാ സഭയിലെ പിതാക്കന്മാരായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവുമായും സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായുമായുള്ള അങ്ങയുടെ ബന്ധം ചുരുക്കിപ്പറയാമോ?*

അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ഒരു പ്രാർത്ഥനാ മനുഷ്യനായിരുന്നു. എപ്പോഴും ദൈവത്തോടുമാത്രം സംസാരിച്ചുകൊണ്ട് ജീവിതം നയിച്ച പിതാവ്. എവിടെപ്പോയാലും ചാപ്പലിൽ കയറി പ്രാർത്ഥിക്കും. യാമപ്രാർത്ഥനകൾ നിഷ്ഠയോടെ നടത്തും. വി. കുർബാന ഭക്തിയോടെ അർപ്പിക്കും. എല്ലാ മനുഷ്യരേയും സ്നേഹിച്ചു, സഹായിച്ചു. മാനവികതയുടെ പ്രവാചകൻ കൂടിയായിരുന്നു പിതാവ്.

സഭാപണ്ഡിതനും സഭാസ്നേഹിയുമായ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ എല്ലാവരിലും സഭാസ്നേഹം വളർത്താൻ ആവുന്നത്ര പരിശ്രമിച്ചു. വിദ്യാഭ്യാസ ദാർശനികൻ കൂടിയായ പിതാവ് സഭയിൽ നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങൾ പടുത്തുയർത്തി.

രണ്ടു പിതാക്കന്മാരോടൊപ്പം ജോലി ചെയ്യാൻ എനിക്കു കഴിഞ്ഞു എന്നത് ഭാഗ്യമായി കരുതുന്നു. അവരുടെ കരുതലും കരുണയും എന്നെ വളർത്തി.

*ഐക്യദീപം വായനക്കാരോട് പിതാവിനുള്ള സന്ദേശം?*

സഭയിൽ ആനുകാലികവും സഭാത്മകവുമായ വിഷയങ്ങൾ എപ്പോഴും സത്യസന്ധമായി പ്രതിപാദിക്കുന്ന ഒരു ജിഹ്വയായിട്ടാണ് ഐക്യദീപം മാസികയെ ഞാൻ കാണന്നത്. സഭാവിഷയങ്ങൾ വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്ന ഐക്യദീപം മാസിക മാദ്ധ്യമപ്രേഷിത രംഗത്ത് ചെയ്യുന്ന സേവനം എടുത്തുപറയേണ്ടതാണ്.

*മാർത്തോമ്മാ മക്കളുടെ ഐക്യം നമ്മുടെ അതിയായ ആഗ്രഹവും സ്വപ്നവുമാണ്. ആ സ്വപ്നത്തെക്കുറിച്ചുള്ള പിതാവിന്റെ കാഴ്ചപ്പാട്?*

യേശുക്രിസ്തു ആഗ്രഹിച്ചതും ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവ് ആഗ്രഹിച്ചതും പ്രവർത്തിച്ചതും 'എല്ലാവരും ഒന്നാകുക' എന്നതിനു വേണ്ടിയായിരുന്നു. എന്റെ ആഗ്രഹവും അതിനുവേണ്ടിതന്നെയാണ്. ശുഭാപ്തി വിശ്വാസത്തോടെ നാമെല്ലാം ഈ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തനം ചെയ്തുകൊണ്ടേയിരിക്കണം. ആ ലക്ഷ്യത്തിനായി പ്രാർത്ഥിച്ചുകൊണ്ടേയിരിക്കണം. ●

*(മലങ്കര സുറിയാനി കത്തോലിക്കാ സഭാ കൂരിയ മെത്രാൻ യൂറോപ്പ്, ഓഷ്യാനിയ അപ്പോസ്തോലിക് വിസിറ്റേറ്റർ അഭി. ഡോ.യൂഹാനോൻ മാർ തിയോഡോഷ്യസ് തിരുമേനിയുമായി ശ്രീ. ജോമി തോമസ് കലയപുരംഐക്യദീപം മാസികയ്ക്കുവേണ്ടി നടത്തിയ അഭിമുഖം)*



# നക്ഷത്രശോഭയുള്ള ജീവിതം മോൺ. പീറ്റർ കോച്ചേരി

**യുഎസ്എ യിലെ നമ്മുടെ മിഷൻ പ്രവർത്തനങ്ങൾ**

1984 ലാണ് അവിടെ ഔപചാരികമായ ഒരു സംവിധാനം ഉണ്ടാകുന്നത്. നമ്മുടെ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി, ന്യൂയോർക്ക് കർദ്ദിനാൾ ജോൺ ഒ' കോണർ തിരുമേനിയെ കണ്ട് അവിടുത്തെ അതിരൂപതയുടെ സംരക്ഷണത്തിൽ മലങ്കര കാതലിക് മിഷൻ ഓഫ് നോർത്ത് അമേരിക്ക എന്ന പേരിൽ ഒരു മിഷൻ സംഘടന ഉദ്ഘാടനം ചെയ്തു. അന്ന് ന്യൂയോർക്കും ന്യു ജേഴ്സിയും കണക്ടികട്ടും ഫിലാഡൽഫിയയും ചേർന്ന് അവിടുത്തെ സമീപപ്രദേശങ്ങളിലെ മലങ്കരക്കാരുടെ ഒരു പള്ളിയായി രൂപപ്പെടുത്തി. അതിനു ശേഷം 1986 ലാണ് ഞാൻ കാനഡയിൽ പോകുന്നത്. 1985 ൽ ഔപചാരികമായി തുടങ്ങിയെങ്കിലും മലങ്കര കുർബാനയൊക്കെയായിട്ടാണ് മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 1985 മുതൽ മലങ്കരയുടെ സാന്നിധ്യം അവിടെ ഉണ്ടായിരുന്നു. അതിനുശേഷം ലോങ്ഐലൻഡ്, ന്യുജേഴ്സി, ഡാലസ്സ്, ടെക്സാസ് തുടങ്ങിയ സ്ഥലങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾ ആദ്യകാലങ്ങളിൽ നേതൃത്വം നല്കിയത് ജോൺ മാത്യു അച്ചനായിരുന്നു. അതിനുശേഷം മണ്ണിക്കരോട്ട് കോർഎപ്പിസ്കോപ്പ ആർച്ച്ബിഷപ്പ് കൗൺസിൽ കോൺഫറൻസിന്റെ സംരക്ഷണയിൽ പ്രവർത്തിച്ചു. ലത്തീൻ സഭയുമായി ബന്ധപ്പെട്ട് അവരോട് വിധേയപ്പെട്ട് മലങ്കര കുർബാന ചൊല്ലാനും പ്രവർത്തിക്കുവാനും സാധിച്ചു. ജോസ് മാത്യു അച്ചൻ കോഡിനേറ്റർ സ്ഥാനം ഇല്ലാതെ പ്രവർത്തിച്ചു. പിന്നീട് കല്ലൂർ ജോൺ അച്ചൻ (ഇപ്പോഴത്തെ ക്രിസോസ്റ്റം പിതാവ്) മെത്രാപ്പോലീത്ത സ്ഥാനാരോഹിതനായതിനു ശേഷമാണ് ഞാൻ കോഡിനേറ്റർ ആയി സ്ഥാനമേൽക്കുന്നത്. ആ സമയത്താണ് മാർപ്പാപ്പ അപ്പസ്തോലിക് വിസിറ്റേറ്റർ ആയി ഐസക്ക് മാർ ക്ലീ

മ്മീസ് പിതാവിനെ നിയമിക്കുന്നത്. അപ്പോൾ മുതൽ സഭയുടെ ജൈത്രയാത്ര ആരംഭിച്ചു. അദ്ദേഹത്തിന്റെ കാൽവെയ്പ്പ് അനുഗ്രഹത്തിന്റെ ആരംഭം ആയിരുന്നു. അതിനുശേഷം ക്ലീമ്മീസ് പിതാവ് തിരുവല്ലയുടെ ആർച്ച്ബിഷപ്പ് ആയി നിയമിതനായി, ജോസഫ് മാർ തോമസ് തിരുമേനി അപ്പസ്തോലിക് വിസിറ്റേറ്റർ ആയി നിയമിതനായി.

2010 മുതലാണ് ഔപചാരികമായി ഒരു എക്സാർക്കേറ്റ് സ്ഥാപിതമാകുന്നത്. എക്സാർക്കേറ്റ് എന്നു വച്ചാൽ രൂപതയുടെ എല്ലാ നൈയാമികമായ സംവിധാനങ്ങളും ഉണ്ട്. എക്സാർക്കേറ്റിന്റെ ആദ്യത്തെ ബിഷപ്പ് തോമസ് മാർ ഔസേബിയോസ് തിരുമേനി ആയിരുന്നു. അദ്ദേഹം വലിയ പ്രവർത്തന കാര്യക്ഷമതയുള്ള വ്യക്തിയും പണ്ഡിതനും, നല്ല ഒരു സംഘാടകനും എല്ലാ ശ്രോതസ്സുകളും ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യാൻ കഴിവുള്ള വ്യക്തിയും ആയിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ വലിയ ഒരു മുന്നേറ്റം സഭയ്ക്കുണ്ടായി. ഗ്രിഗോറിയോസ് പിതാവും ക്ലീമ്മീസ് പിതാവും സ്ഥലം വാങ്ങിയിരുന്നു. പിതാവിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ഒരു മില്യൺ ഡോളർ നീക്കിയിരിപ്പ് ഉണ്ടാക്കിയെടുത്തു. അത്ര മാത്രം ളശിമിരശമഹ ാമിമഴലാലിേ സെശഹഹ ഉള്ള വ്യക്തി ആയിരുന്നു തോമസ് മാർ യൗസേബിയോസ് പിതാവ്. സാമ്പത്തിക കാര്യക്ഷമതയോടൊപ്പം സമയ നിഷ്ഠമായി പ്രവർത്തിക്കാനും പിതാവിനു സാധിച്ചു. പിതാവ് ദീർഘമായി പ്രസംഗിക്കില്ല. അദ്ദേഹത്തിന്റെ പ്രസംഗം നോർത്ത് അമേരിക്കയിലെ എല്ലാ സമുദായത്തിലും പെട്ട മലയാളികളും പ്രശംസിക്കത്തക്കവിധം സംഭാഷണ ശൈലിയുള്ള വ്യക്തിയാണ്. പള്ളികളിൽ എട്ട് മിനിറ്റിൽ കൂടുതൽ അദ്ദേഹം പ്രസംഗിക്കില്ലായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനത്തിലൂടെ എല്ലാ മിഷൻ സ്ഥലങ്ങളിലും പള്ളികൾ രൂപപ്പെടുത്തി എടുത്തു. ന്യൂജേഴ്സിയിൽ ഒന്നാന്തരം കത്തീഡ്രൽ സ്വന്തമാക്കുകയും അതിന്റെ മദ്ബഹാ മലങ്കര രീതിയിൽ പുതുക്കി പണിയുകയും അരമന നിർമ്മിക്കുകയും ചെയ്തു. പിതാവിന്റെ മറ്റൊരു വലിയ ഗുണം എന്നു പറഞ്ഞാൽ ബാവാ പിതാവിന്റെ എല്ലാ ബന്ധങ്ങളും സംരക്ഷിക്കാൻ ചെയ്യാൻ സാധിച്ചു എന്നാണ്. ആ ബന്ധങ്ങൾ വഴി അനേകം കാര്യങ്ങൾ ലഭിക്കാൻ സാധിച്ചു. ഇപ്പോൾ ഭദ്രാസനത്തെ സംബന്ധിച്ച് ഒരു സുവർണ്ണ കാലമാണ്, മിക്ക ഇടവകകൾക്കും പള്ളി ആയി. അദ്ദേഹം വരുമ്പോൾ ഇടവകകൾ ഇല്ലായിരുന്നു. മിഷൻ പ്രവർത്തനം ആയിരുന്നു. പഴയ എല്ലാ മിഷനുകളും ഇപ്പോൾ പള്ളിയായി മാറ്റിയെടുക്കാൻ സാധിച്ചു.



**ആരാധനയോടുള്ള താത്പര്യം**

ആളുകൾക്ക് ആരാധനയോട് താല്പര്യം ഉണ്ട്. മലങ്കര സ്വഭാവം നിലനിർത്താൻ ആഗ്രഹം ഉള്ള വ്യക്തികളാണ് ഭൂരിഭാഗം ആളുകളും (1st generation). എന്നാൽ രണ്ടാം ജനറേഷന്റെ കാര്യം വേറെ ഒരു വിഷയം ആണ്. നമ്മുടെ അജപാലന പ്രവർത്തനം വൈകിയതുകൊണ്ട് നല്ല ശതമാനം തലമുറകളും, പ്രത്യേകിച്ച് 30 വയസ്സിനു താഴെയുള്ള അനേകർ നഷ്ടപ്പെട്ടിട്ടുണ്ട്. അതിൽ പലരും ഒരുപള്ളിയിലും പോകാത്തവരും കുറച്ചു പേർ ലത്തീൻ പള്ളികളിൽ ആരാധനയ്ക്കു പോയി എന്നതാണ്. നമ്മുടെ ആരാധന എന്തിനാണ് എന്നു ചോദിക്കുന്ന ചെറുപ്പക്കാർ ധാരാളം ഉണ്ട്. പക്ഷേ കഴിഞ്ഞ 10-15 വർഷമായി സജീവമായി ആരാധന ശുശ്രൂഷ നടക്കുന്നതുകൊണ്ട് ഇപ്പോൾ കുറെക്കൂടി ഉത്സാഹം കാണുന്നുണ്ട്. പ്രധാനമായും ആരാധന അവർക്ക് മനസ്സിലാകാത്തതുകൊണ്ടാണ് മലങ്കരയിൽ ജനിച്ചു വളർ

ന്നില്ലെങ്കിൽ മലങ്കര ആരാധനയും സംസ്കാരവും പെട്ടെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്. പാശ്ചാത്യ രീതിയിൽ ജനിച്ചു വളർന്ന അവരെ സംബന്ധിച്ച് മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്. പ്രധാനമായും ആരാധനയെല്ലാം മലയാളത്തിൽ ആയിരുന്നു.

യൗസേബിയോസ് തിരുമേനി വന്നതിനു ശേഷം ആരാധനയെല്ലാം ഇംഗ്ലീഷ് ആക്കി. വി. കുർബാന, കൂദാശകൾ, നമസ്ക്കാരങ്ങൾ എല്ലാം ഇംഗ്ലീഷിൽ ആക്കി. സ്വന്തം പ്രയത്നം കൊണ്ട് ഒരു വർഷം കൊണ്ട് എല്ലാം ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി. ഇത് വലിയ പ്രതീക്ഷ നല്കുന്നു. പുതിയ തലമുറ ഇതുവഴി സജീവമായി. നിലവിൽ 16 പള്ളികളിലും വൈദികരും വിശ്വാസികളും സജീവമായി നില്ക്കുന്നു.

**എല്ലാം നല്ലതിന്**

47 വർഷമാകുന്നു വൈദികനായിട്ട്. ഞാൻ സംതൃപ്തനാണ്. ഒരു കാലത്ത് ക്യാൻസർ വന്നു. ക്യാൻസർ വന്നത് ഭാഗ്യമായി എന്ന് വിചാരിക്കുന്ന ആളാണ് ഞാൻ. അതുകൊണ്ട് ജീവിതത്തെ സംബന്ധിച്ച് ആഴമായി ചിന്തിക്കാൻ സാധിച്ചു. എനിക്ക് മരണഭയം ഉണ്ടായിരുന്നു. ക്യാൻസർ വന്നതുകൊണ്ട് മരണഭയം ഇല്ലാതായി. ലുക്കിമിയ ആണെന്നു അറിഞ്ഞപ്പോൾ, മരിക്കും എന്ന് ഡോക്ടർ മുഖത്തു നോക്കി പറഞ്ഞു. ചികിത്സ ഒന്നുമില്ല. എന്നാൽ അത് അഭിമുഖീകരിക്കേണ്ടി വന്നു. മരണഭയം മാറി. പുതിയ കാഴ്ചപ്പാട് ജീവിതത്തെ സംബന്ധിച്ച് ഉണ്ടായി. ഇടവക ജീവിതത്തിൽ കയ്പേറിയ അനുഭവങ്ങൾ ഉണ്ടായിട്ടില്ല. ആളുകൾ സ്നേഹമുള്ളവരും സഹകരണമുള്ളവരും ആയിരുന്നു. ഞാൻ വ്യക്തിപരമായി സാധാരണ ജനങ്ങൾക്ക് പരിധിവിട്ട് പോലും അവകാശങ്ങൾ സാധിച്ചു കൊടുക്കാറുണ്ട്. അത് അവരെ ശക്തിപ്പെടുത്താനാണ്. അതിന് ഗുണവും ദോഷവും ഉണ്ട്. വൈദിക ജീവിതത്തിൽ സന്തോഷം മാത്രമേയുള്ളൂ. അമേരിക്കയിൽ വെള്ളക്കാരുടെ ഇടയിൽ ജോലി ചെയ്യുന്നുണ്ട്. അമേരിക്ക, കാനഡ തുടങ്ങിയ സ്ഥലങ്ങളിൽ പ്രധാനമായും ജീവിത സുഖം മാത്രമല്ല അവരുടെ ഇടയിലെ പ്രേഷിതജീവിതം വ്യത്യസ്തമാണ്, ആളുകൾക്ക് നമ്മളെ പ്പറ്റിയുള്ള ലഃുലരമേശേീി കുറവാണ്. ചെറിയ കാര്യങ്ങൾ ചെയ്തു കൊടുത്താൽ പോലും വിലമതിക്കാനുള്ള അവരുടെ മനസ്സ് നമുക്ക് അതിശയം തോന്നിപ്പിക്കും. പരസ്പര ബഹുമാനത്തോടെ ഇടപെടുന്ന അവരുടെ സ്വഭാവം ഏറെ സന്തോഷകരമാണ്. ഒരു പക്ഷെ നമ്മൾക്ക് ചിലതൊക്കെ അവരിൽ നിന്നു പഠിക്കാനുണ്ട്.

**ഓർമ്മകൾ**

ഓർമയുടെ ബന്ധങ്ങൾ തിരുവല്ലയിൽ മാത്രമാണ്. ഞാൻ ഇപ്പോഴും വൈകാരികമായി തിരുവല്ലയോട് വളരെ അടുപ്പമുണ്ട്. മൂവാറ്റുപുഴക്കാരനാണെങ്കിലും ഇപ്പോഴും സ്വപ്നം കാണുന്നത് തിരുവല്ലയുമായി ബന്ധപ്പെട്ടാണ്. 14 വയസ്സിനു ശേഷമുള്ള എല്ലാ അനുഭവങ്ങളും തിരുവല്ല രൂപതയുമായി ബന്ധപ്പെട്ടാണ്. നല്ല ഓർമ്മകളാണ് തിരുവല്ലയുമായി. അത്തനാസിയോസ് പിതാവുമായും യൂഹാനോൻ പിതാവുമായും ബന്ധപ്പെട്ട് നല്ല ഓർമ്മകളാണ്. തിമോത്തിയോസ് പിതാവുമായി കൂടുതൽ കടപ്പെട്ടിരിക്കുന്നു. ഞാൻ എന്തായിരിക്കുന്നുവോ അത് പിതാവ് കാരണമാണ്. 14 വയസ്സിൽ വീടുവിട്ടപ്പോൾ പിതാവ് റെക്ടർ ആയിരുന്നു. അപ്പന്റെയും അമ്മയുടെയും സ്നേഹം തന്നു. പിതാവ് വികാരി ജനറാൾ ആയിരുന്നപ്പോൾ ആണ് കാനഡയിൽ വിട്ടത്. രണ്ടാമത് അമേരിക്കയിൽ അയച്ചതും പിതാവാണ്. എല്ലാ പുരോഗതിയും ഉണ്ടായത് പിതാവിൽ നിന്നാണ്. ജീവിതത്തിൽ ഏറ്റവും കൂടുതൽ കടപ്പാടുള്ളത് തിമോത്തിയോസ് പിതാവിനോടാണ്. തിരുവല്ലയിലെ ഇപ്പോഴത്തെ ആർച്ച്ബിഷപ്പായ കൂറിലോസ് പിതാവിനോടും നല്ല ബന്ധമുണ്ട്. ഞങ്ങൾ സഹപ്രവർത്തകരായിരുന്നു, കൂരിയായിൽ. അദ്ദേഹം ചാൻസലറും ഞാൻ റെക്ടറും ആയിരുന്നു. ബാവാ തിരുമേനിയുമായി ആഴമായി സ്നേഹബന്ധം പുലർത്തുന്നുണ്ട്. അദ്ദേഹത്തെ അമേരിക്കയിൽ സ്വീകരിക്കുന്ന സമയത്താണ് ഡോക്ടർ എനിക്ക് ക്യാൻസർ ആണെന്നും മരിക്കുമെന്നും പറയുന്നത്. പിതാവിനെ സ്വീകരിക്കുമ്പോൾ അസുഖവിവരമറിഞ്ഞ് വരുന്നവഴി ആയതിനാൽ സ്വാഭാവികമായ ദുഃഖത്തിൽ ആയിരുന്നു. പിതാവും സ്വീകരണചടങ്ങിൽ സംബന്ധിച്ചവരും ഈ വിവരം അറിഞ്ഞില്ല, അതിനാൽ തന്നെ എന്റെ സ്ഥാനം നഷ്ടമാകുന്നതിലെ വിഷമമാണെന്നു തെറ്റിദ്ധരിച്ചിരിക്കാൻ സാധ്യതയുണ്ട്. അസുഖവിവരം ആദ്യം പറയുന്നത് ബാവാതിരുമേനിയോടാണ്. ബാവാ തിരുമേനി സഭയുടെ വലിയ സമ്മാനമാണ്. അദ്ദേഹം അനുഗ്രഹീതനായ മനുഷ്യനാണ്. ഭാഗ്യപ്പെട്ട സഭയാണ് നമ്മുടേത്.

നോർത്ത് അമേരിക്കൻ സഭ

അവിടുത്തെ സഭയെപ്പറ്റി പറഞ്ഞാൽ കേരളത്തിൽ പ്രവർത്തിക്കുന്ന ാശിറ ലെ മായി പ്രവർത്തിക്കാൻ ബുദ്ധിമുട്ടാണ്. 30 വർഷത്തെ പരിചയം കൊണ്ടാണ് പറയുന്നത്. അമേരിക്കക്കാർ individual freedom ഉള്ള ആൾക്കാരാണ്.

അല്പം വ്യത്യാസത്തോടുകൂടി മാത്രമേ പ്രവർത്തിക്കാൻ പറ്റൂ. ഇപ്പോൾ അവിടെ ജനിച്ചു വളർന്ന രണ്ട് അച്ചന്മാരുണ്ട്, ജെറി & മൈക്കിൾ. അതോടൊപ്പം സിസ്റ്റർ ജോസ്‌ലിൻ. അവിടുത്തെ സഭയെ ദൈവം തമ്പുരാൻ ആദരിക്കുന്നു എന്നതിന്റെ തെളിവാണ് ദൈവവിളി. അതോടൊപ്പം കാനഡയിൽ ജോബി എന്ന കാഞ്ഞിരപ്പാറ ഇടവകയിൽ നിന്നുള്ള വ്യക്തി. എന്നാലും ഒരുപാട് ചലഞ്ചസും ഉണ്ട് അവിടെ പ്രവർത്തിക്കാൻ. അച്ചന്മാരുടെ അഭാവം, പിന്നെ ഭൂമിശാസ്ത്രപരമായ അകലം. വിമാന യാത്ര ചെയ്തുവേണം ചില പള്ളികളിൽ പോകാൻ. അതുകൊണ്ട് ദൂരം ഒരു വലിയ പ്രശ്നം ആണ്. പിന്നെ രണ്ട് രാജ്യങ്ങളാണ് (അമേരിക്ക & കാനഡ), രണ്ടു രാജ്യങ്ങൾക്കും രണ്ട് നിയമങ്ങളും. അങ്ങനെ അതിന്റേതായ വെല്ലുവിളികൾ പുതിയ ബിഷപ്പിനുണ്ടാകും.

വായന

ഇപ്പോഴും വായിക്കുന്നുണ്ട്. വായന ഇല്ലെങ്കിൽ മുരടിച്ചു പോകും എന്ന അവസ്ഥയാണ്. ടൈം മാഗസിൻ ഉൾപ്പെടെയുള്ള വായന ആനുകാലികമായി ചിന്തിക്കാൻ സഹായിക്കുന്നു. പുസ്തകങ്ങൾ വിലകൊടുത്ത് വാങ്ങി വായിക്കും. ഒരു മാസം 1-2 പുസ്തകങ്ങൾ എങ്കിലും വായിക്കും. അത് നമ്മുടെ സംഭാഷണത്തെയും ചിന്തകളെയും സ്വാധീനിക്കും. ലോകചരിത്രം പരിശോധിച്ചാൽ, ഏതു വലിയ മനുഷ്യനാണെങ്കിലും ചിന്തപരമായി വളരാൻ വായിക്കണം. വെള്ളക്കാരുടെ പള്ളിയിൽ ഞാൻ പണ്ഡിതനാണെന്നാണ് ധാരണ. പ്രസംഗത്തിൽ വായനാശീലം നിഴലിക്കുമല്ലോ. ഏതു മനുഷ്യനാണെങ്കിലും എഴുതുന്നതും പറയുന്നതും പരിശുദ്ധാത്മാവിന്റെ പ്രചോദനം കൊണ്ടാണ്. ദൈവം വെളിപ്പെടുത്തിയ കാര്യങ്ങളാണ് വായിക്കുന്നത്. വായിക്കാത്തവൻ മുരടിച്ചു പോകും.

പുതിയ മെത്രാൻ

Basic ആയ എല്ലാ കാര്യങ്ങളും യൗസേബിയോസ് പിതാവ് ഉണ്ടാക്കിയെടുത്തു. പള്ളികളായി, യുവാക്കൾക്കുവേണ്ടി ആരാധനക്രമകാര്യങ്ങളിൽ ഭാഷാപരമായ പരിമിതികൾ മാറ്റിയെടുത്തു. ഓരോരുത്തർക്കും പ്രത്യേകമായ ഗുണങ്ങൾ ഉണ്ടല്ലോ. സ്തേഫാനോസ് പിതാവിന്റെ നല്ല പെരുമാറ്റം, നന്മ, ഇടപെടൽ ഇതൊക്കെ വലിയ മുതൽ കൂട്ടാണ്. ബന്ധങ്ങൾ വഴിയാണ് ഇവിടെ മുൻഗാമികൾ നേട്ടങ്ങൾ കൈവരിച്ചത്. ആ ബന്ധങ്ങൾ തുടരണം. പൗരസ്ത്യ സഭകളുമായി ബന്ധങ്ങൾ പുലർത്തണം. ഇവിടെ ശക്തമായ ബിഷപ്പ് കോൺഫറൻസ് ഉണ്ട്. രാഷ്ട്രീയമായും സാമ്പത്തികമായും ശക്തമായ ഈ കോൺഫറൻസിലെ പ്രാതിനിധ്യം വലിയ അംഗീകാരമാണ്. ഇവിടെ ഒരു പാസ്റ്ററൽ സെന്റർ തുടങ്ങേണ്ടത് ആവശ്യമാണ്. വൈദികരുടെ അഭാവം ഉണ്ട്. അത് ഗൗരവമുള്ള വിഷയമാണ്. സ്തേഫാനോസ് പിതാവിനെ പ്രതീക്ഷയോടെയാണ് എല്ലാവരും കാത്തിരിക്കുന്നത്. ഒരുമയോടെ പ്രവർത്തിക്കുന്ന വൈദികരും വിശ്വാസികളും അവിടെയുണ്ടെന്നുള്ളത് പിതാവിന് കരുത്തു നല്കും.

●





# തീച്ചൂളയിലെ സഭ

## അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭ



ജോമി തോമസ് കലയപുരം

**ക്രി**സ്തുവിന്റെ അനുയായികളെ ക്രിസ്ത്യാനികളെന്ന് വിളിക്കപ്പെട്ടത് അന്ത്യോക്യയിൽ വച്ചാണ്. പ്രാചീന റോമാ സാമ്രാജ്യത്തിലെ മൂന്നാമത്തെ വൻ നഗരമായിരുന്നു അന്ത്യോക്യ. ആദ്യകാലത്തു തന്നെ സഭ അന്ത്യോക്യയിൽ വളർന്നുവന്നിരുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ പലരും അന്ത്യോക്യയിൽ താമസിക്കുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. ജറുസലേം തകർക്കപ്പെട്ടതോടുകൂടി അന്ത്യോക്യ ക്രൈസ്തവരുടെ പ്രധാന സഭാ കേന്ദ്രമായി മാറി. ഇങ്ങനെ രൂപം കൊണ്ട അന്ത്യോക്യൻ സഭയിൽ പിൽക്കാലത്ത് പല കലഹങ്ങളുണ്ടാവുകയും സഭ ഛിന്നഭിന്നമാവുകയും ചെയ്തു. അന്ത്യോക്യ കേന്ദ്രമായി രൂപപ്പെട്ട ആരധനാ രീതി പിൽക്കാലത്ത് മറ്റ് സ്ഥലങ്ങളിലേക്ക് വ്യാപിക്കുകയും അന്ത്യോക്യൻ രീതിയിലുള്ള ആരാധനകൾക്ക് സഹായകമാവുകയും ചെയ്തു. അന്ത്യോക്യൻ ആരാധനാ സമ്പ്രദായം പിന്തുടരുന്ന നിരവധി കത്തോലിക്കാ സഭകളും അകത്തോലിക്കാ സഭകളുമുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു കത്തോലിക്കാ സഭയാണ് അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭ.

അന്ത്യോക്യയിലെ പ്രബല സഭയായ അന്ത്യോക്യൻ യാക്കോബായ സഭയിൽ നിന്നും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടവർക്കായി രൂപീകൃതമായ പാത്രിയാർക്കേറ്റാണ് അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭ. കുരിശുയുദ്ധകാലത്ത് ഭിന്നിച്ചു നിന്ന യാക്കോബായക്കാർ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാൻ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തിരുന്നു. ഇതിനുകാരണം കത്തോലിക്കാ സന്യാസ സമൂഹങ്ങളുടെ സ്വാധീനവും മിഷൻ പ്രവർത്തനവുമായിരുന്നു. 1626-ൽ ജസ്യൂട്ട് സന്യാസിമാരും കപ്പൂച്ചിൻ സന്യാസിമാരും അന്ത്യോക്യൻ അധികാരത്തിൽപ്പെട്ട ആലപ്പോകേന്ദ്രമാക്കി പ്രേഷിത ശുശ്രൂഷകൾ ആരംഭിച്ചു. ഉത്തര സിറിയയിലെ ആലപ്പോ സഭൈക്യ പ്രവർത്തനങ്ങളുടെ കേന്ദ്രമായി വളർന്നു വന്നു.

1560-ൽ മുസ്ലീങ്ങളുടെ പീഡനം സഹിക്കവയ്യാതെ അഹത്തുള്ളാ എന്ന യാക്കോബായാ പാത്രിയാർക്കീസ് യാക്കോബായാ സഭയിൽ നിന്നും റോമിൽ അഭയം തേടുകയും അവിടെ അദ്ദേഹം പതി

നാറു വർഷം താമസിക്കുകയും ഗ്രിഗറി പതിമൂന്നാമൻ മാർപ്പാപ്പായുടെ ഗ്രിഗോറിയൻ കലണ്ടർ പരിഷ്ക്കരണത്തിൽ പങ്കാളിയാവുകയും ചെയ്തു.

1656-ൽ ആൻഡ്രൂ അകിജാൻ എന്നയാൾ കത്തോലിക്കാ സഭയെ സ്വീകരിച്ച് വൈദികനും മെത്രാനുമായി. ആലപ്പോയിലെ പ്രഥമ മെത്രാപ്പോലീത്തായായി അദ്ദേഹം നിയമിതനായി. ഇഗ്നേഷ്യസ് ശക്രുള്ള എന്ന അന്ത്യോക്യൻ യാക്കോബായ പാത്രിയാർക്കീസ് കാലം ചെയ്തപ്പോൾ 1662-ൽ അകിജൻ ആലപ്പോയിലെ കത്തോലിക്കാ പാത്രിയാർക്കീസ് സ്ഥാനം ഏറ്റെടുത്തു. 1677-ൽ അകിജാൻ പാത്രിയാർക്കീസിന്റെ പിൻഗാമിയായി അന്നത്തെ ജറുസലേമിലെ യാക്കോബായ മെത്രാനെ നിയമിച്ചു. കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട ഇദ്ദേഹം ഇഗ്നാത്തിയോസ് പത്രോസ് എന്ന പേരിൽ പാത്രിയാർക്കീസായി. റോം ഇക്കാര്യം അംഗീകരിച്ചെങ്കിലും ഇതിനുശേഷം പാത്രിയാർക്കീസ് പരമ്പര അന്ത്യോക്യൻ കത്തോലിക്കാ സഭയിൽ നിലച്ചു പോയി.

1782 - ൽ മൈക്കിൾ ഷാർവേ എന്നയാൾ കത്തോലിക്കാ പാത്രിയാർക്കീസായി തെരഞ്ഞെടുക്കപ്പെട്ടെങ്കിലും എതിർപ്പുകൾ മൂലം അദ്ദേഹം ലബനോൻ മലനിരകളിലെ ഷർഫ ആശ്രമത്തിലേക്ക് പലായനം ചെയ്തു അവിടെ അദ്ദേഹം പ്രാർത്ഥനയിലും സന്യാസപ്രവർത്തനങ്ങളിലും കഴിച്ചുകൂട്ടി. 1800-ൽ അദ്ദേഹം കാലം ചെയ്തു.

1829-ൽ തുർക്കി ഭരണകൂടം അന്ത്യോക്യയിലെ കത്തോലിക്കാ സഭയ്ക്ക് അംഗീകാരം നൽകി. 1800 മുതൽ തുടർച്ചയായി അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭയ്ക്ക് പാത്രിയാർക്കീസ് പരമ്പര നിലനിൽക്കുന്നുണ്ട്. നിരവധി യാക്കോബായാ വിശ്വാസികളും മെത്രാന്മാരും വൈദികരും അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭയിൽ പല അവസരങ്ങളിലായി പുനരൈക്യപ്പെട്ടിട്ടുണ്ട്. സിറിയയിലെ ആഭ്യന്തര പ്രശ്നങ്ങളും ലബനീസ് യുദ്ധങ്ങളും ഈ സഭയുടെ വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്നു. നിരവധി സഭാംഗങ്ങൾ അഭയാർത്ഥികളായി പല രാജ്യങ്ങളിലും കഴിഞ്ഞുകൂടുകയാണ്. അമേരിക്ക, യൂറോപ്പ് ഉൾപ്പെടെ നിരവധി രാജ്യങ്ങളിൽ അധിവസിക്കുന്ന ഈ സഭാംഗങ്ങളുടെ പാത്രിയാർക്കേറ്റ് ആസ്ഥാനം ബെയ്റൂട്ടിലാണ്. 205,440 വിശ്വാസികളും 13 രൂപതകളും 13 മെത്രാന്മാരുമുള്ള ഈ സഭയിലെ ഇപ്പോഴത്തെ പാത്രിയാർക്കീസ് ഇഗ്നാത്തിയോസ് ജോസഫ് യോഹന്നാൻ ത്രിതീയനാണ്. ഭാഗ്യസ്മരണാർഹനായ കർദ്ദിനാൾ ദാവൂദ് മൂസ് (പൗരസ്ത്യ തിരുസംഘം മുൻ തലവൻ) ഈ സഭയിലെ പാത്രിയാർക്കീസായിരുന്നു.



സിറിയയിലെ ആഭ്യന്തര യുദ്ധത്തെത്തുടർന്ന് അന്ത്യോക്യൻ സിറിയൻ കത്തോലിക്കാ സഭ പീഡനങ്ങളുടെ നടുവിലാണ്. നിരവധി ദൈവാലയങ്ങളും സഭാ സ്ഥാപനങ്ങളും തകർക്കപ്പെട്ടു. നിരവധി സഭാ വിശ്വാസികൾ കൊല്ലപ്പെടുകയും ആയിരക്കണക്കിനാളുകൾ പലായനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അന്ത്യോക്യൻ സഭ പീഡനങ്ങളുടെ നടുവിൽ ക്രിസ്തുവിന്റെ സാക്ഷ്യം ഉയർത്തിപ്പിടിക്കുമ്പോൾ അതേ ആരാധനക്രമം പിന്തുടരുന്ന സഹോദരി സഭയെന്ന നിലയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ സഹായഹസ്തം നൽകുന്നത് ഏറെ അഭിമാനം പകരുന്നു. കഴിഞ്ഞ എൺപത്തിയേഴു വർഷങ്ങളായി സമാധാനത്തിന്റെ വക്താക്കളായി പരിശുദ്ധാത്മാവിന്റെ നിറവിൽ ജീവിക്കുന്ന സമൂഹമാണ് മലങ്കര കത്തോലിക്കാസഭ. കേസുകൾക്കും വ്യവഹാരങ്ങൾക്കും നൽകാൻ നമുക്കു പണമില്ല. മറിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന ക്രിസ്തുസാക്ഷികളുടെ സമൂഹമാണ് നമ്മുടെ സഭ. അന്ത്യോക്യൻ സഭാകൂട്ടായ്മയ്ക്ക് സഹായങ്ങൾ നൽകി അവരെ കൈപിടിച്ചുയർത്താൻ ശ്രമിക്കുന്ന നമ്മുടെ സഭാ തലവൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാളും സഹോദര മെത്രാന്മാരും നമുക്ക് അഭിമാനമാണ്. ഇവർ ജീവിക്കുന്ന കാലഘട്ടത്തിൽ ജീവിക്കാൻ ദൈവം തന്ന കരുണയെ സ്തുതിക്കുന്നു. തീച്ചൂളയിലെ സഭ ക്രിസ്തുവിന്റെ രക്ഷാകര ദൗത്യത്തിൽ തുടർന്നും പങ്കാളിയാകാൻ നമുക്ക് പ്രാർത്ഥിക്കാം. ●

# ഇനി നിങ്ങൾ അന്യരോ പരദേശികളോ അല്ല

ഫാ. സ്റ്റീഫൻ കുളത്തുംകരോട്ട്





**ഓ**ഷ്യാനിയ നിവാസികളായ മലങ്കര കത്തോലിക്കാ സഭാംഗങ്ങൾക്ക് അത്യധികം സന്തോഷവും പ്രചോദനവും നൽകുന്ന സുവാർത്തയാണ് പരിശുദ്ധ സഭയിലൂടെ സംജാതമായിരിക്കുന്നത്. കഴിഞ്ഞ നാലു വർഷങ്ങളിലായി രൂപീകൃതമായികൊണ്ടിരിക്കുന്ന ചെറുതെ ങ്കിലും ഊർജ്ജസ്വലങ്ങളായ 11 സഭാസമൂഹങ്ങൾ കാനോ നിക സംവിധാനത്തിലേക്ക് പ്രവേശിക്കുകയെന്നത് ഇവിടുത്തെ സഭാമക്കൾക്കു ള്ള അംഗീകാരവും വലിയ പ്രതീക്ഷയുമാണ്. ഓഷ്യാ നിയ മേഖലയിലെ സഭാ കൂട്ടായ്മയുടെ അപ്പസ്തോലിക് വിസിറ്റേറ്റർ ആയി നിയമിതനായ അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് മെത്രാപ്പോലീത്തായ്ക്ക് അനുമോദനങ്ങൾ അർപ്പിക്കുകയും പിതാവിന്റെ സഭാ നിയമ പരിജ്ഞാനവും പ്രാഗൽഭ്യങ്ങളും മലങ്കര കത്തോലിക്കാ സമൂഹത്തിന്റെ സമഗ്ര വളർച്ച യ്ക്ക് കാരണമാക ട്ടെ എന്ന് പ്രാർത്ഥി ക്കുകയും ചെയ്യുന്നു.

മലങ്കര കത്തോ ലിക്കാ സഭയ്ക്ക് അഭിമാനമായി പുനരൈക്യത്തിന്റെ പതിനെട്ടാം വർഷത്തിൽ 1948 ൽ മെൽബൺ അതിരൂപതയുടെ ശതാബ്ദി ആഘോഷങ്ങളുടെ വിശിഷ്ടാതിഥി യായി മാർ ഈവാ നിയോസ് വലിയ മെത്രാപ്പോലീത്ത ക്ഷണിക്കപ്പെട്ടു. സുപ്രസിദ്ധരായ ആർച്ച് ബിഷപ്പ് ഫുൾട്ടൺ ജെഷീനിനും ന്യൂയോ ർക്ക് ആർച്ച് ബിഷ പ്പ് കാർഡിനൽ സ്പെൽമാനും ഒപ്പം സിഡ്നിയിൽ വന്നിറങ്ങിയ അഭിവന്ദ്യ പിതാ വിനെ ആദരവോടും ഏറെ അത്ഭുതത്തോടെയുമാണ് ഓസ്ട്രേലിയൻ സമൂഹം സ്വീകരിച്ചത്. അവർക്ക് പരിചിതമല്ലാത്ത രൂപഭാവങ്ങളും വേഷവിധാനങ്ങളുമായി വന്നിറങ്ങിയ അഭിവന്ദ്യ പിതാവിന്റെ സന്ദർശനത്തിന് അന്നത്തെ മാധ്യമങ്ങൾ ആശർഷകങ്ങളായ തലക്കെട്ടൊരുക്കി. Bearded Archbishop wears purple Turban and Robes എന്നാണ് The Advocate ദിനപ്പത്രം റിപ്പോർട്ടെഴുതിയത്. വ്യത്യസ്തനായ അതിഥിയുടെ വിശേഷങ്ങളറിയാൻ ചുറ്റും കൂടിയവരോട് മലങ്കര കത്തോലിക്കാ സഭയെക്കുറിച്ചും പുനരൈക്യത്തെക്കുറിച്ചും ഒക്കെ അദ്ദേഹം സ്നേഹപൂർവ്വം വിശദീകരിച്ചു. നമ്മുടെ കർത്താവായ ഈശോമിശിഹാ സംസാരിച്ചിരുന്ന അറമായ ഭാഷയിൽ ആണ്

തങ്ങൾ ബലിയർപ്പിക്കുന്നതെന്നും ഇവിടെയും ഈ പ്രത്യേക ക്രമത്തിൽ തന്നെയായിരിക്കും ബലിയർപ്പിക്കുന്നത് എന്നും അറിയിച്ചപ്പോൾ ലത്തീൻ ക്രമം മാത്രം പരിചിതമായ ഓസ്ട്രേലിയൻ സഭയ്ക്ക് അത് അത്ഭുതകരമായ അറിവായിരുന്നു. അങ്ങനെ മലങ്കര ആരാധനക്രമത്തിൽ ബലി യർപ്പിച്ച് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോ ലീത്ത 1948ൽ തന്നെ ഓസ്ട്രേലിയയിൽ മലങ്കര കത്തോലിക്കാ സഭയുടെ നാന്ദി കുറിച്ചു.

ഇന്ന് ഇവിടുത്തെ സഭയിലെ നേതൃത്വത്തിൽ വിരാജിക്കുന്ന വിശിഷ്ട വ്യക്തികൾ പലരും അന്ന് ഈവാനിയോസ് തിരുമേനിയുടെ ബലിയർപ്പണത്തിൽ പങ്കു ചേർന്നിട്ടുള്ളവരാണ് എന്നത് അവർക്ക് മലങ്കര സഭയോട് പ്രത്യേക സ്നേഹത്തിനും നമുക്ക് ഏറെ അഭിമാനത്തിനും വകനൽകുന്നു. ഇന്നും ഏറെ അത്ഭുതത്തോടെ മാർ ഈവാനിയോസ് തിരുമേനിയെ സ്മരിക്കുന്ന മെൽബൺ ആർച്ച് ബിഷപ്പ് ഡെന്നിസ് ഹാർട്ട് കിട്ടുന്ന അവസരത്തിലൊക്കെ നമ്മുടെ സഭയുടെ മനോഹാരിതയെ പ്രശംസിക്കാറുണ്ട്.

2002 ഒക്ടോബർ 20 -ാം തീയതി മാർ ഈവാനിയോസ് തിരു മേനിയുടെ സന്ദർശനത്തേയും മെൽബൺ അതിരൂപതയുമായുള്ള ബന്ധത്തെയും അനുസ്മരിച്ചുകൊണ്ട് മലയാളി സമൂഹത്തോട് അദ്ദേഹം പറഞ്ഞു, 'നിങ്ങളുടെ അതിമനോഹരമായ ആരാധനാരീതി അതിന്റെ പൂർണ്ണതയിൽ നിങ്ങൾ ഈ നാട്ടിൽ ഉപയോഗിക്കണം. 'തലമുറകളോടുള്ള മനോഹരപ്രവചനം !

ഈവാനിയോസ് തിരുമേനിയുടെ സന്ദർശന മധ്യേ അദ്ദേഹത്തിന്റെ ക്ലാസ്സിൽ പങ്കെടുക്കാനവസരം ലഭിച്ച ഫാ. ആൽബർട്ട് ഒ.എഫ്.എം. ഇന്ന് ന്യൂസിലന്റിൽ വിശ്രമ ജീവിതം നയിക്കുന്നു. മലങ്കര ആരാധനക്രമ പുസ്തകങ്ങളെക്കുറിച്ചുമൊക്കെയുള്ള തിരുമേനിയുടെ പ്രഭാഷണങ്ങളെയോർത്തുകൊണ്ട് അദ്ദേഹം പറയുന്നു 'He was a genius'!


മെൽബൺ ആർച്ച് ബിഷപ്പ് ഡെന്നിസ് ഹാർട്ട്

"ഒരു അസാധാരണ സന്ദർശകൻ' എന്ന അടിക്കുറിപ്പോടെയാണ് വെസ്റ്റേൺ ഓസ്ട്രേലിയായിലെ ഗിൽഫോർഡ് സെന്റ് ചാൾസ് സെമിനാരിയിലെ ചരിത്ര രേഖകളിൽ അദ്ദേഹത്തിന്റെ ചിത്രം രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്തയുടെ ഓർമ്മകൾ കാത്തു സൂക്ഷിക്കുന്ന കത്തോലിക്കാ സഭാ നേതൃത്വം ആണ് ഇന്ന് ഓഷ്യാനിയായിലുള്ളത് എന്നത് നമുക്ക് സന്തോഷകരവും അനുഗ്രഹ പ്രദവുമാണ്. ലോകത്തിലെ ഒട്ടുമിക്ക സംസ്കാരങ്ങളുടേയും ഒരു മികച്ച മിശ്രണമാണ് ഈ നാട്ടിലുള്ളത്. മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും, ജോലിയും തേടി പ്രവാസികളായി വന്നവരും, അഭയാർത്ഥികളായി എത്തിയവരും ഒക്കെ ചേരുന്ന ഒരു പൊതു സമൂഹമാണിത്. ഭിന്ന സംസ്കാരങ്ങളുടെ നാട് (Multi Cultural Land) എന്നാണ് ഈ ഭൂഖണ്ഡം അറിയപ്പെടുന്നതുതന്നെ. 2016 സെൻസസ് പ്രകാരം ജനസംഖ്യയിൽ പകുതിയിൽ കൂടുതൽ (52 ) ക്രിസ്ത്യാനികൾ ആണ്. എന്നാൽ മതമില്ലാത്ത വരായി രേഖപ്പെടുത്തിയവരുടെ (30 ) അഭൂതപൂർവ്വമായ വളർച്ച ആശങ്കാജനകമാണ്. ഇക്കൂട്ടരിലും താഴെയായാണ് 22.6 വരുന്ന കത്തോലിക്കരുടെ സംഖ്യ. സഭാ നേതൃത്വത്തിലും മക്കളിലും അവിടവിടെയായി സംഭവിച്ചിട്ടുള്ള ചില അപചയങ്ങളെ പെരുപ്പിച്ചുകാട്ടി വിശ്വാസികളെ സഭാ ജീവിതത്തിൽ നിന്നും പിന്തിരിപ്പിക്കാൻ സഭാ ജീവിതത്തിന്റെ തിളക്കവും വിശുദ്ധിയും മനുഷ്യഹൃദയങ്ങളിൽ ആഴപ്പെടുത്തുവാൻ ക്രിയാത്മക സംവാദങ്ങളിലേയ്ക്ക് സഭയും ഇറങ്ങി തിരിച്ചിരിക്കുന്നു. സഭയുടെ ആന്തരികശക്തിയും സമ്പത്തും കറകൾ കൂടാതെ ലോകത്തിൽ അവതരിപ്പിക്കാൻ സഭ ശക്തമാകുന്ന കാലഘട്ടമാണിത്.

പൗരസ്ത്യ സഭാ സമൂഹങ്ങളേയും റോമൻ കത്തോലിക്കാ രീതിനൊപ്പം ആദരവോടെ സ്വാഗതം ചെയ്യുന്ന ഓസ്ട്രേലിയൻ കത്തോലിക്കാ സഭയുടെ സമീപനം ഏറെ പ്രശംസനീയമാണ്. പ്രവാസി

കളുടേയും അഭയാർത്ഥികളുടേയും സമഗ്ര വികസനത്തിനായി ഓസ്ട്രേലിയൻ കാത്തലിക് മൈഗ്രന്റ് ആന്റ് റെഫ്യൂജി ഓഫീസ് (ACMRO) അഭിനന്ദനീയമായി ഈ ദൗത്യം ഏറ്റെടുത്ത് പ്രവർത്തിക്കുന്നു.

സ്വന്തമായ മെത്രാപ്പോലീത്തമാരുടെ കീഴിൽ രൂപതാ സംവിധാനങ്ങളോടെ 5 പൗരസ്ത്യ സഭകൾ (കൽദിയൻ, മറോണൈറ്റ്, മെൽക്കൈറ്റ്, ഉക്രേനിയൻ(ബൈസന്റൈൻ), സീറോമലബാർ) ഇവിടെ ഇപ്പോൾ നിലവിലുണ്ട്. ലത്തീൻ മെത്രാന്മാരുടെ കീഴിൽ, സ്വന്തം ആരാധന ക്രമവും രീതികളും വൈദികരുടെ നേതൃത്വത്തിൽ ജീവിക്കുന്ന, മലങ്കര കത്തോലിക്ക സഭ ഉൾപ്പെടുന്ന 6 പൗരസ്ത്യ സഭകളും ഇപ്പോൾ ഓസ്ട്രേലിയയിലും ന്യൂസിലൻഡിലുമായി നിലനിൽക്കുന്നു. വൈദികസാന്നിധ്യം ഇല്ലാത്ത 11 ഓളം മറ്റ് പൗരസ്ത്യ സഭാ വിഭാഗങ്ങളും ഈ ദേശത്ത് വസിക്കുന്നു. വിവിധ പൗരസ്ത്യ സഭകളെ ഹൃദയ വിശാലതയോടെ സ്വീകരിച്ച ഈ നാട്ടിൽ ആഗോള കത്തോലിക്കാ തിരുസഭയുടെ വൈവിധ്യങ്ങളുടെ സമ്പന്നത തെളിവാക്കാനുള്ള റോമൻ കത്തോലിക്കാസഭയുടെ താത്പര്യം പ്രചോദനാത്മകമാണ്. അപ്പസ്തോലിക് വിസിറ്റേറ്റർക്കു ലഭിക്കുന്ന സാധ്യതകളുടെ വിശാലതയെ അവതരിപ്പിക്കുകയാണ് ഈ പശ്ചാത്തല വിവരണത്തിലൂടെ.

വിസ്തൃതിയാണ് ഈ ഭൂവിഭാഗത്തെക്കുറിച്ചാദ്യം പ്രതിപാദിക്കേണ്ട പ്രത്യേകത. 452/Km2 ജനസാന്ദ്രതയുള്ള ഇന്ത്യയുടെ രണ്ടിരട്ടിയിലധികം വലിപ്പമുള്ള ഓസ്ട്രേലിയയുടെ ജനസാന്ദ്രത 3/Km2 മാത്രമാണ്. കേരളത്തിന്റെ ആറിരട്ടി വിസ്തൃതിയുള്ള ന്യൂസിലാന്റിൽ പോലും ജനസാന്ദ്രത 18/Km2 മാത്രമാണ്. ഈ വിസ്തൃതിയും, താരതമ്യേന മിതമായ കാലാവസ്ഥയും, മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും നിന്ന് ആളുകളെ ഇവിടേക്കാകർഷിക്കുന്നതിനു പ്രധാന കാരണങ്ങളാണ്.

നഗരങ്ങളാണ് പ്രധാനമായും ജനവാസ പ്രദേശങ്ങളെങ്കിലും നഗരത്തിന്റെ തിരക്കുകളിൽ നിന്നൊഴിഞ്ഞ് ജീവിക്കാനാഗ്രഹിക്കുന്നവർ പ്രശാന്തവും മനോഹരവുമായ ഉൾനാടൻ പ്രദേശങ്ങളെയും മികച്ച ജനവാസ കേന്ദ്രങ്ങളാക്കി മാറ്റുന്നു. വിസ്തൃതമായ ഈ പ്രദേശത്ത് ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തെത്തിച്ചേരുവാൻ താണ്ടേണ്ട ദൂരം പ്രത്യേകം പരിഗണിക്കേണ്ടതാണ്. നമ്മുടെ മിഷൻ പ്രവർത്തനങ്ങളുടെ ഏകോപനത്തിൽ ഈ ദൂരം ഏറെ പ്രസക്തമായ ഒരു ഘടകമാണ്.

മറ്റൊരു സവിശേഷത പ്രധാനമായും 5 ടൈം സോണുകളിലായാണ് ഈ വിശാലമായ ഭൂഖണ്ഡം സ്ഥിതി ചെയ്യുന്നത് എന്നാണ്. ഒരു സംസ്ഥാനത്ത് ഒരു സമയമായിരിക്കുമ്പോൾ തന്നെ മറ്റു സംസ്ഥാനങ്ങളിൽ വ്യത്യസ്തങ്ങളായ സമയങ്ങളാണെന്നത് നമുക്ക് ഏറെ കൗതുകകരമായ വസ്തുതയാണ്. പകൽ ദൈർഘ്യം കൂടുതലുള്ള ഒക്ടോബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ ക്ലോക്കിൽ ഒരു മണിക്കൂർ സമയം വ്യത്യാസം വരുത്തുന്ന ഡേ ലൈറ്റ് എന്നൊരു രീതിയും ഇവിടെയുണ്ട്.

2004ന് ശേഷമാണ് ഓസ്ട്രേലിയയിലേയ്ക്ക് മലയാളികളുടെ ശക്തമായ ഒരു കുടിയേറ്റം ആരംഭിച്ചതെങ്കിലും അരനൂറ്റാണ്ടോളമായി ഇവിടെ സ്ഥിരതാമസമാക്കിയ മലങ്കര കത്തോലിക്കാ കുടുംബങ്ങൾ ഇവിടെയുണ്ട്. കേരളത്തിലെ ഏതാണ്ട് എല്ലാ സഭാസമൂഹങ്ങളിലേയും അംഗങ്ങൾ ഇവിടെ സ്ഥിര താമസമാക്കിയിട്ടുണ്ട്. ഇവർക്കെല്ലാം തങ്ങളുടേതായ സഭാസംവിധാനങ്ങൾ ഇവിടെയുണ്ടെങ്കിലും നാൽപതിനായിരത്തോളം ആളുകളുമായി ഒരു ഭദ്രാസനമായി രൂപീകരിക്കപ്പെട്ട സീറോ മലബാർ സഭയുടെ വളർച്ച എടുത്തുപറയേണ്ടതാണ്. അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിന്റെ നേതൃത്വത്തിൽ വളരെ ശക്തമായ സഭാശുശ്രൂഷകൾ, ഒരു പക്ഷേ ഓസ്ട്രേലിയൻ സഭയ്ക്ക് തന്നെ മാതൃകയാകുന്ന രീതി

*(ശേഷം 45-ാം പേജിൽ)*



ബിഷപ്പ് ബോസ്കോ പുത്തൂർ



# യു. കെ. യിലെ മലങ്കര കത്തോലിക്കാ സഭ



ഫാ. രഞ്ജിത്ത് മഠത്തിറമ്പിൽ

**1930** ന്റെ ആദ്യ വർഷങ്ങളിൽ തന്നെ മലങ്കര കത്തോലിക്കാസഭയുടെ അദ്ധ്യക്ഷൻ ദൈവദാസൻ മാർ ഈവാനിയോസ് തിരു മേനി ഇംഗ്ലണ്ട് സന്ദർശിക്കുകയുണ്ടായി. 1932 ൽ അയർലണ്ടിലെ ഡബ്ളിനിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിനു ശേഷം മാർ ഈവാനിയോസ് തിരുമേനി ഇംഗ്ലണ്ട് സന്ദർശിക്കുകയും ജോർജ്ജ് 5-ാമൻ രാജാവിനെ സന്ദർശിച്ച് ചർച്ച നടത്തുകയും ചെയ്തിരുന്ന സഭയുടെ ആരംഭകാലഘട്ടത്തിൽ തന്നെ വന്ദ്യപിതാവ് ഇവിടെ കടന്നു വരുവാൻ സാധിച്ചത് ദൈവ നിയോഗമായി തന്നെ കാണ ണം.

1990 കളുടെ അവസാനത്തിൽ കേരളത്തിൽ നിന്ന് അനേകം നേഴ്സുമാർ ജോലി സാധ്യതകൾക്കായി ഇംഗ്ലണ്ടിലേക്കു വന്നു. നമ്മുടെ അനേകം ആളുകൾ ഈ കാലയളവിൽ ഇംഗ്ലണ്ടിലെ വിവിധ ദേശങ്ങളിൽ ജോലിക്കായി കയറി. ആദ്യം അവർ ഇവിടുത്തെ ലാറ്റിൻ സഭയുടെ ലത്തീൻ കുർബാനയിലും സീറോ മലബാർ സഭയുടെ ആരാധനകളിലും പങ്കെടുത്തു. എന്നാൽ സ്വന്തം സഭയുടെ ആരാധനക്രമത്തിലും കുർബാനയിലും പങ്കുചേരണമെന്ന അദമ്യമായ ആഗ്രഹം അവരിൽ നിലനിന്നു. അതിനുള്ള സാധ്യതകൾ അന്ന് ഇവിടെ ഉണ്ടായിരുന്ന അല്മായ സഹോദരർ അന്വേഷിച്ചുകൊണ്ടിരുന്നു. റോമിലും, ബൽജിയത്തും പഠിക്കുവാൻ വന്ന നമ്മുടെ വൈദികരുമായി ബന്ധപ്പെടുകയും കുർബാനയ്ക്കുള്ള സാധ്യതകൾ തുറക്കുകയും ചെയ്തു.

അഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലിമ്മീസ് കാതോലിക്കാബാവായാണ് ഈ പ്രദേശത്ത് നമ്മുടെ മിഷൻ സെന്ററുകൾ സ്ഥാപിക്കാനുള്ള പരിശ്രമത്തിന് ജീവൻ വപ്പിച്ചത്. 2005 - ജൂലൈ മാസം അന്ന് അമേരിക്കയുടെയും കാനഡയുടെയും അപ്പസ്തോലിക് വിസിറ്റേറ്റർ ആയിരുന്ന ജോസഫ് മാർ തോമസ് തിരുമേനി ഇവിടം സന്ദർശിക്കുകയും പരിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. പിതാവിന്റെ ശക്തമായ ഇടപെടലും ഇവിടെ മിഷനുകൾ രൂപീകൃതമാകാൻ കാരണമായി. 2005-2008 കാലയളവിൽ ഗീവർഗീസ് മണ്ണികരോട്ട് കോർഎപ്പിസ്കോപ്പ, ഫാ. ജിജി ചരിവുപുരയിടം, ഫാ. ലൂയിസ് ചരുവിള എന്നീ വൈദികർ ഇവിടം സന്ദർശിക്കുകയും ചില പ്രാർത്ഥനക്കൂട്ടായ്മകളിൽ സംബന്ധിക്കുകയും കുർബാന അർപ്പിക്കുകയും ചെയ്തു. അവരുടെ സന്ദർശനങ്ങൾ മിഷൻ സെന്റ റുകൾ ആരംഭിക്കാനുള്ള സാധ്യതകൾക്ക് ഊർജ്ജം പകർന്നു.




2009 ജൂലൈ മാസത്തിൽ അഭിവന്ദ്യ ബാവ തിരുമേനി ബഹുമാനപ്പെട്ട ദാനിയേൽ കുളങ്ങര അച്ചനെ ഇവിടേയ്ക്ക് മിഷൻ പ്രവർത്തനത്തിനായി ഔദ്യോഗികമായി നിയമിച്ചു. 2009 ഒക്ടോബർ മാസം 3-ാം തീയതി അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി ലണ്ടൻ കേന്ദ്രീകരിച്ച് മലങ്കര കത്തോലിക്കാ സഭയുടെ ആദ്യ മിഷൻ വി. യൗസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ ആരംഭിച്ചു. ദാനിയേൽ കുളങ്ങര അച്ചന്റെയും ചില അത്മായ സഹോദരങ്ങളുടേയും കഠിന പരിശ്രമ ഫലമായി യു.കെ.-യിലെ വിവിധ പ്രദേശത്ത് തുടർന്ന നമ്മുടെ മിഷൻ സെന്ററുകൾ ആരംഭിച്ചു.

അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനി യൂറോപ്പിന്റെ അപ്പസ്തോലിക വിസിറ്റേറ്റർ ആയിരുന്ന കാലയളവിൽ ഇവിടം സന്ദർശിക്കുകയും മിഷൻ പ്രവർത്തനങ്ങൾക്ക് ഊർജ്ജസ്വലത വരുത്തുകയും ചെയ്തു. 2011 ൽ യു.കെ. യിലെ കവൻട്രിയിൽ വച്ച് മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ കൺവൻഷൻ നടന്നു. 2012 ൽ തോമസ് മടുക്കമൂട്ടിലച്ചൻ ഇവിടേയ്ക്ക് ശുശ്രൂഷയ്ക്കായി വന്നു. ലണ്ടനും, മാഞ്ചസ്റ്ററും കേന്ദ്രീകരിച്ച് ഈ രണ്ടു വൈദികരും അവരുടെ പ്രേഷിതശുശ്രൂഷ തുടർന്നു. വിവിധ സമയങ്ങളിൽ ഇവിടം സന്ദർശിക്കുകയും, വിശുദ്ധ കുർബാന അർപ്പിക്കുകയും, ഹാശാ ആഴ്ച യിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

2015 ൽ ഇംഗ്ലണ്ടിലെ ബ്രെന്റ്വുഡ് രൂപത ഈസ്റ്റ് ലണ്ടനിൽ, അവരുടെ ഒരു ദൈവാലയം (St. Anne's Church) നമുക്കായി നൽകി. ഇംഗ്ലണ്ടിൽ നമുക്ക് സ്വന്തമായി ഒരു ദൈവാലയം എന്ന സ്വപ്നം സാക്ഷാത്ക്കരിച്ചു. 2017 - ആദ്യം ദാനിയേൽ കുളങ്ങര അച്ചൻ തിരികെ നാട്ടിലേക്കു പോകുകയും തോമസ് മടുക്കമൂട്ടിലച്ചൻ കോഡിനേറ്ററായി ചുമതല ഏൽക്കുകയും ചെയ്തു. 2017 ജനുവരി മാസത്തിൽ ഫാ. രഞ്ജിത്ത് മഠത്തിറമ്പിൽ മാഞ്ചസ്റ്റർ കേന്ദ്രീകരിച്ച് ശുശ്രൂഷയ്ക്കായി കടന്നു വന്നു.

2011 - മുതൽ എല്ലാ വർഷവും ഓരോ മിഷനുകൾ കേന്ദ്രീകരിച്ച് കൺവൻഷനുകൾ നടത്തിവരുന്നു. 2017 -ലെ കൺവൻഷൻ ലിവർപൂളിൽ വച്ച് നടത്തപ്പെട്ടു. ഇതുവരെ 6 നാഷണൽ കൺവൻഷനുകൾ നടത്തപ്പെട്ടു. കഴിഞ്ഞ 4 വർഷങ്ങളായി ഇംഗ്ലണ്ടിലെ പ്രശസ്ത തീർത്ഥാടന കേന്ദ്രമായ വാൽസിഗാമിലേക്ക് നമ്മുടെ എല്ലാ മിഷനുകളും ഒരുമിച്ച് തീർത്ഥാടനം നടത്തുകയും ആ ദിവസം തന്നെ പുനരൈക്യ വാർഷികം ആഘോഷിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ 2 വർഷമായി യു.കെ.യിലെ ഷെഫീൽഡ് കേന്ദ്രീകരിച്ച് മാർ ഈവാനിയോസ് അനുസ്മരണവും തീർത്ഥാടന പദയാത്രയും നടത്തപ്പെടുന്നു. ഇപ്പോൾ 14 മിഷൻ സെന്ററുകൾ ആണ് നമുക്ക് ഇവിടെ ഉള്ളത്. ഈസ്റ്റ് ലണ്ടൻ, ക്രോയി ഡോൺ, വെസ്റ്റ് ലണ്ടൻ, ലൂട്ടൻ, ആഷ്ഫോഡ്, സൗത്ത് ആപ്റ്റൺ, ബ്രിസ്റ്റോൾ, ഗ്ലോസ്റ്റർ, കവൻട്രി, മാഞ്ചസ്റ്റർ, ലിവർപൂൾ, ഷെഫിൽഡ്, നോട്ടിഹാം, ഗ്ലാസ്കോ എന്നിവയാണ്.

(East London, Croydon, West London, Luton, Ashford, Southampton, Bristol, Gloucester, Coventry, Manchester, Liverpool, Sheffield, Nottingham, Glasgow.)

*(ശേഷം 46-ാം പേജിൽ)*



# മലങ്കര സഭയുടെ സാന്നിദ്ധ്യം കാനഡയിൽ

ഷെൽഗ വർഗ്ഗീസ്

**1930** സെപ്റ്റംബർ 20 മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാസഭയിലോട്ട് ചേർന്നപ്പോൾ നിറവേറിയത് പിതാവിന്റെ 2 സ്വപ്നങ്ങളാരുന്നു.

*1. സത്യസഭയായ കത്തോലിക്കാ സഭയിൽ ചേർന്നത്.*

*2. പുരാതനമായ അന്ത്യോക്യൻ പാരമ്പര്യങ്ങളും വിശ്വാസങ്ങളും നഷ്ടപ്പെടാതെ ഒരു വ്യക്തിഗത സഭയായി ചേർന്നത്.*

ഇവിടെയാണ് കത്തോലിക്കാ സഭയുടെ എളിമയും മഹത്വവും വെളിപ്പെടുന്നത്. തങ്ങളുടെ പാരമ്പര്യവും രീതികളും പിൻതുടരണമെന്ന് ശഠിക്കാതെ ഓരോ സഭകളേയും അവയുടെ വ്യക്തിത്വം നഷ്ടപ്പെടാതെ ഇരുകൈയും നീട്ടി സ്വീകരിച്ചു കൂടെ നിർത്തുന്നത്. മഴവില്ലിന് 7 നിറങ്ങളും ഒരുപോലെ ഭംഗി കൂട്ടാൻ സഹായിക്കുന്നതു പോലാണ് കത്തോലിക്കാ സഭയെന്ന പ്രകാശഗോപുരത്തിന്റെ വെളിച്ചം.

കത്തോലിക്കാ സഭയുടെ പ്രഭാവത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് അന്നത്തെ പിതാവായിരുന്ന മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ആഗ്രഹവും നിർദേശവും പ്രകാരം മറ്റെല്ലാ പിതാക്കന്മാരും പ്രാർത്ഥന ആശീർവാദത്തോടെ ബഹുമാനപ്പെട്ട പീറ്റർ കോച്ചേരി അച്ചന്റെ നേതൃത്വത്തിൽ 1986 ൽ ടൊറന്റോയിൽ ആദ്യത്തെ മലങ്കര കത്തോലിക്കാ സഭയുടെ മിഷൻ ആരംഭിച്ചു. ഈ കൂട്ടായ്മ ഭാവിയിൽ അനേകം പേർക്ക് താങ്ങും തണലും ആകും എന്ന പിതാവിന്റെ ദീർഘവീക്ഷണത്തിന്റെ ഈ ആരംഭം വിധവ സമർപ്പിച്ച കാണിക്ക പോലാരുന്നു. ഉള്ളതെല്ലാം ദൈവത്തിന് സമർപ്പിച്ചുകൊണ്ടുള്ള ആരംഭം. ആ സമർപ്പണത്തിന് മനസ്സു നിറഞ്ഞതിനാലാവാം ദൈവം കൂട്ടായ്മയുടെ അമരത്തു നിന്നു കൊണ്ട് മിഷനെ ഇപ്പോഴും നയിക്കുന്നത്. കാറ്റും കോളും നിറഞ്ഞ ഗലീലിയ കടലിൽക്കൂടെ യേശുവും ശിഷ്യന്മാരും യാത്ര ചെയ്തതിന്റെ മറ്റൊരു തനിയാവർത്തനമാണ് കാനഡായിലെ മലങ്കര കത്തോലിക്കാ സഭയുടെ മിഷന്റെ മുന്നേറ്റം.

പീറ്റർ കോച്ചേരി അച്ചൻ കൊളുത്തിയ ദീപം പിന്നീടു വന്ന ഓരോ വൈദിക ശ്രേഷ്ഠരും കെടാതെ സൂക്ഷിച്ചു. തങ്ങളുടെ ഉപവാസത്തോടെ



യുള്ള പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയും ഫലമായി ആ ദീപത്തിൽ നിന്നുള്ള പ്രകാശത്താൽ അനേകം പേർ ദൈവത്തെ അറിയുവാനും മഹത്വപ്പെടുത്താനും ഇടയായി. ഇപ്പോഴും ഇടയായിക്കൊണ്ടിരിക്കുന്നു. അഞ്ചപ്പം അയ്യായിരം പേർക്കു വിഭജിച്ചു കൊടുക്കുന്നതു പോലെയാണ് ഇവിടുത്തെ 45.50 ഓളം വരുന്ന കുടുംബങ്ങൾ വഴി ഇവിടുത്തെ സമൂഹത്തിനും ആഗോളസഭയ്ക്കും സേവനം ലഭ്യമാക്കുന്നത്.

ഈ നാട്ടിൽ കുടിയേറി വരുന്നവർക്കാണ് ഈ സേവനം ഏറ്റവും കൂടുതൽ ലഭ്യമാകുന്നത്. എയർപോർട്ട് മുതൽ ഒരു ജോലി കിട്ടി സ്ഥിരമാകുന്നതുവരെ അവരുടെ കൂടെ നിന്ന് സഹായിക്കുന്നു. കൊണ്ടു നടക്കാനും അംഗങ്ങൾ കാണിക്കുന്ന മനസ്സ് പ്രശംസാവഹമാണ്. ചിലപ്പോൾ പുതുതായി വന്നവരേം വിളിച്ച് തുണിക്കട യിൽ പോകുന്നതു കാണാം. കൈയിലുള്ള സ്വന്തം കാശു മുടക്കി അവർക്ക് തണുപ്പു കാലത്തുള്ള ജാക്കറ്റും കമ്പിളി ഉടുപ്പുകളും മറ്റും വാങ്ങാനും വീട്ടിൽ എന്തെങ്കിലും പ്രത്യേക ആഹാരം ഉണ്ടാക്കുവാണെങ്കിൽ അതു പങ്കുവെ ക്കാനും കാണിക്കുന്ന മനസ്സാണ് ഈ സമൂഹത്തിന്റെ ഊർജ്ജം. സമൂഹം ഇങ്ങനെ യാണെങ്കിൽ അവരെ നയിക്കുന്ന വികാരിയച്ചൻ എങ്ങനെയാണ് ഊഹിക്കാവുന്നതേയുള്ളൂ. ഒരുപാട് തിരക്കിനിടയിലും വിളിക്കാനും അന്വേഷിക്കാനും ആത്മീയ കാര്യങ്ങളെക്കുറിച്ച് ചോദിക്കാനും പറയാനും പ്രോത്സാഹിപ്പിക്കാനും അവർ കാണിക്കുന്ന ആത്മാർത്ഥത പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്.

സ്വന്തം കുടുംബക്കാർ നോക്കുന്നപോലെ ആത്മാർത്ഥമായി നോക്കാനും കരുതാനും പ്രാർത്ഥിക്കാനും ഒരു സമൂഹം തന്നെ കൂടെയുള്ളപ്പോൾ ജനങ്ങൾ ദൈവത്തിന്റെ പക്കലേക്ക് കണ്ണുകളുയർത്തി വിളിക്കും 'ഏൽറോയി'. അതേ ദൈവമാണ് അവരുടെ താങ്ങ്. ആ താങ്ങിന് ഒരു ഉറപ്പുണ്ട്. ഒരു വിശ്വാസമുണ്ട്. എന്തു സംഭവിച്ചാലും നിനക്ക് ഒന്നും സംഭവിക്കില്ല എന്ന ഒരു വാഗ്ദാനം ഉണ്ട്. ആ വാഗ്ദാനം നിറവേറുന്നത് സഭയിലൂടെയും സഭയുടെ മക്കളിലൂടെയുമാണ്. ജീവിക്കുന്ന ദൈവത്തിന്റെ ജീവിക്കുന്ന സാക്ഷ്യം. ●

---

*(ഇടയശബ്ദം തുടർച്ച)*

ഈ മക്കൾ തുടർന്നും കടന്നുവരണം. ചെറുപ്പക്കാരായ നമ്മുടെ മക്കൾ ജോലിചെയ്യുമ്പോൾ അതിന്റെ ദശാംശം നിശ്ചയമായും മിഷൻ സ്ഥലങ്ങളിലേക്കും സഭയെ പരിപോഷിപ്പിക്കുന്നതിനും ചെലവാക്കണം. ആഢംബരവും സുഖലോലുപതയും ഭാവിയെക്കുറിച്ചുള്ള അമിതമായ കരുതിവയ്ക്കലും ഒക്കെ പ്രലോഭനങ്ങൾ ആകാവുന്നതാണ്. നൽകിയ ദൈവത്തെസ്മരിച്ചുകൊണ്ട് അവന്റെ ശുശ്രൂഷയിൽ വ്യാപരിക്കുന്ന സുവിശേഷകരായി നമ്മുടെ മക്കൾ തീരുമ്പോഴാണ് യഥാർത്ഥമായ സന്തോഷവും ക്രൈസ്തവ പക്വതയും നാം ആർജ്ജിക്കുന്നത്.

**3.** നല്ല കൂട്ടായ്മകളായി നമ്മുടെ ഇടവകകൾ തീരണം. പൊതുവെ സാമ്പത്തികമായി മെച്ചപ്പെട്ട അവസ്ഥയുള്ളതുകൊണ്ടും ഭൗതിക സൗകര്യങ്ങൾ ഒരാൾ ആഗ്രഹിക്കുന്നതരത്തിൽ സ്വന്തമാക്കുവാനും കഴിയുമ്പോൾ പൊതുവെ വിസ്മരിക്കപ്പെടുന്ന പുണ്യമാണ് എളിമയും ആദരവും. ഭൗതികകാര്യങ്ങൾകൊണ്ടുള്ള അഭിമാനമായിരിക്കരുത് ദൈവമക്കൾ സ്വന്തമാക്കേണ്ടത് മറിച്ച് ഉയർത്തിയവനായ, കരുതിയവനായ ദൈവത്തിൽ ആയിരിക്കണം. മറ്റുള്ളവരോടു ആദരവോടെ പെരുമാറുവാനും എല്ലാവരുടെയും നന്മയെപ്പറ്റി മാത്രം സംസാരിക്കുവാനും നാം പഠിക്കണം. ഈ മേഖലയിൽ നമുക്ക് പൊതുവെ ഒരുപാട് ക്ഷേമം ഉണ്ടാകുന്നു. സഹോദരനെ 'ഭോഷാ' എന്നു വിളിക്കുന്നവന് ന്യായവിധി നേരിടേണ്ടിവരും എന്ന് കർത്താവ് പഠിപ്പിച്ചു. പൗലോസ് പറയുന്നതു പോലെ യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം - സ്വയം ശൂന്യനാക്കുവാനുള്ള - നമ്മിൽ ഉണ്ടാകട്ടെ. എപ്പോഴും വലുതിനെ കുറിച്ചും വലിയ വീടിനെകുറിച്ചും വലിയ കാറിനെ കുറിച്ചും, വലിയ പള്ളിയെ കുറിച്ചും ചിന്തിക്കാതെ എളിമയുള്ളവരാകാൻ പരിശ്രമിക്കണം. കാലിത്തൊഴുത്തിന്റെ സൗന്ദര്യം അതാണ്. യേശുനാഥൻ ഉള്ളതാണ് പ്രധാനം. അവനെ തേടി രാജാവിന്റെ പക്കലും രാജകൊട്ടാരത്തിലും കയറിയിട്ട് കാര്യമില്ല.

ഈ ചരിത്രമുഹൂർത്തത്തിൽ സഭാമക്കൾക്കെല്ലാം അനുമോദനങ്ങൾ നേരുന്നു. അഭിവന്ദ്യ സ്തേഫാനോസ് പിതാവ് നിങ്ങൾക്ക് അനുഗ്രഹമാണ്. വന്ദ്യ പിതാവിനോടുചേർന്ന് നമുക്ക് വൈദികരായി, സന്യസ്തരായി, ദൈവമക്കളായി കർത്താവിന്റെ ആട്ടിൻതൊഴുത്ത് വിസ്തൃതമാക്കാം. സുവിശേഷ ദീപ്തികൊണ്ട് പ്രോജ്ജ്വലിക്കാം. ●



ഫാ. ചെറിയാൻ താഴമൺ

# സന്യാസമോഹം താലോലിക്കുന്ന താതൻ

# മാർ സ്തേഫാനോസ്

**സ്**തേഫാനോസ് (സ്റ്റീഫൻ, എസ്തപ്പാൻ) എന്ന പദത്തിന് ഹാരം, കിരീടം, കിരീടത്തിന് യോഗ്യൻ എന്നൊക്കെ അർത്ഥം എന്ന് പണ്ഡിതർ പറയുന്നു. നമ്മുടെ പ്രിയങ്കരനായ ഫീലിപ്പോസ് മാർ സ്തേഫാനോസ് പിതാവിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ അർത്ഥങ്ങൾ എല്ലാം അദ്ദേഹത്തിൽ അന്വർത്ഥമെന്ന് കരതലാമലകം പോലെ വ്യക്തം. അദ്ദേഹത്തിന്റെ ജീവിതവും ശുശ്രൂഷകളും അദ്ദേഹത്തെ സഭയുടെ കണ്ഠത്തിന് അലങ്കാരമായ ഹാരവും ശിരസ്സിന് ചേർന്ന കിരീടവുമാക്കുന്നതിന് പുറമെ അദ്ദേഹത്തെ ഹാരത്തിനും കിരീടത്തിനും അർഹനുമാക്കുന്നതായി അദ്ദേഹത്തെ അടുത്തറിയുന്ന ആരും അംഗീകരിക്കുമെന്നതിൽ പക്ഷാന്തരമില്ല.

1968 ജൂൺ മാസം 16-ാം തീയതി മുതൽ കഴിഞ്ഞ നാല്പത്തിഒൻപത് വർഷത്തെ അദ്ദേഹവുമായുള്ള അടുത്ത പരിചയം അങ്ങനെ നിരീക്ഷിക്കാൻ എന്നെ ധൈര്യപ്പെടുത്തുന്നു. 1968 ജൂൺ 16, അന്നാണ് അദ്ദേഹം തിരുവല്ലാ ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദിക പഠനത്തിന് ചേർന്നത്. ബഹു. കിഴക്കേക്കര കുര്യൻ അച്ചനും (13-6-1968), ബഹു. വട്ടമറ്റം സ്കറിയാ അച്ചനും (19-6-968) ഞാനും (13- 6- 1968) ഒരേ വർഷം വൈദിക പഠനം ആരംഭിച്ചവരും ഒരേ വർഷം (1979) വൈദികപട്ടം സ്വീകരിച്ചവരുമാണ്. ഈ അടുപ്പത്തിന്റെയും അറിവിന്റെയും വെളിച്ചത്തിലാണ് ഈ കുറിപ്പ് തയ്യാറാക്കുന്നത്. രേഖകളുടെ അടിസ്ഥാനത്തിലല്ല. അനുഭവത്തിന്റെ പിൻബലത്തിൽ മാത്രമുള്ള കുറിപ്പ് മാത്രമാണിത്.

**കുടുംബപശ്ചാത്തലം.**

മാർത്തോമ്മാശ്ലീഹായിൽ നിന്നും ക്രിസ്തുവേദം സ്വീകരിച്ച ഒരു ജൂത യുവാവ് അതേ കാലത്ത് ക്രിസ്തുമതം സ്വീകരിച്ച തൃശൂർ പാറമേൽ ഇല്ലത്തിൽപെട്ട ഒരു ബ്രാഹ്മണ യുവതിയെ വിവാഹം ചെയ്തതായും അവരുടെ സന്തതി പരമ്പരയിൽ നിന്ന് 'പാറമേൽ' കുടുംബം രൂപപ്പെട്ടതായും പ്രസ്തുത കുടുംബത്തിലെ

ഇളംതലമുറക്കാരനായ ഒരു ഇട്ടി കാട്ടൂർ പ്രദേശത്ത് വന്ന് താമസിച്ചതായും ചരിത്രം പറയുന്നു. സ്തേഫാനോസ് പിതാവിന്റെ പിതൃകുടുംബമാണ് പാറമേൽ കുടുംബം. പിതാമഹി പകലോമറ്റം മഹാകുടുംബത്തിൽപെട്ട കംിച്ചികുന്നത്ത് പ്ലാത്താനത്ത് കുടുംബാംഗം. ഏഴ് സഹോദരന്മാരുടെ ഏകസഹോദരി ആയിരുന്നതുകൊണ്ട് സഹോദരന്മാർ സഹോദരിയുടെ കുടുംബത്തെയും റാന്നിയിൽ കരിമ്പനാംകുഴിഭാഗത്തേക്ക് കൊണ്ടുവന്നു. അങ്ങനെ പറമേൽകുടുംബത്തിലെ തോട്ടത്തിൽ ഭവനം കരിമ്പനാം കുഴിപ്രദേശത്ത് എത്തി. കുടുംബപശ്ചാത്തലത്തിൽ മാർത്തോമ്മാശ്ലീഹാവരെ എത്തുന്ന വിശ്വാസ പാരമ്പര്യവും ഒപ്പം യഹൂദ പൈതൃകവും. പിതൃവഴിയിൽ ഉറച്ച ഓർത്തഡോക്സ് പാരമ്പര്യവും മാതൃവഴിയിൽ ബ്രിട്ടീഷ് മിഷനറിമാരുടെ വചന പ്രതിബദ്ധതയും പ്രേഷിത തീഷ്ണതയും ഉൾച്ചേർന്ന രൂപീകരണം ബാല്യം മുതൽ ലഭിച്ചിരുന്നെങ്കിലും ഓർത്തഡോക്സ് വിശ്വാസവും പൈതൃകവും ജീവിതത്തിൽ മുന്നിട്ടുനിന്നിരുന്നു. പൗരസ്ത്യ സന്യാസത്തോടും താപസജീവിതത്തോടുമുള്ള ആഭിമുഖ്യം കൗമാരകാലം മുതൽ മനസ്സിൽ താലോലിച്ചിരുന്നു.

**ബഥനിബന്ധം**

സ്തേഫാനോസ് പിതാവിന്റെ പിതൃസഹോദരൻ ഫാദർ മത്തായി ഒ. ഐ. സി. പെരുനാട് ബഥനി ആശ്രമത്തിൽ ദീർഘകാലം സുപ്പീരിയർ ആയിരുന്നു. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പെരുനാട് ബഥനി വിട്ട് പുനരൈക്യത്തിനു വേണ്ടി പോരുമ്പോൾ ആശ്രമത്തിൽ സാധുവായിരുന്ന അദ്ദേഹം (ഫാ. പക്കോമിയസ് ചൊമ്പോത്തിനാൽ ഒ. ഐ. സി. , ഫാദർ കോശി കക്കനാട്ട് ഒ. ഐ . സി . എന്നവരോടൊപ്പം) പുനരൈക്യപ്പെടാൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടൊപ്പം ചേരാതെ മാറിനിന്ന മട്ടയ്ക്കൽ ഫാദർ അലക്സിയോസ് ഒ. ഐ. സി (പിന്നീട് അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്ത) യോടൊപ്പം നിന്ന ആളാണ് മത്തായി സാധു (ഫാദർ മത്തായി ഒ.ഐ.സി) 1930 ജൂൺ 26-ാം തീയതി പെരുനാട് ബഥനി ആശ്രമത്തിൽ കൂടിയ ബഥനി ഭരണസമിതിയുടെ പൊതുയോഗത്തിൽ മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, ഫാദർ ഏബ്രഹാം, ഫാദർ ബർസ്ലീബ, ഫാദർ സ്തേഫാനോസ്, ഫാദർ അലക്സിയോസ്, ജോൺ ശെമ്മാകൻ അബ്രഹാം സാധു, കോശിസാധു, ഫാദർ യോശുവാ എന്നിവരോടൊപ്പം ഹാജർ ബുക്കിൽ എട്ടാമതായി ഒപ്പിട്ടിരിക്കുന്നത് ഈ മത്തായി സാധു (ഫാദർ മത്തായി ഒ. ഐ. സി) ആണ്. ബഥനിയുടെ ആദ്ധ്യാത്മികത ആഴത്തിൽ ഉൾക്കൊണ്ട് താപസനായി ജീവിച്ചിരുന്ന അദ്ദേഹത്തിന്റെ ജീവിതം സ്തേഫാനോസ് പിതാവിനെ ബാല്യം മുതൽ ആഴത്തിൽ സ്വാധീനിച്ചിരുന്നു. സ്കൂൾ അവധിക്കാലങ്ങളിൽ പെരുനാട് ബഥനിയിലെ ആശ്രമസ്ഥരോടൊപ്പം അവധിക്കാലം ചെലവഴിച്ചിരുന്ന അദ്ദേഹത്തിന് സന്യാസജീവിതത്തോട് അതീവ താല്പര്യമായിരുന്നു. ബഥനി ആശ്രമത്തിലെ ആദ്ധ്യാത്മിക അന്തരീക്ഷവും ബഥനി കുന്നിലെ പ്രകൃതിയുമായി അദ്ദേഹം താദാത്മ്യപ്പെട്ടിരുന്നു. ആശ്രമത്തിലെ ചിട്ടകളും, പ്രാർത്ഥനകളും മൗനവും, ആത്മികാഭ്യസങ്ങളും കായികാദ്ധ്വാനങ്ങളുമെല്ലാം അദ്ദേഹം നന്നേ ഇഷ്ടപ്പെട്ടിരുന്നു. സ്കൂൾ പഠനത്തിനു ശേഷം ബഥനിയിൽ ചേർന്ന് ഒരു സന്യാസിയാകണം എന്നായിരുന്നു അദ്ദേഹത്തിന്റെ കൗമാരകാല മോഹം. 1968 മാർച്ചിൽ എസ്സ്. എസ്സ്. എൽ. സി. പരീക്ഷ എഴുതിയതിനു



ശേഷം പരീക്ഷാഫലം കാത്ത് കഴിഞ്ഞിരുന്ന അവധിക്കാലവും അദ്ദേഹം ചെലവഴിച്ചത് പതിവുപോലെ പെരുനാട് ബഥനി ആശ്രമത്തിലായിരുന്നു.

**പുനഃരൈക്യം**

എസ്സ്. എസ്സ്. എൽ. സി. പരീക്ഷാ ഫലം അറിഞ്ഞപ്പോൾ ബഥനിയിൽ സന്യാസ വൈദികനാകാൻ മകൻ തയ്യാറെടുക്കുന്നു എന്നു മനസ്സിലാക്കിയ പിതാവ് മകനോട് പറഞ്ഞു: ' മകനേ, വൈദികനാകുന്നതിൽ എതിരില്ല, നീ വൈദികനാകുന്നെങ്കിൽ അത് കത്തോലിക്കാ സഭയിലായിരിക്കുന്നതാണ് നല്ലത്. ഉറച്ച ഓർത്തഡോക്സ് സഭാവിശ്വാസിയും പെരുനാട് ബഥനി ആശ്രമശ്രേഷ്ഠനായ വല്ല്യച്ചന്റെ (ഫാ. മത്തായി ഒ. ഐ. സി.) ഇളയസഹോദരനുമായ സ്വന്തം പിതാവ് ഇങ്ങനെ പറയാൻ ഇടയായത് എന്തുകൊണ്ട് എന്ന് മകൻ അത്ഭുതപ്പെട്ടു. കത്തോലിക്കാ സഭയെക്കുറിച്ച് യാതൊരറിവുമില്ലാത്ത തന്നോട് എന്തുകൊണ്ട് സ്വന്തം പിതാവ് ഇപ്രകാരം പറഞ്ഞു. യൗവ്വനത്തിന്റെ പടിവാതില്ക്കൽ എത്തിനിന്നിരുന്ന അദ്ദേഹത്തിന്റെ മനസ്സിൽ അത് തങ്ങിനിന്നു. സന്യാസം താലോലിച്ചിരുന്ന മനസ്സിൽ ഇതാ വേറൊരുചിന്ത. വീടിനടുത്തുള്ള മലങ്കര സുറിയാനി കത്തോലിക്കാ പള്ളിവികാരിയെ സമീപിച്ച് കാര്യങ്ങൾ ധരിപ്പിച്ചു. സ്വന്തം പിതാവിന്റെ സഹപാഠിയായിരുന്ന ഇടശ്ശേരിൽ ബഹു. ഏബ്രഹാം അച്ചനായിരുന്നു പള്ളിവികാരി.

ക്നാനായ യാക്കോബായ സഭയിൽ നിന്ന് പരിശുദ്ധ കത്തോലിക്കാ സഭയിലേക്ക് പുനഃരൈക്യപ്പെട്ട വൈദികൻ. പരിശുദ്ധ കത്തോലിക്കാ സഭയെക്കുറിച്ചും മലങ്കര സുറിയാനി കത്തോലിക്കാ സഭയെക്കുറിച്ചും കത്തോലിക്കാ പൗരോഹിത്യ =ത്തെക്കുറിച്ചും ബ്രഹ്മചാരിയായ കത്തോലിക്കാ വൈദികന്റെ ജീവിതം സന്യാസത്തിന്റെ ഉൾപ്പൊരുൾ ഉൾക്കൊള്ളുന്നതാണന്നുമൊക്കെ ബഹു. ഇടശ്ശേരിൽ ഏബ്രഹാമച്ചൻ വിശദമായി പറഞ്ഞുകൊടുത്തു.

പുനഃരൈക്യപ്രേഷിതനും ഒപ്പം സന്യാസിയുമായിരിക്കാൻ സാധിക്കുന്ന കത്തോലിക്കാ പൗരോഹിത്യം അദ്ദേഹത്തിന് ആകർഷമായി തോന്നി. ഓർത്തഡോക്സ് സഭാംഗമായ താൻ എങ്ങനെ കത്തോലിക്കാ വൈദിക സെമിനാരിയിൽ ചേരും ബഹു. ഏബ്രഹാം ഇടശ്ശേരിൽ അച്ചൻ അതിനും മാർഗ്ഗം കണ്ടെത്തി. സ്റ്റീഫൻ എന്ന് ഔദ്യോഗികനാമമുള്ള രാജുവിനെ 1968 ജൂൺ 15-ാം തീയതി വൈകിട്ട് നാല് മണിയോടെ കരിമ്പനാംകുഴി സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ വച്ച് പുനഃരൈക്യപ്പെടുത്തി.

**സെമിനാരിയിലും സന്യാസാരൂപിയിൽ**

ബഹു. ഏബ്രഹാം ഇടശ്ശേരിൽ അച്ചനോടൊപ്പം കരിമ്പനാംകുഴി പള്ളിമേടയിൽ താമസിച്ചിരുന്ന ബഹു. ജോർജ് പത്തിപ്പറമ്പിൽ അച്ചൻ പിറ്റേദിവസം, ജൂൺ 16-ാം തീയതി രാവിലെ തിരുവല്ലാ മേരിഗിരി മെത്രാസന മന്ദിരത്തിലെത്തി അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് പിതാവിനെയും സെമിനാരി റെക്ടർ ബഹു. ജോർജ് ചുണ്ടേവാലേൽ അച്ചനെയും കണ്ട് അനുഗ്രഹം വാങ്ങി വൈദിക പഠനത്തിന് ചേർന്നു. പരിശുദ്ധ കത്തോലിക്കാ സഭയിൽ ചേർന്ന് ഇരുപത്തിനാല് മണിക്കൂർ തികയുന്നതിനു മുമ്പ് വൈദിക പരിശീലനത്തിന് സെമിനാരിയിൽ ചേരുക, സഭാ ചരിത്രത്തിൽ അത്യപൂർവ്വമായ ഒരു നടപടി. പെരുനാട്ടിൽ ബഥനി ആശ്രമത്തിലെ അവധിക്കാല വാസ സമയത്ത് ആശ്രമത്തിലെ ചിട്ടകളും നിഷ്ഠകളും ജീവിതരീതികളും പരിശീലിച്ചിരുന്നതുകൊണ്ട് സെമിനാരി പരിശീലനവും പഠനവും ജീവിതവും അനായാസമായി അനുഭവപ്പെട്ടിരുന്നു. സന്യാസം ആഗ്രഹിച്ചിരുന്ന അദ്ദേഹം വൈദിക പരിശീലനകാലത്തും വൈദിക ശുശ്രൂഷാകാലത്തും സന്യാസത്തിനിണങ്ങിയ ചിട്ടകളും ശീലങ്ങളും ജീവിതത്തിൽ പുലർത്തിയിരുന്നു. കുരിശുമല ആശ്രമം കൂടെ ക്കൂടെ സന്ദർശിക്കുകയും അവിടെയുള്ള സന്യാസികളോടൊപ്പം ദിവസങ്ങൾ ചിലവഴിക്കുകയും അന്നും ഇന്നും അദ്ദേഹത്തിന് അതീവ ആസ്വാദ്യകരമാണ്. ഒരു പർണ്ണാശ്രമത്തിൽ തപസനുഷ്ഠിക്കണമെന്ന ആഗ്രഹം അദ്ദേഹം പലപ്പോഴും പങ്കുവയ്ക്കുന്നത് കേൾക്കാനിടയായിട്ടുണ്ട്. അതിനായി ഒരു നദിക്കരയിൽ അല്പം ഭൂമിയും സ്വന്തമാക്കിയിട്ടുള്ളതായിട്ടാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

**ഔദ്യോഗികമായി സന്യാസി**

സന്യാസ ആശ്രമത്തിൽ അംഗമായില്ലങ്കിലും റമ്പാൻ പദവി നല്കിയതിലൂടെ ഔദ്യോഗികമായി സഭ അദ്ദേഹത്തെ സന്യാസിയായി മുദ്രകുത്തി സ്ഥിരീകരിച്ചത് ദൈവപദ്ധതിയല്ലാതെ മറ്റെന്താണ്. മെത്രാനായി അഭിഷിക്തനായി പ്രത്യേക ചുമതല



കൾ ഏറ്റിട്ടും സന്യാസാരൂപിയിൽ ജീവിക്കാനാണ് അദ്ദേഹം താല്പര്യപ്പെടുന്നതും ശ്രമിക്കുന്നതും. ഹൈറേഞ്ചിന്റെ മലമടക്കുകളിൽ താമസിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ കൗമാരകാലത്തേ പെരുനാട് ബഥനിയിലെ ജീവിതത്തിന്റെ തുടർച്ചപോലെ തന്നെ. പരിസ്ഥിതി സംരക്ഷണപരിശ്രമങ്ങളും ജൈവകൃഷിയും ഹരിത സംരക്ഷണ പരിശ്രമങ്ങളുമെല്ലാം പെരുനാട്ടിൽ ബഥാന്യരോടൊപ്പം അഭ്യസിച്ച ജീവിതരീതികളുടെ തുടർച്ചപോലെയും. സന്യാസ ജീവിതത്തിനടുത്ത ലാളിത്യവും ജീവിത ക്രമവും ആദ്ധ്യാത്മിക ചിട്ടകളും മെത്രാപ്പോലീത്തായുടെ ജീവിതത്തിരക്കുകൾക്കിടയിലും പാലിക്കുവാൻ ശ്രമിക്കുന്നു അദ്ദേഹം.

**ഉപസംഹാരം**

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ സ്ഥാപിച്ച പെരുനാട്ടിലെ ബഥനി ആശ്രമത്തിന്റെ അകത്തളങ്ങളിലും അന്തരീക്ഷത്തിലും നിന്ന് സ്വാംശീകരിച്ച സന്യാസജീവിതാഭിമുഖ്യം ആശ്രമത്തിൽ അംഗമാകാതെ തന്നെ അനുഷ്ഠിക്കുവാൻ അദ്ദേഹത്തിന് ദൈവം പദ്ധതി ഒരുക്കി നല്കിയിരിക്കുന്നു. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിലൂടെ ദൈവം ഒരുക്കിയ പുനഃരൈക്യ വഴിയിൽ നിന്ന് മുഖം മറച്ചു നിന്ന പേരപ്പനിൽ നിന്ന് ഫാ. മത്തായി ഒ. ഐ. സി. (വല്ല്യച്ചൻ) ബഥനി ആദ്ധ്യാത്മികത അഭ്യസിച്ച മകൻ പുനരൈക്യത്തിലേക്ക് അത്ഭുതകരമായി കടന്നുവന്ന് പരിശുദ്ധ കത്തോലിക്കാസഭയിൽ വൈദികനും മെത്രാനുമായി മാർ ഈവാനിയോസ് പിതാവിന്റെ സന്യാസഅരൂപിയിൽ ആഴപ്പെട്ട് ജീവിക്കുന്നത് ദൈവപദ്ധതി അല്ലാതെ മറ്റെന്താണ്. മുണ്ടൻമലയിൽ നിന്ന് പരിശീലിച്ച സന്യാസജീവിതദർശനങ്ങൾ വടക്കേ അമ്മേരിക്കയിലെ പട്ടണവാസികളും ആധുനികരും ആർഭാടക്കാരുമായവരുടെ ഇടയിൽ സാക്ഷിക്കുവാൻ ദൈവം അദ്ദേഹത്തെ തെരഞ്ഞെടുത്തു നിയോഗിച്ചിരിക്കുന്നു.●

# മാർ സ്തേഫാനോസ് പിതാവിനോടൊത്ത് വിശുദ്ധനാട്ടിൽ





**ഫാ. ചെറിയാൻ രാമനാലിൽ**
**കോറെപ്പിസ്കോപ്പ**

**2006ൽ** വന്ദ്യപിതാവ് വികാരി ജനറലും ഞാൻ കത്തീഡ്രൽ വികാരിയുമായിരുന്ന സമയം. കത്തീഡ്രൽ പള്ളിപണിയും, കൂദാശയും ഒക്കെ കഴിഞ്ഞ ഇടവേള ഒരു തീർത്ഥാടനത്തിന് വഴിയൊരുക്കി. പിതാവാണ് നിർദ്ദേശം മുന്നോട്ട് വച്ചത്. പാലായിൽ നിന്നും വൈദികരുൾപ്പെടുന്ന ഒരു തീർത്ഥാടക സംഘം. വന്ദ്യപിതാവിനെപ്പോലെ ഞാനും ലോകത്തിന്റെ പ്രധാനഭാഗങ്ങളൊക്കെ സന്ദർശിച്ചെങ്കിലും, വിശുദ്ധനാടോ, ഈജിപ്റ്റ് ഉൾപ്പെടെയുള്ള ആഫ്രിക്കയിലോ കാൽകുത്തിയിട്ടില്ലാതിരുന്നതുകൊണ്ട് നിർദ്ദേശം ഒരുപാട് ഇഷ്ടപ്പെട്ടു. കർത്താവ് നടന്ന വഴിയിലൂടെ നടക്കാനുള്ള അസുലഭാനുഗ്രഹം.

55 ഓളം സ്ത്രീ പുരുഷന്മാരും വൈദികരും അടങ്ങുന്ന ഗ്രൂപ്പായിരുന്നു ഞങ്ങളുടേത്. യാത്രയും താമസവും ഭക്ഷണവുമടങ്ങുന്ന പാക്കേജായിരുന്നതുകൊണ്ട് സംഘാടകരോട് സഹകരിച്ചാൽ മതിയായിരുന്നു. ഓർമ്മയിൽ നിന്നായതുകൊണ്ട് സന്ദർശിച്ച ഇടങ്ങൾ അതിന്റെ ക്രമത്തിൽ അല്ല.

അമ്മാനിൽ വിമാനമിറങ്ങി, ബസിൽ ഇസ്രായേലിൽ എത്തി, പുതിയ ബസ് കയറി ഇസ്രായേലിന്റെ പല ഭാഗത്തുള്ള, സുവിശേഷസംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച സ്ഥലങ്ങളിലേക്കായിരുന്നു യാത്ര. ഗലീല തടാകവും സമീപ സ്ഥലങ്ങളും സന്ദർശിച്ചു. തടാകത്തിന്റെ കരയിലുള്ള ചെറുപാറകളിൽ കയറിയിരുന്ന് വെള്ളത്തിൽ കാലിട്ടിളക്കി സന്തോഷിച്ചതും, മലമുകളിലുള്ള കത്തോലിക്ക ദൈവാലയം സന്ദർശിച്ച് പ്രാർത്ഥിച്ചതായും ഓർക്കുന്നു. തുടർന്ന് നസ്രത്തും അവിടെയുള്ള കത്തോലിക്കാ ദൈവാലയവും സന്ദർശിച്ച് നസ്രത്താനുഭവവും സ്വന്തമാക്കി. കഫർ

ണാം സമതലപ്രദേശങ്ങളും കടന്ന് ജോർദ്ദാൻ നദിക്കരയെത്തി. നദിയിലിറങ്ങി സ്വയം വെള്ളം ദേഹത്തൊഴിച്ചും മറ്റുള്ളവർക്ക് മാമോദീസ നല്കി യോഹന്നാന്റെയും കർത്താവിന്റെയും സ്മരണ പുതുക്കി. പിതാവ് എനിക്ക് മാമോദീസ തന്നതായിട്ടാണോർമ്മ!

തീർത്ഥാടന യാത്രയിൽ കൂടുതൽ സമയം ചെലവഴിച്ചത് ജറുസലേമിലായിരുന്നു. കർത്താവ് പീഢാനുഭവത്തിനു മുൻപ് പ്രാർത്ഥിച്ച, രക്തം വിയർപ്പൊഴുക്കിയ ഇടത്തിൽ സമയം ചെലവഴിച്ചതായോർക്കുന്നു. ഞങ്ങൾപ്പെടുന്ന സമൂഹം ഉള്ളുരുകി പ്രാർത്ഥിച്ച നിമിഷങ്ങൾ. വളരെ പുരാതനമായ മരം അവിടെയുണ്ട്. കർത്താവിന്റെ കാലം മുതലുള്ളതാണെന്ന് ഗൈഡ് പറഞ്ഞു ബോധ്യപ്പെടുത്തി. കർത്താവ് പലപ്പോഴും സന്ദർശിച്ച ബഥനിയിലെ സഹോദരരുടെ ഭവനം നിലനിന്നിരുന്ന ഇടം ഒരു ദൈവാലയം ആക്കി. അവിടെയും പ്രാർത്ഥിക്കാനുള്ള ദൈവാനുഗ്രഹം ഉണ്ടായി. കർത്താവ് മറുരൂപപ്പെട്ട മലയും അവിടുത്തെ ദൈവാലയവും ഓർമ്മയിൽ നിന്ന് മാഞ്ഞിട്ടില്ല.

**പീഡാനുഭവവഴിയിലൂടെ**

പീലാത്തോസിന്റെ വസതിയിലുള്ള വിസ്താരശേഷം കർത്താവിനെ കുരിശിൽ തറയ്ക്കാൻ കൊണ്ടുപോയ വഴിയിലൂടെയുള്ള പ്രയാണമാണ് തീർത്ഥാടനത്തിന്റെ പരമകാഷ്ട. പള്ളികളിലെ കുരിശിന്റെ വഴി പോലെ 14 സ്ഥലങ്ങളിൽ നിന്ന് പ്രാർത്ഥിച്ച് ധ്യാനിക്കാനുള്ള ക്രമീകരണമുണ്ട്. വന്ദ്യ പിതാവ് ഒരു യഥാർത്ഥ ശിഷ്യന്റെ മനോഭാവത്തോടുകൂടി ആ ഇടങ്ങളിൽ നിന്ന് പ്രാർത്ഥിച്ചതോർക്കുന്നു. ജീവിതയാത്രയിലെ മറക്കാത്ത വഴിയിലെ യാത്ര, ജീവിത വഴിയുടെ ഭാഗമായി എഴുതി ചേർക്കപ്പെട്ട, കുരിശിൽ തറച്ച ഇടവും അതിന്റെ പവിത്രതയോടുകൂടി സൂക്ഷിക്കപ്പെടുന്നു. കർത്താവിനെ സംസ്കരിച്ച്, അവിടുന്ന് ഉയർത്തെഴുന്നേറ്റ കല്ലറയുടെ മുകളിൽ പണിതിരിക്കുന്ന ദൈവാലയത്തിന്റെ ഉടമസ്ഥത ഭാഗികമായി കത്തോലിക്കാ സന്യാസിമാരുടെയും ഭാഗികമായി പൗരസ്ത്യ അകത്തോലിക്കാ സഭയുടെ മേൽനോട്ടത്തിൽ എല്ലാവർക്കും പ്രാപ്യമായി നില കൊള്ളുന്നു. കുരിശു യുദ്ധത്തിനു ശേഷമുള്ള ക്രമീകരണമായിരുന്നു. പാശ്ചാത്യ കത്തോലിക്കാ സഭയ്ക്കും പൗരസ്ത്യ കത്തോലിക്കാ സഭയ്ക്കും ഉണ്ടായിരുന്നു ഈ പ്രാപ്യത.

തുടർന്ന് യാത്ര കർത്താവ് ജനിച്ച ബേത്ലഹേം പുൽകൂടിരുന്ന സ്ഥലവും പരിസരങ്ങളുമാണ്. ഇപ്പോഴുള്ള ദൈവാലയവും പരിസരവും നമ്മുടെ ചിന്തകളെ യേശുതമ്പുരാന്റെ ബാല്യത്തിലേക്ക് നയിക്കുന്നു. ബേത്ലഹേം സന്ദർശനത്തിനുശേഷം യാത്രാലക്ഷ്യം നൈൽനദിക്കരയിലുള്ള ഈജിപ്റ്റിലെ കെയ്റോയും ഈജിപ്ഷ്യൻ മമ്മികളെ സൂക്ഷിക്കുന്ന കുടീരങ്ങളുമാണ്. അങ്ങോട്ടുള്ള യാത്രാമധ്യേ ജോർദ്ദാൻ നദി പതിക്കുന്ന ചാവുകടലിലെത്തി കുളിക്കുകയും പിതാവും ഞാനും പരസ്പരം മണൽ വാരിതേച്ച് ശുദ്ധീകരിക്കുവാൻ ശ്രമിച്ചതുമോർക്കുന്നു. ബസ് യാത്ര പൂർത്തിയാക്കി നൈൽ നദിയിൽ നടത്തിയ 2 മണിക്കൂർ ബോട്ടുയാത്ര പിരമിഡ് സന്ദർശനവും അവിസ്മരണീയമാണ്.

അഭിവന്ദ്യ പിതാവിന്റെ പ്രോത്സാഹനവും സാമിപ്യവുമില്ലായിരുന്നെങ്കിൽ ഈ അവിസ്മരണീയ തീർത്ഥാടനം ലഭിക്കുമായിരുന്നില്ല.

തുടർന്നിങ്ങോട്ട് വചന വായന കുറെക്കൂടി അർത്ഥവത്തായി, ജീവിതത്തെ ഫലദായമാക്കുവാൻ സഹായിച്ചിട്ടുണ്ട്. കഴിവുള്ളവർ ഈ ആത്മീയാനുഭവം സ്വന്തമാക്കാൻ ശ്രമിക്കണമെന്ന് മാത്രം ഓർമ്മിപ്പിക്കുന്നു.






ഫാ. ചാക്കോ നരിമറ്റത്തിൽ
കോർ എപ്പിസ്കോപ്പാ



# സ്വപ്നങ്ങൾ സഫലമാക്കുന്ന പിതാവ്

# മാർ സ്തേഫാനോസ്



ഏഴു വർഷങ്ങൾക്കുമുമ്പ് മലയോരത്തിന്റെ മടക്കുകളിലേക്ക് ഒരു പ്രത്യേക നിയോഗവുമായി വന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനി കയറിവന്നു. രണ്ടു വൈദിക ജില്ലകൾ ഉൾക്കൊള്ളുന്ന ഇടുക്കി മേഖലയുടെ ഇടയനായി കട്ടപ്പന ജ്യോതിസ് അജപാലന കേന്ദ്രം താമസസ്ഥലമാക്കിക്കൊണ്ട് അദ്ദേഹം പ്രാർത്ഥനാപൂർവ്വം തന്റെ പ്രവർത്തനങ്ങൾ തുടങ്ങി. ഒത്തിരി സ്വപ്നങ്ങൾ താലോലിച്ചുകൊണ്ട് അദ്ദേഹം തുടക്കം കുറിച്ചു. ഹൈറേഞ്ചിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹത്തിന് കാര്യങ്ങൾ എളുപ്പമായി. ബഹുമാനപ്പെട്ട വൈദികരുടെയും സമർപ്പിതരുടെയും വിശ്വാസികളുടെയും പൊതുജനത്തിന്റെയും വിശ്വാസ്യത ആർജിച്ചും കൊണ്ട് അദ്ദേഹം പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി.

ജീവിത ലാളിത്യം, തെളിമയുള്ള മനസ്സ്, സ്നേഹിക്കുന്ന ഒരു ഹൃദയം, ആരെയും ഹഠാദാകർഷിക്കുന്ന പെരുമാറ്റം, സ്വതസിദ്ധമായ പുഞ്ചിരി ഇവയെല്ലാം വന്ദ്യപിതാവിന്റെ വ്യക്തിത്വത്തെ ശ്രേഷ്ഠമാക്കി. ഓരോരുത്തരെയും ഉൾക്കൊള്ളാനുള്ള വിശാലമായ മനസ്സും ആരെയും ആവശ്യമറിഞ്ഞ് സഹായിക്കുവാനുള്ള കരുതൽ, ഔദാര്യത്തോടെയുള്ള ഇടപെടൽ - പിതാവിന്റെ പ്രത്യേകതകൾ ആണ്. പുതിയ മിഷനുകൾ തുടങ്ങുവാനുള്ള ശ്രദ്ധയും പ്രോത്സാഹനവും അദ്ദേഹം കൊടുത്തിരുന്നു. വൈദികരോട് ഏറെ കരുതലും ബഹുമാനവും അദ്ദേഹത്തിനുണ്ടായിരുന്നു. വളരെ ശ്രദ്ധയോടെ അവരെ കേൾക്കുവാനും, മുഖപ്രസന്നതയോടെ

കാര്യങ്ങൾ ചെയ്യാനും ഏറെ ശ്രദ്ധിച്ചിരുന്നു. പ്രസാദാത്മകമായി ജീവിതത്തെ സമർപ്പിച്ച ഒരു വ്യക്തിയായിരുന്നു വന്ദ്യപിതാവ്.

വിശാലമായ ഒരു സുഹൃത് വലയം അദ്ദേഹത്തിനുണ്ട്. ജാതി - മത - രാഷ്ട്രീയ ഭേദമില്ലാതെ ആരെയും വിടർന്ന പുഞ്ചിരിയോടെ സ്വീകരിക്കുവാനും വളരെ സ്നേഹത്തോടെ സൽക്കരി ക്കാനുമുള്ള ഒരു സ്വഭാവം അദ്ദേഹത്തിന്റെ പ്രത്യേകത ആണ്. അതുകൊണ്ടുതന്നെ, ഒരിക്കൽ ഇടപെടുന്നവർ പിന്നീടൊരിക്കലും അദ്ദേഹത്തെ മറക്കുകയില്ല. മറ്റുള്ളവർ പറയുന്നത്, അദ്ദേഹം ഒരു വലിയ തണൽമരം ആയിരുന്നു എന്നതാണ്. ആബാലവൃദ്ധം ജനങ്ങളുമായും ഹൃദ്യമായി ഇടപെടുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു.

മണ്ണിനോട് മല്ലി ടുന്ന കർഷകന്റെ നെടുവീർപ്പുകൾ അദ്ദേ ഹം സ്വന്തമാക്കി. ഹരിതാഭമാർന്ന ഇടങ്ങളെ അവയുടെ ശോഭ കെടുത്താതെ മേന്മ യുള്ളതാക്കുക, നന്മ കളയാതെ സൂക്ഷിക്കുക എന്നത് അദ്ദേഹത്തിന്റെ നിഷ്കർ യായിരുന്നു. ജൈവ കൃഷിയെ ഏറെ പ്രോത്സാഹിപ്പിച്ചിരുന്നു. നൂതനമായ സംരംഭങ്ങളിലൂടെ പരമാവധി ഫലസിദ്ധി ലക്ഷ്യം വച്ച് കാര്യങ്ങൾ ചെയ്യുക എന്നത് നിർബന്ധം ആയി രുന്നു.

അദ്ദേഹം വളരെ ദീർഘവീക്ഷണത്തോടെ കാര്യങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. ഹൈറേഞ്ചിന്റെ വികസനം, വളർച്ച ലക്ഷ്യം വച്ചുകൊണ്ട് അദ്ദേഹം തുടങ്ങിവച്ച കാര്യങ്ങൾ അനവധി ആണ്. ഇടുക്കി മലങ്കര ജ്യോതി ഇന്റഗ്രൽ ഡവലപ്മെന്റ് സൊസൈറ്റി എന്ന പേരിൽ ഒരു സംഘം രജിസ്റ്റർ ചെയ്തു. കയറ്റുമതി ഉന്നം വച്ചുകൊണ്ട് മലങ്കര ആഗ്രിമിഷൻസ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചു. കൂൺ, പാവൽ, കുരുമുളക് വള്ളികൾ എന്നിവ കൃഷി ചെയ്തു. അണക്കരയിൽ ഒരു പോളി ഹൗസ്, പശു ഫാം, ആട് ഫാം, പന്നി ഫാം, വെച്ചൂർ പശുക്കളെ വളർത്തൽ, മത്സ്യം വളർത്തൽ എന്നിവ തുടങ്ങി, ഇവ വളരെ ഭംഗിയായി പോകുന്നു. വെറുതെ ഇട്ടിരുന്ന പാടം നെൽക്കൃഷി ചെയ്തു. വില കൂടിയ അരി ആയ പാൽത്തോണി ഇനമാണ് കൃഷി ചെയ്യിച്ചത്. പച്ചക്കറികൾ, കപ്പ ഇവയുടെ ഉല്പാദനം വലിയ തോതിൽ ആയിരുന്നു. രാസവളങ്ങൾ അല്പം പോലും ഉപയോഗിക്കാതെ, ജൈവവളം മാത്രം ഉപയോഗിക്കണമെന്ന് നിർബന്ധം ആയിരുന്നു. അഞ്ചുതരം അച്ചാറുകൾ ഉണ്ടാക്കുന്ന ഒരു പിക്കിൾ പ്രൊഡക്ഷൻ യൂണിറ്റ് തുടങ്ങി. എല്ലാം കാര്യക്ഷമമായി നടത്തുവാൻ വേണ്ട നേതൃത്വം അദ്ദേഹം കൊടുത്തിരുന്നു.

അണക്കരയിലെ നാല്പതേക്കർ സ്ഥലം സുരക്ഷിതവും, ഹരിതാഭവും, ഫലസമൃദ്ധിയും ഉള്ളതാക്കിയത് വന്ദ്യപിതാവിന്റെ നിശ്ചയ ദാർഢ്യവും ഇടപെടലുകളും ആണ്. വിദേശികളും സ്വദേശികളും ആയ അനേകം സുഹൃത്തുക്കളെയും അഭ്യുദയകാംക്ഷികളെയും അദ്ദേഹം കൊണ്ടുവരികയും അവരുടെ താല്പര്യപൂർവ്വമായ സഹകരണം ഉറപ്പുവരുത്തുകയും ചെയ്തു അദ്ദേഹം.

ഹൈറേഞ്ചിനു വേണ്ടി അനേകം സ്വപ്നങ്ങൾ അദ്ദേഹം താലോലിച്ചിരുന്നു. ഒരു കാർഷിക കോളേജ്, ഒരു ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ഒരു അഗ്രികൾച്ചറൽ റിസർച്ച് സെന്റർ - അവ യിൽ ചിലതു മാത്രം. ഇടുക്കി മേഖലയുടെ സർവ്വതോമുഖമായ ഉയർച്ചയും ലക്ഷ്യമാക്കിയുള്ള ഒരു സമർപ്പണം ആയിരുന്നു അദ്ദേഹത്തിന്റെ ജീവിതവും പ്രവർത്തനങ്ങളും. മലയോര മക്ക ളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി തുടിച്ചിരുന്ന ഒരു ഹൃദയം. എല്ലാ വിഭാഗം ജനങ്ങളെയും ഈ ഉദ്ദേശ്യത്തോടെ ഒന്നിപ്പിക്കുവാനും, ഗവൺമെന്റിന്റെയും മറ്റ് ഏജൻസികളുടെയും സഹായങ്ങൾ നേടിയെടുക്കുവാനും അദ്ദേഹം ജാഗ്രത പുല ർത്തിയിരുന്നു.


ഉള്ളതിന്റെ ഓഹരി ഉള്ളു തുറന്ന് പങ്കുവയ്ക്കുന്ന ഒരു പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. കളങ്കമില്ലാത്ത വ്യക്തിത്വത്തിന്റെ ഉടമ. പ്രാർത്ഥനയാണ് ശക്തിയും ചൈതന്യവും പകർത്തിയിരുന്നത്. ഹൈറേഞ്ച് എല്ലാം കൊണ്ടും വളക്കൂറുള്ള മണ്ണാണ് എന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. ഇവിടെ ആയിരിക്കുന്നത് വളരെ നല്ലതെന്ന് അദ്ദേഹത്തിന്റെ മനസ്സ് മന്ത്രിക്കുന്നുണ്ട്, എന്നാൽ ദൈവഹിതം നിറവേറണം; അവിടുത്തെ മഹത്വം സാധിതമാക്കണം ഇക്കാര്യം ആവേശത്തോടെ അംഗീകരിക്കുന്ന വന്ദ്യ പിതാവ്. മറ്റൊരു ഭൂഖണ്ഡത്തിലേക്ക് പറിച്ചുനടപ്പെടുമ്പോൾ ഒന്നു മാത്രം ആശംസിക്കുന്നു. Blossom where you are planted. അവിടു ത്തെ മക്കൾക്ക് അങ്ങയെ ക്കൊണ്ട് ആവശ്യമുണ്ട്. ദൈവം തുണയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ●






ഫാ. റിജോ പുത്തൻപറമ്പിൽ

**ഇന്റർനെറ്റ്സുരക്ഷാ മുൻകരുതലുകൾ**



കമ്പ്യൂട്ടറുകളും മൊബൈലുകളും ഇന്ന് നിത്യഉപയോഗ സാധനങ്ങൾ ആയിക്കൊണ്ടിരിക്കുകയാണ്. wifi ഇന്ന് എല്ലാവർക്കും ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നായി തീർന്നു. എന്നാൽ ഇതിന്റെ ഉപയോഗം ചിലരെ കൂടുതൽ കുഴപ്പത്തിലേക്ക് എത്തിക്കാറുണ്ട്. ഇനിയും വരുന്ന കുറച്ചു ലക്കങ്ങളിൽ നമ്മൾ മൊബൈലും കമ്പ്യൂട്ടറുകളും ഉപയോഗിക്കുമ്പോൾ എടുക്കേണ്ട സുരക്ഷാ മുൻകരുതലുകളെക്കുറിച്ച് ചർച്ച ചെയ്യാം.

**പൊതുസ്ഥലങ്ങളിലുള്ള ഇന്റർനെറ്റ് ഉപയോഗം**

പൊതുസ്ഥലങ്ങളിലെ ഇന്റർനെറ്റ് ഉപയോഗം ധാരാളം സുരക്ഷാവീഴ്ചകൾക്ക് കാരണമാകാറുണ്ട്.

– സുരക്ഷിതമല്ലാത്ത നെറ്റ്‌വർക്കുകൾ ഉപയോഗിച്ചാൽ നമ്മുടെ ഇന്റർനെറ്റ് ഉപയോഗവും ആപ്ലിക്കേഷനുകളും മറ്റുള്ളവർക്ക് നിയന്ത്രിക്കാനായി സാധിക്കും.

– ബ്ലൂടൂത്ത് വഴി പ്രത്യേകതരം കോഡിങ്ങുകൾ അയച്ച് നമ്മുടെ മൊബൈലിലെ കോൺടാക്ടുകളും മൊബൈൽ തന്നെയും നിയന്ത്രിക്കാൻ സാധിക്കും.

– നമ്മുടെ സാമ്പത്തിക ഇടപാടുകൾ നടത്തുമ്പോൾ നമ്മുടെ വിവരങ്ങൾ ശേഖരിക്കാൻ സാധിക്കും. ഇതിന് Shoulder Surfing എന്നു പറയും.

**നമ്മളെ സംരക്ഷിക്കുക**

പൊതുവായ wifi ഉപയോഗം പലപ്പോഴും സുരക്ഷിതമല്ല. ചിലപ്പോൾ 'Spoof Hotspot' ഉണ്ടാക്കി നമ്മുടെ വിവരങ്ങൾ മോഷ്ടിക്കാം. അതുകൊണ്ട് എപ്പോഴും പൊതുവായി wifi ഉപയോഗിക്കുമ്പോൾ encrypted ആണോ എന്ന് പരിശോധിക്കുക. എൻക്രിപ്റ്റഡ് ആയ കണക്ഷനുകൾ ഏതാണ് ഇതുപോലെ ഉള്ളതായിരിക്കും 16A8C9F-E2




പൊതുസ്ഥലങ്ങളിലുള്ള wifi ഉപയോഗത്തിൽ നമ്മുടെ സ്വകാര്യകാര്യങ്ങൾ ഉപയോഗിക്കാതിരിക്കുക.

ബിസിനസ് ആൾക്കാർ എപ്പോഴും അവരുടെ encrypted Virtual Private Network ഉപയോഗിക്കുക.

**ബ്ലൂടൂത്ത് ഉപയോഗം**

– ബ്ലൂടൂത്ത് ആവശ്യത്തിനു മാത്രം ഉപയോഗിക്കുക

– ബ്ലൂടൂത്ത് ഉപയോഗിക്കുമ്പോൾ നിങ്ങളുടെ മൊബൈൽ discoverable അല്ലാത്ത രീതിയിൽ സെറ്റ് ചെയ്യുക.


– പൊതുസ്ഥലങ്ങളിൽ അറിയില്ലെങ്കിൽ bluetooth pairing നടത്താതിരിക്കുക.

–

Bluetooth®

പൊതുസ്ഥലങ്ങളിൽ ബ്ലൂടൂത്തിൽ കൂടി ലഭിക്കുന്ന ഫയലുകൾ സ്വീകരിക്കാതിരിക്കുക

ഇതുപോലെയുള്ള സുരക്ഷാ മുൻകരുതൽ എടുക്കുവാനായി ശ്രദ്ധിക്കുമല്ലോ. നമ്മുടെ ഇലക്ട്രോണിക് ഉപകരണങ്ങൾ കഴിവതും നമ്മുടെ നിയന്ത്രണത്തിൽ തന്നെ വയ്ക്കുക. നമ്മുടെ വിവരങ്ങൾ മോഷ്ടിക്കാൻ ഏകദേശം 30 സെക്കന്റുകൾ തന്നെ അധികമാണ്.



# എം.സി.സി.എൽ. ബൈബിൾ ക്വിസ്

ഒക്ടോബർ 2017

1. ബൈബിളിനെ വി.ഗ്രന്ഥം എന്നു വിളിച്ചതാര്?
2. കാനൻ എന്ന പദം ബൈബിൾ പഠനത്തിന് ആദ്യമായി ഉപയോഗിച്ചതാര്?
3. ഏഷ്യയിൽ ആദ്യമായി ബൈബിൾ അച്ചടിച്ചത് ഏത് വർഷം?
4. ബൈബിളിനു രണ്ടാം വത്തിക്കാൻ കൗൺസിൽ നൽകിയിരിക്കുന്ന പേര്?
5. സങ്കീർത്തനങ്ങളിൽ എത്ര വാക്യമുണ്ട്?
6. ബൈബിളിലെ ഏറ്റവും ചെറിയ പുസ്തകമേത്? എത്ര വാക്യങ്ങൾ?
7. ബൈബിളിലെ ഏറ്റവും നീളം കൂടിയ വാക്യം ഏത്?
8. കാനോനികമല്ലെങ്കിലും ബൈബിളിനോട് സാദൃശ്യമായ ഗ്രന്ഥങ്ങൾ എങ്ങനെ അറിയപ്പെടുന്നു?
9. ബൈബിളിനെക്കുറിച്ചുള്ള ഏറ്റവും പുരാതനമായ രേഖ ഏത്?
10. ബൈബിളിന്റെ അരമായ വിവർത്തനത്തിന്റെ പേര്?

*N.B* : ഉത്തരങ്ങൾ നവംബർ 4 ന് മുൻപായി **തിയോളജിക്കൽ & കാറ്റകെറ്റിക്കൽ സെന്റർ, സമീക്ഷ, കുളക്കാട്, തിരുവല്ല - 689 101** എന്ന മേൽവിലാസത്തിലേക്ക് അയച്ചു തരിക

## ബൈബിൾ ക്വിസ് ശരി ഉത്തരം

**സെപ്റ്റംബർ 2017**

1. മോശ
2. രക്ഷാകരചരിത്രം
3. 31173
4. ബിബ്ലിയ
5. വി. മർക്കോസിന്റെ സുവിശേഷം, എ.ഡി. 65 - 70 നും ഇടയ്ക്ക്
6. 73
7. വി. യോഹന്നാന്റെ സുവിശേഷം
8. വി. ലൂക്കോസിന്റെ സുവിശേഷം
9. തോറാ
10. യേശു കണ്ണുനീർ പൊഴിച്ചു (യോഹ 11:35)

## ബൈബിൾ ക്വിസ് - സെപ്റ്റംബർ 2017 വിജയികൾ

**ഒന്നാം സമ്മാനം** - **ബിബിൻ വർഗീസ്**
മുണ്ടയ്ക്കാനിക്കൽ
സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച് അണക്കര

### പ്രോത്സാഹന സമ്മാനങ്ങൾ

- ജോയൽ സി വർഗീസ്, ഇരിമ്പിനിക്കൽ
  സെന്റ് ജോർജ്ജ് മലങ്കര കാത്തലിക് ചർച്ച് ചുങ്കപ്പാറ
- അനീറ്റാ മരിയ ജേക്കബ്, പുതുപറമ്പിൽ
  സെന്റ് പോൾസ് മലങ്കര കാത്തലിക് ചർച്ച് കട്ടപ്പന
- ലിജാ തോമസ്, മൈലക്കാട്ട്
  ലിറ്റിൽ ഫ്ളവർ മലങ്കര കാത്തലിക് ചർച്ച് കീച്ചാൽ
- സച്ചിൻ ജോർജ്ജ് ബെന്നി, ആലുമൂട്ടിൽ
  സെന്റ് ജോർജ്ജ് കാത്തലിക് ചർച്ച് പുളിക്കീഴ്
- ബെനീറ്റാ റോസ് ബെന്നി, ആലുമൂട്ടിൽ
  പുത്തൻ വീട്
  സെന്റ് ജോർജ്ജ് മലങ്കര കാത്തലിക് ചർച്ച് പുളിക്കീഴ്
- ജിസ്സ് മനോജ്
  സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച്, അഞ്ചേരി
- ലിയാ ആൻ ജേക്കബ്
  സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച്, അഞ്ചേരി
- സിമി തോമസ്
  സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച്, അഞ്ചേരി
- അജോ സി ജോൺ, ചക്കാലവടക്കേതിൽ
  സെന്റ് ജോസഫ് ഇടമുറി
- ഷേബാ വിൽസൺ, നീറംപ്ലാക്കൽ
  സെന്റ് ജോസഫ് ഇടമുറി
- അനുമോൾ ഷിബു, പെരുംപൊയ്കയിൽ
  സെന്റ് ജോസഫ് ഇടമുറി
- മെഡീനാ മാത്യു, കൊല്ലിക്കുളാവിൽ
  സെന്റ് ജോസഫ് ഇടമുറി
- ആൻമേരി ജിൻസൺ, പാംപൂരാംപാറ
  സെന്റ് ജോസഫ് ഇടമുറി
- റോജിതാ വർഗീസ്, തോട്ടുങ്കൽ
  സെന്റ് ജോസഫ് ഇടമുറി

# അങ്ങയെ നോക്കിയവർ പ്രകാശിതരായി

**ലിജോ ജോർജ്ജ്**



**2015** നവംബർ 22 - പതിവു പ്രാർത്ഥനയ്ക്ക് ശേഷം ബൈബിൾ തുറന്നപ്പോൾ എനിക്ക് കിട്ടിയത് വി. മത്തായി എഴുതിയ സുവിശേഷം 2-ാം അദ്ധ്യായം 9-ാം വാക്യം. 'രാജാവ് പറഞ്ഞുകേട്ട് അവർ പുറപ്പെട്ടു. കിഴക്കുകണ്ട നക്ഷത്രം അവർക്കുമേൽ നീങ്ങിക്കൊണ്ടിരുന്നു. ശിശുകിടന്ന സ്ഥലത്തിന് മുകളിൽ അത് നിന്നു.'

വേദവായന പൂർത്തിയാക്കി ബൈബിൾ അടച്ചപ്പോൾ എന്റെ ഫോണിലേക്ക് ഒരു കോൾ വന്നു. അന്നത്തെ ഞങ്ങളുടെ വികാരി ആയിരുന്ന ബഹു. ഫാ. തോമസ് മണ്ണിൽ ആയിരുന്നു ഫോണിൽ. ആ ഫോൺ കോൾ എന്നെ നയിച്ചത് ജ്യോതിസ്സ് ബിഷപ്പ് ഹൗസിന്റെ മുറ്റത്തേക്ക് ആയിരുന്നു. തോമസച്ചന്റെ കൂടെ ബിഷപ്പ് ഹൗസിലേയ്ക്ക് എത്തിയ എന്നെ സ്വീകരിച്ചത് പണ്ട് ഞാൻ അൾത്താര ബാലനായിരുന്ന കാലത്ത് കുർബാനയ്ക്ക് എത്തിയപ്പോൾ കൂടെ നിന്നു ഫോട്ടോ എടുക്കാൻ അനുവാദം നൽകുകയും, ശിരസ്സിൽ കൈവച്ച് അനുഗ്രഹിക്കുകയും ചെയ്ത ശിശുക്കളുടെ മനോഭാവവും, ചാണക്യന്റെ ബുദ്ധിയും, വാക്കുകളിൽ ഇന്ദ്രജാലം തീർക്കുകയും ചെയ്യുന്ന ഹൈറേഞ്ചിന്റെ കൊച്ചു പിതാവ് അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനിയായിരുന്നു.

ലിജോ എന്ന ആദ്യ വിളിയിൽ തന്നെ ഞാൻ അനുഭവിച്ച വാത്സല്യവും സ്നേഹവും നാളിതുവരെ തെല്ലും കുറയാതെ നിൽക്കുമ്പോൾ തിരുമേനിയുടെ സാരഥി ആകാൻ സാധിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. സാരഥി സാഹചര്യങ്ങൾക്ക് അനുസരിച്ച് സെക്രട്ടറിയായും, കൂട്ടുകാരനായും, അനുജനായും, വലതുകൈയ്യായുമൊക്കെ മാറിയപ്പോൾ നെറ്റിപ്പട്ടം കെട്ടിയ കൊമ്പനെപ്പോലെ തെല്ല് അഹങ്കാരത്തോടെ ഞാൻ തലയുയർത്തി നിന്നു. എളിമ, വിനയം, സ്നേഹം, കരുതൽ എന്നീ സ്വസിദ്ധമായ സവിശേഷതകൾക്ക് പുറമേ അഭിവന്ദ്യ തിരുമേനി എനിക്ക് വാത്സല്യത്തിലൂടെ പിതൃതുല്യനായും കളിചിരിയിലൂടെ സുഹൃത്തായും തിരുത്തലിലൂടെ മാർഗ്ഗദർശ്ശിയായും നിലകൊള്ളുന്നു.

മലങ്കര കത്തോലിക്ക സഭയുടെ പ്രത്യേകിച്ച് ഹൈറേഞ്ചിന്റെ സ്വകാര്യ അഹങ്കാരമായ അഭിവന്ദ്യ തിരുമേനിയോടൊപ്പം ഇത്രനാൾ ജീവിക്കാൻ സാധിച്ചതിൽ ഞാൻ ദൈവത്തിന് നന്ദി പറയുന്നു. കാരണം വസ്ത്രത്തിന്റെ അംശം കാത്തുസൂക്ഷിച്ചു വച്ച് രോഗശാന്തി നേടിയ വി. ഡാനിയേലിന്റെ സുഹൃത്തിനെപ്പോലെ ഞാനും തിരുമേനിയിൽ നിന്നും ലഭിച്ച മാർഗ്ഗ നിർദ്ദേശങ്ങളും സമ്മാനങ്ങളും കാത്തുസൂക്ഷിക്കുന്നു. ●

## പുതുമകൾ നിറഞ്ഞ പുനരൈക്യാഘോഷം

# ഒരു അനുകരണീയ മാതൃക



പ്രൊഫ. ജേക്കബ് എം. ഏബ്രഹാം

**ഈ** കഴിഞ്ഞ സെപ്റ്റംബർ 19,20,21 തീയതികളിൽ അടൂർ കേന്ദ്രമാക്കി തിരുവനന്തപുരം മേജർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടന്ന 87-ാം പുനരൈക്യവാർഷികാഘോഷങ്ങൾ എല്ലാ വിധത്തിലും സവിശേഷ ശ്രദ്ധയാകർഷിക്കുന്നതായിരുന്നു. കാലഘട്ടത്തിനൊപ്പം സഭാ നേതൃത്വം ചിന്തിക്കുന്നുവെന്നതിന്റെ നല്ല സൂചനകൾ നമുക്കു ലഭിച്ചു. പ്രകൃതിയെ മലിനമാക്കുന്ന ഫ്ളക്സ് പരസ്യങ്ങൾ ഉപേക്ഷിച്ചതും പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുന്നതിനു തീരുമാനിച്ചതും ഏറെ സ്വീകാര്യമായി. പരിപാടികൾക്കു മുൻപും പിൻപുമായി നഗരത്തിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങൾക്ക് സഭാതലവൻ അഭിവന്ദ്യ കർദ്ദിനാൾ ക്ലീമ്മീസ് കാതോലിക്കാബാവാ തന്നെ നേതൃത്വം കൊടുത്തത് സമൂഹത്തിന്റെയൊന്നാകെ പ്രശംസക്ക് കാരണമായി. ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുത്ത ലബനനിലെ സുറിയാനി കത്തോലിക്കാ പാത്രിയാർക്കീസ് ഇഗ്നാത്തിയോസ് യൂസഫ് യൗനാൻ ബാവക്ക് പീഡനയനുഭവിക്കുന്ന ആ പ്രദേശത്തെ ക്രൈസ്തവർക്കായി ഒരു ലക്ഷം ഡോളർ (65 ലക്ഷം ഇന്ത്യൻ രൂപ) സഹായമായി നല്കിയത് നമ്മുടെ സഭയുടെ വിശ്വസാഹോദര്യത്തിന്റെ നിദർശനമാണ്.

ആഘോഷങ്ങളുടെ ഭാഗമായി നടത്താറുള്ള റാലി ഇത്തവണ ഉപേക്ഷിക്കുന്നത് ഏറെ പ്രശംസനീയമാണ്. അടൂർ പോലെയുള്ള ഇടുങ്ങിയ ചെറുപട്ടണത്തിൽ ഒരു റാലി നടത്തിയാലുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ സംഘാടകർ മുൻകൂട്ടി മനസ്സിലാക്കിയതു നന്നായി. റാലിയില്ലാതെ തന്നെ ആഘോഷങ്ങളുടെ മാറ്റ് കൂടുകയല്ലാതെ കുറഞ്ഞില്ലായെന്ന് പരിപാടികളിൽ പങ്കെടുത്തവർക്കെല്ലാം ബോദ്ധ്യമായി. ഈ വർഷത്തെ ആഘോഷങ്ങൾ ഏറ്റം ഭംഗിയായിരുന്നുവെന്ന് മൂന്നു ദിവസങ്ങളിലെയും പരിപാടികളിൽ പങ്കെടുത്തയാൾ എന്ന നിലയിൽ എനിക്ക് ഉറപ്പിച്ചു പറയാൻ കഴിയും.

വരുംകാല ആഘോഷങ്ങളെ സംബന്ധിച്ച് വ്യക്തമായ സൂചനകളാണ് ഇതു നല്കുന്നത്. പുനരൈക്യ ആഘോഷപരിപാടികൾക്ക് ഒരു ഏകീകൃത രൂപം ഉണ്ടാവണം. സഭാതല സിനഡൽ കമ്മീഷൻ ഇതു സംബന്ധിച്ച ഒരു മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതു നന്നായിരിക്കും. റാലി ഒഴിവാക്കി മറ്റ് രീതിയിൽ പരിപാടികൾ ഭംഗിയാക്കാൻ ശ്രദ്ധിക്കണം. ഈ കാര്യത്തിൽ തന്നെ ചർച്ചകൾ ഉണ്ടാവട്ടെ. ഈ വർഷത്തെ ആഘോഷങ്ങൾ വിജയിപ്പിച്ച സംഘാടകർക്ക് അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. ●



അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ
സജി കീക്കാടൻ & കുടുംബം
വെസ്റ്റ് ഓറഞ്ച്, ന്യൂജേഴ്സി
യു.എസ്.എ.


അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ
ജോസ് പള്ളിക്കൻ & കുടുംബം
വെസ്റ്റ്‌വുഡ്, ന്യൂജേഴ്സി
യു.എസ്.എ.

(28-ാം പേജ് തുടർച്ച)

യിൽ വളർന്നുവരുന്നു. അതോടൊപ്പം തന്നെ നമ്മുടെ സഹോദരീ സഭകളായ ജാക്കോബൈറ്റ്, ഓർത്തഡോക്സ്, മാർത്തോമാ, സിഎസ്ഐ തുടങ്ങിയ എപ്പിസ്കോപ്പൽ സഭകളും മറ്റു ക്രിസ്തീയ വിഭാഗങ്ങളും ഇവിടെ ശക്തമായി നിലയുറപ്പിക്കുന്ന കാലഘട്ടമാണിത്.

നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരുടെയും, ബഹുമാനപ്പെട്ട വൈദികരുടേയും, സന്യസ്തരുടേയും ഔദ്യോഗികവും അനൗദ്യോഗികവുമായ ഓസ്ട്രേലിയൻ സന്ദർശനങ്ങളും, തിരിച്ചറിവുകളും ഇവിടുത്തെ സഭാ മക്കൾക്ക് വൈദിക ശുശ്രൂഷയുടെ ആവശ്യകതയിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും തദ്വാരാ സീറോ മലങ്കര സഭയുടെ സഭാത്മക രംഗപ്രവേശം യാഥാർത്ഥ്യമാവുകയും ചെയ്തു. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, അഭിവന്ദ്യ അബ്രഹാം മാർ യൂലിയോസ് എന്നീ പിതാക്കന്മാരുടെ സന്ദർശനം പരിശുദ്ധ സൂനഹദോസിന്റെ സത്വരമായ ശ്രദ്ധ ഈ പ്രദേശത്തേക്കു തിരിച്ചു. സുനഹദോസിന്റെ നിർദ്ദേശ പ്രകാരം തോമസ് മാർ അന്തോണിയോസ് പിതാവ് നടത്തിയ ഔദ്യോഗിക സന്ദർശനം ഓസ്ട്രേലിയയിലേക്കുള്ള ഒരു സ്പെഷ്യൽ പാസ്റ്ററിന്റെ നിയമനം വേഗത്തിലാക്കി. സൗത്ത് ഓസ്ട്രേലിയയിലെ അഡിലെയ്ഡ് ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഫിലിപ്പ് ഇ. വിൽസൺ മെത്രാപ്പോലീത്തയുമായി നമ്മുടെ കാതോലിക്കാ ബാവാ കർദ്ദിനാൾ തിരുമേനി ഒപ്പിട്ട കരാർ പ്രകാരം 2013 ഒക്ടോബർ മാസം മുതൽ ഓസ്ട്രേലിയയിലെ മലങ്കര മക്കൾക്ക് സ്പെഷ്യൽ പാസ്റ്റർ നിയമിതനായി.

2013 ഒക്ടോബറിൽ തുടക്കം കുറിച്ച ഈ ശുശ്രൂഷയിലൂടെ ഓസ്ട്രേലിയായിലും ന്യൂസിലന്റിലുമായ പ്രധാന നഗരങ്ങൾ കേന്ദ്രീകരിച്ച് പത്തിലധികം മിഷൻ കേന്ദ്രങ്ങൾ ആരംഭിച്ചു.

ഇവിടേയ്ക്ക് കടന്നു വന്ന നമ്മുടെ സഭാമക്കളെ ഈ വിദേശ രാജ്യത്ത് വിശ്വാസത്തിന്റെ തെളിച്ചത്തിൽ ഉറച്ചു നിൽക്കാൻ ശക്തിപ്പെടുത്തുകയെന്നത് വളരെ ഗൗരവമേറിയ ഉത്തരവാദിത്വമാകുന്നുവല്ലോ. അതോടൊപ്പം തന്നെ നമ്മുടെ ആളുകളെ കൂടുതലായി കണ്ടെത്തുകയും, ഈ പ്രദേശത്തേക്ക് ആദ്യമായി വരുന്നവർക്ക് ആരംഭത്തിൽ ഉണ്ടാകുന്ന അസൗകര്യങ്ങളെ തരണം ചെയ്യാൻ സഹായിക്കേണ്ടതായുമുണ്ട്. വിശുദ്ധ കുർബാന കേന്ദ്രീകൃതമായ സമൂഹങ്ങൾ വളർത്തി ഇടവകകളായി രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇവിടെയുള്ള സഭാമക്കൾ തീക്ഷ്ണതയോടെ പ്രവർത്തിക്കുന്നത്. ഓരോ സമൂഹങ്ങളിലും വിശ്വാസ പരിശീലനം, പ്രാർത്ഥനാ കൂട്ടായ്മകൾ, ധ്യാനയോഗങ്ങൾ, മലയാളഭാഷാ പഠനങ്ങൾ, സഭാപരമായ ആഘോഷങ്ങൾ, സാമൂഹിക ആഘോഷങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടക്കുന്നു. നമ്മുടെ സഭാ മക്കളുടെ നേതൃപാടവം എടുത്തുപറയത്തക്കതും, ആവേശം ജനിപ്പിക്കുന്നതുമാണെന്ന് പറയാതെ വയ്യ. നമ്മുടെ ആരാധനാ ജീവിതത്തോടുള്ള അസാധാരണമായ അടുപ്പവും, സമർപ്പണവും ആരംഭ പ്രവർത്തനങ്ങളുടെ എല്ലാ വെല്ലുവിളികളെയും ഉയരാനും വളരാനുമുള്ള പുതിയ സാധ്യതകൾ ആയി സഭാ മക്കൾ ഏറ്റെടുത്തിരിക്കുന്നു.

ഓഷ്യാനയിലെ നമ്മുടെ രണ്ടാം തലമുറ വളർന്നു വരുന്നത് സ്വാതന്ത്ര്യത്തിന്റെ വിശാലമായ ഒരു സമൂഹത്തിലാണ് എന്നത് ഒരേ സമയം വെല്ലുവിളിയും സാധ്യതയുമാണ്. നാനാവിധമായ സംസ്കാരങ്ങളും സ്വാതന്ത്ര്യ ദുരുപയോഗ സാധ്യതകളും തിങ്ങി നിറയുന്ന ഒരു പ്രദേശത്ത് യേശുവിലുള്ള കറപുരളാത്ത വിശ്വാസം മലങ്കര കത്തോലിക്കാ സഭയിലൂടെ ജീവിക്കുവാൻ ഈ തലമുറയെ ബലപ്പെടുത്തേണ്ടത് ഏറ്റവും സുപ്രധാനമായ കാര്യമാണ്.

അതിന് ഓരോ സമൂഹവും എണ്ണത്തിൽ വളരേണ്ടതുണ്ട്. ജോലി സാധ്യത ഏറിയും കുറഞ്ഞും മുന്നോട്ടു പോകുന്നെങ്കിലും പ്രതീക്ഷകൾ നൽകുന്ന സാധ്യതകളാണ് ഈ നാട് മുന്നോട്ട് വെയ്ക്കുന്നത്. ഉപരിപഠനങ്ങൾക്കായി ഇവിടുത്തെ ലോകോത്തര നിലവാരത്തിലുള്ള യൂണിവേഴ്സിറ്റികൾ നമ്മുടെ കുട്ടികളെ ആകർഷിക്കുന്നു. ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനവും, പുതിയ വെല്ലുവിളികളെ ഏറ്റെടുക്കുവാനുള്ള ധൈര്യവും, ത്യാഗസന്നദ്ധതയും കൈമുതലായ അനേകർ ഇങ്ങോട്ട് വന്ന് ഈ നാടിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തണം. മലയാളികളിൽ വലിയൊരു വിഭാഗം ജോലി ചെയ്യുന്നത് ആരോഗ്യ മേഖലയിലാണ്. അതു കൂടാതെ സാമൂഹ്യ സേവനം, ഐടി പോലെയുള്ള മേഖലകളിലും തൊഴിലവസരങ്ങളുണ്ട്. (www.seek.com.au, www.indeed.com)മുതലായ വെബ് സൈറ്റുകളിലൂടെ ഇവിടുത്തെ തൊഴിലവസരങ്ങളെക്കുറിച്ചും നിബന്ധനകളെയും, യോഗ്യതളെക്കുറിച്ചുമൊക്കെ മനസ്സിലാക്കാവുന്നതാണ്.)

(30-ാം പേജ് തുടർച്ച)

ഏകദേശം 350 ൽ അധികം കുടുംബങ്ങൾ ഈ പ്രദേശങ്ങ ളിൽ നമുക്ക് മാത്രം ശുശ്രൂഷ ചെയ്യുന്നു. നമ്മുടെ കുട്ടികൾക്കായി മലങ്കര കത്തോലിക്കാ സഭയുടെ മതബോധന ക്ലാസ്സുകൾ നൽകുന്നു. സണ്ടേസ്കൂൾ ആനിവേഴ്സറികൾ നടത്തപ്പെടുന്നു. മിക്ക മിഷൻ സെന്ററുകളിലും പ്രാർത്ഥന കൂട്ടായ്മകൾ സജീവമാണ്. മാസത്തിലൊരിക്കൽ ഓരോ മിഷൻ കേന്ദ്രങ്ങളിലും വൈദി കർ വിശുദ്ധ ബലി അർപ്പിക്കുന്നു. നാട്ടിലെ പോലെ തന്നെ ചില മിഷനുകളിൽ തിരുനാളുകളും, എട്ടു നോമ്പും എല്ലാം വളരെ സജീവമായി നടത്തപ്പെടുന്നു. കഴിഞ്ഞ നാളുകളിൽ ഇവിടുത്തെ മിഷനുകളെ വളരാൻ സഹായിച്ച എല്ലാ വൈദികർക്കും അച്ചന്മാർക്കും ഹൃദയം നിറഞ്ഞ നന്ദി അർപ്പിച്ച് യൂറോപ്പിന്റെ പുതിയ അപ്പസ്തോലിക വിസിറ്റേറ്ററായി ചുമതലയേറ്റ യൂഹാനോൻ മാർ തിയോഡോഷ്യസ് തിരുമേനിക്ക് ഹൃദ്യമായ സ്വാഗതം.











ഞങ്ങളുടെ പ്രിയപ്പെട്ട അപ്പച്ചന്
ജന്മദിനാശംസകൾ

നിഖിൽ, സ്നേഹ,
ആഞ്ചല, നേഹ ബേബി

12 ഒക്ടോബർ



അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ



അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ



# രാജൻ തോമസ് അഞ്ഞാടിയിൽ & കുടുംബം

ഹ്യൂസ്റ്റൺ, യു.എസ്.എ.



അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ





# സുജൻ മാത്യൂസ് & കുടുംബം

ഡാള്ളസ്, യു.എസ്.എ.



അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ





# ഡോ. ജോർജ്ജ് കാക്കനാട്ട് & കുടുംബം

ഹ്യൂസ്റ്റൺ, യു.എസ്.എ.





അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ



അരുൺ, കിരൺ,
ഹന്ന & ഈപ്പൻ മൂത്തേടത്ത്, ഡാള്ളസ്, യു.എസ്.എ.

## ഐക്യദീപം

**AIKYADEEPAM MONTHLY**

**Theological and Catechetical Centre, Sameeksha, Kulakkadu, Tiruvalla - 01**
**Ph: 0469 -2607719, E-mail : aikyadeepamtvla@gmail.com**

### ADVERTISEMENT TARIFF

| | | | |
|---|---|---|---|
| 1. | Back Cover | - | ₹ 30,000.00 - $ 500 |
| 2. | Back Cover Inside | - | ₹ 15,000.00 - $ 250 |
| 3. | Front Cover Inside | - | ₹ 15,000.00 - $ 250 |
| 4. | Fullpage Inside Colour | - | ₹ 10,000.00 - $ 200 |
| 5. | Halfpage Inside Colour | - | ₹ 6,000.00 - $ 100 |
| 6. | Obituary | - | ₹ 700.00 |
| 7. | Thanks giving prayer | - | ₹ 500.00 |
| 8. | Birthday wishes (with Passport size photo) | - | ₹ 500.00 |
| 9. | Wedding anniversary photo | - | ₹ 500.00 |
| 10. | Matrimonial | - | ₹ 700.00 |
| 11. | Thanks giving prayer with photo | - | ₹ 700.00 |






അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ



## MATHEW & SHEELA, PANIKKARUVEETTIL, KUTHIRAVATTATHU FAMILY

ST. MARY'S CHURCH, TORONTO, CANADA





അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ



## ഷാജി കല്ലൂർ & കുടുംബം

ഹ്യൂസ്റ്റൺ, യു.എസ്.എ.





അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ



# സണ്ണി അലക്സാണ്ടർ & കുടുംബം

ഹ്യൂസ്റ്റൺ, യു.എസ്.എ.





അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ



# ജോസ് കൂടത്തിനാമണ്ണിൽ & കുടുംബം

ഹ്യൂസ്റ്റൺ, യു.എസ്.എ.






അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ



# ജേക്കബ് ആശാരിയത്ത് & കുടുംബം

ഹ്യൂസ്റ്റൺ, യു.എസ്.എ.





അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ



# FRANCIS & ALEYAMMA, THAZHAMON FAMILY

ST. MARY'S CHURCH, TORONTO, CANADA



അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ



അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ



# BIJI & ANU, VAZHAYIL FAMILY

ST. MARY'S CHURCH, TORONTO, CANADA



അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ



അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ

# VINCENT & MOTTY VAZHAYIL FAMILY

ST. MARY'S CHURCH, TORONTO, CANADA



അഭിവന്ദ്യ യൂഹാനോൻ മാർ തിയോഡോഷ്യസ് പിതാവിന് പ്രാർത്ഥനാശംസകളോടെ

## മലങ്കര കത്തോലിക്ക സമൂഹം

### വെല്ലിംഗ്ടൺ, പാമേഴ്സ്റ്റൺ നോർത്ത്, ന്യൂസിലാൻഡ്





അഭിവന്ദ്യ യൂഹാനോൻ മാർ തിയോഡോഷ്യസ് പിതാവിന്
പ്രാർത്ഥനാശംസകളോടെ



# പ്രശാന്ത് & കുടുംബം

ന്യൂസിലാൻഡ്



അഭിവന്ദ്യ യൂഹാനോൻ മാർ തിയോഡോഷ്യസ് പിതാവിന്
പ്രാർത്ഥനാശംസകളോടെ



# അനീഷ്, ശീതൾ & എഡ്വിൻ

ന്യൂസിലാൻഡ്






**പുസ്തകം സമീക്ഷയിൽ ലഭിക്കും വില: 100 രൂപ**

Address : Theological & Catechetical Centre, Sameeksha, Kulakkad, Thiruvalla
E-Mail : Aikyadeepamtvla@gmail.com, Phone : 0469 - 2600626

അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ


**ശാന്തിനിലയം**
**തിരുവല്ല**

23–ാമത് ഓർമ്മപ്പെരുന്നാൾ
ഒക്ടോബർ 10





**അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ്**

അഭിവന്ദ്യ യൂഹാനോൻ മാർ തിയോഡോഷ്യസ് പിതാവിന്
പ്രാർത്ഥനാശംസകളോടെ



# സെന്റ് ബേസിൽ മലങ്കര കത്തോലിക്ക മിഷൻ

## ലിവർപൂൾ, യു.കെ.

Best Compliments from

the creation of beauty is art

Lachus Makeup Studio

ALL TYPE FACIAL TREATMENTS, BRIDAL MAKEUP, CAR DECORATION HAIRCUTS, MANICURE & PEDICURE

Near Gramin Bank, Kallissery

9747140911, lachusmakeupsyudio@gmail.com

Best Compliments from

PRAMOD P. MARKOSE
9656078498
8301083698

PM BROTHERS
ST. ANTONY'S
CANDLE INDUSTRIES
Kumbanad


WE UNDERTAKE ALL KINDS OF CANDLE WORKS

PM BROTHERS
FOOD & HOMELY PRODUCTS
manjamandharam@gmail.com




## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേകുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കളമ്പാല**

## പാവന സ്മരണയ്ക്ക്



ജനനം: 22.12.1956

മരണം : 30.10.2015


**പി.വി. ജോസഫ് (തങ്കച്ചൻ)**
**പായിക്കാട്ട്, മല്ലപ്പള്ളി**

സന്തപ്ത കുടുംബാംഗങ്ങൾ




## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേകുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**

# Matrimonial



### Matrimony - M 229

തിരുവല്ല അതിരൂപതയിൽ അംഗമായ യുവതി വയസ്സ് 27, Software Engineer (MCA). ചെന്നൈ MNC യിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Contact : 9747492593

### Matrimony - M 230

തിരുവല്ല അതിരൂപതാംഗമായ യുവതി (155) വയസ്സ് 26 (15-09-1991) Msc Nurse. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact : 9446347277, 8589016932

### Matrimony - M 231

റാന്നി സ്വദേശിനിയായ മലങ്കര കത്തോലിക്ക യുവതി Bsc Nurse, 25 വയസ്സ്, 5.3' ഉയരം, ഇപ്പോൾ ചെന്നൈയിൽ ജോലി നോക്കുന്ന യുവതിയ്ക്ക് അനുയോജ്യമായ വിവാഹ ആലോചനകൾ ക്ഷണിക്കുന്നു. ജനുവരി ആദ്യപാദം വിവാഹം നടത്തുവാൻ ആഗ്രഹിക്കുന്നു. Contact : 9446443024, 04735221024

### Matrimony - M 232

മലങ്കര കത്തോലിക്ക യുവാവ്, 34 വയസ്സ്, 5'.2' ഉയരം, തിരുവല്ല അതിരൂപതാംഗം, വിവാഹ ആലോചനകൾ ക്ഷണിക്കുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കന്മാർ ബന്ധപ്പെടുക Contact: 9947574278

## വിവാഹ ഒരുക്ക സെമിനാർ 2017

**സ്ഥലം: ശാന്തിനിലയം, തിരുവല്ല**
**ഫോൺ: 0469-2603968, 9446270259, 9895556074**

തീയതി : ഒക്ടോബർ : 10,11,12 - 24,25,26
നവംബർ : 7,8,9 - 21,22,23

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.

- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.

- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.

- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

## ഒക്ടോബറിലെ പ്രധാനപ്പെട്ട ദിവസങ്ങൾ

1. ഒക്ടോബർ 01 - മലങ്കര സുറിയാനി കത്തോലിക്കാ യുവജനദിനം
2. ഒക്ടോബർ 07 - ജപമാലത്തിരുനാൾ
3. ഒക്ടോബർ 22 - മിഷൻ ഞായർ
4. ഒക്ടോബർ 28 - ബത്തേരി ഭദ്രാസന സ്ഥാപനദിനം

## ഐക്യദീപം ഉപന്യാസം, ചെറുകഥ, കവിത മത്സരവിജയികൾ

**ചെറുകഥ**

ഒന്നാം സമ്മാനം
ക്രിസ് ചെറിയാൻ ജോജി
വാളക്കുഴി
മല്ലപ്പള്ളി

**ഉപന്യാസം**

ഒന്നാം സമ്മാനം
ജോയി കല്ലുങ്കൽ

രണ്ടാം സമ്മാനം
1. അജീനാ വർഗീസ്
പടിഞ്ഞാറേക്കുറ്റ്
ചെങ്ങരൂർ
2. എൽസബത്ത് തോമസ്
പുളിക്കൽ
വെണ്ണിക്കുളം

**കവിത**

ഒന്നാം സമ്മാനം
ജോസ്ന മേരി മാത്യു,
കല്ലുങ്കൽ

രണ്ടാം സമ്മാനം
ജോയി കല്ലുങ്കൽ


മൂന്നാം സമ്മാനം
ലിബിൻ വർഗീസ്
മുണ്ടയ്ക്കാനിക്കൽ
അണക്കര



അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ





# SIMON & LIBY MATHEW

**St. Peter's Malankara Catholic Church, NY, USA**





അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ



# THOMAS JOHN & FAMILY


**Carmel, New york**





അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ



# GEORGE KURIAN & FAMILY

**New York**



അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ





# ANTONY THOMAS & FAMILY

40 Travis road, Baldwin Place





അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ






# CHAKKALAPADICKAL FAMILY

USA

## ഉപകാരസ്മരണ



### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

# VARGHESE

**USA**

## ഉപകാരസ്മരണ



# VARGHESE

**USA**

*Best Compliments from*



# SYRO MALANKARA CATHOLIC MISSIONS REGION OF UNITED KINGDOM

- Sacred Heart Malankara Catholic Mission, Nottingham
- St. Mary's Malankara Catholic Mission, Liverpool
- St. Joseph's Malankara Catholic Mission, East London
- St. Peter Malankara Catholic Mission, Sheffield
- St. Paul's Malankara Catholic Mission, Croydon
- St. John's Malankara Catholic Mission, Southampton
- St. Thomas Malankara Catholic Mission, Ashford
- St. Andrew's Malankara Catholic Mission, Glasgow
- St. Anthony's Malankara Catholic Mission, West London
- St. George Malankara Catholic Mission, Luton
- St. Jude Malankara Catholic Mission, Coventry
- St. Basil's Malankara Catholic Mission, Liverpool
- St. Therese of Lisieux Malankara Catholic Mission, Gloucester
- St. Alphonsa Malankara Catholic Mission, Bristol

**Fr. THOMAS MADUKAMOOTTIL**
(Coordinator, Syro Malankara Catholic Church, United Kingdom)
**Fr. RENJITH MADATHIRAMPIL** (Chaplain)





അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ





# SAJI ELAVINAL & FAMILY


**St. Mary's Church, Toronto, Canada**



അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ





# CHAMATHACKAL FAMILY

**Thomas Varghese, Mariamma Varghese, John Thomas, Jincy Thomas, Nisha Mary Thomas and Christopher Varghese Thomas, ST. MARY'S CHURCH,TORONTO, CANADA**





അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്
യാത്രാമംഗളങ്ങൾ




# ജോർജ്ജ് കിളിച്ചിമല & കുടുംബം

**ഹ്യൂസ്റ്റൺ, യു.എസ്.എ.**

---

അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്
പ്രാർത്ഥനാശംസകൾ




# സെന്റ് പോൾസ് ചർച്ച്

**കട്ടപ്പന**

---

**ഉപകാരസ്മരണ**

## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേകുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കല്ലിശ്ശേരി**

---



**ഒരു വിശ്വാസി**



പാറശാല രൂപതയുടെ പ്രഥമ മെത്രാൻ
അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് പിതാവിന്
ഐക്യദീപം കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

Date of Publication : 18.10.2017
Price ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph: 0469-2600626, Fax : 0469-2600822

**R.N.I 35982/80**
**October 2017**



**മലങ്കര കത്തോലിക്കാ സഭ കൂരിയ മെത്രാനും**
**യൂറോപ്പ്, ഓഷ്യാനിയ അപ്പോസ്തോലിക് വിസിറ്റേറ്ററുമായ**
**അഭിവന്ദ്യ യൂഹാനോൻ മാർ തിയോഡോഷ്യസ് പിതാവിന്**

**പ്രാർത്ഥനാശംസകൾ**

Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam. Kerala, Chief Editor : Rev. Dr. Abraham Irimbinikal